# കർമസംസ്കരണത്തെക്കുറിച്ചുള്ള ഉൽക്കൃഷ്ട ഉപദേശങ്ങൾ




ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലായുടെ
ജുമുഅ ഖുത്ബ്ബകളുടെ വെളിച്ചത്തിൽ

പ്രസാധനം
നള്വാറത്ത് നശ്റോ ഇശാഅത്ത് ഖാദിയാൻ

# കർമസംസ്കരണത്തെക്കുറിച്ചുള്ള ഉൽക്കൃഷ്ട ഉപദേശങ്ങൾ

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ്
അൽ ഖാമിസ് അയ്യദഹുല്ലായുടെ
ജുമുഅ ഖുത്ബകളുടെ വെളിച്ചത്തിൽ

പ്രസാധകർ
നളാറത് നശ്ർ വ ഇശാഅത്ത്
സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ - ഖാദിയാൻ

**Karmasamskaranatheykkurichulla**

**Ulkrshta Upadheshangal** (Malayalam)

Orginal : Islahe A'mal ke muthalliq Zarreen Nasaih (Urdu)

By **Hadhrat Mirza Masroor Ahmad**[atba]**, Khalifatul Masih V**

Malayalam Translation : H.Shamsuddin Kavassery &

T.K.Mahmood Kalkulam

First Edition : 2016

Copies : 1000

Printed at : Fazl e Umar Printing Press Qadian

Published By : Nazarat Nashr-o-Isha'at Qadian 143516

ISBN : 978-9383882-84-7

www.alislam.org

www.ahmadiyyamuslimjamaat.in

# ആമുഖം

സയ്യിദുനാ ഹദ്റത്ത് അഖ്ദസ് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് 2013 നവംബർ 29 മുതൽ 2014 ഫെബ്രുവരി 07 വരെ ചെയ്ത 11 ജുമുഅ ഖുത്ബകളിൽ, 9 ഖുത്ബകൾ കർമ സംസ്കരണത്തിന്റെ ആവശ്യകതയും പ്രാധാന്യവും എന്ന വിഷയത്തെ അധികരിച്ചുള്ളതാണ്. ഇവയിൽ ഹുദൂർ ജമാഅത്തംഗങ്ങളോടൊപ്പം പ്രത്യേകിച്ചും മുറബ്ബിമാരേയും മുഅല്ലിമുമാരേയും ജമാഅത്തിന്റെ ഭാരവാഹികളേയും അവരുടെ നിർബന്ധ കടമയിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുകയാണ്.

മൻസ്വൂബ ബന്ദി കമ്മിറ്റിയാണ് ഈ ഖുത്ബകളുടെ സംഗ്രഹം തയ്യാറാക്കിയിരിക്കുന്നത്. എല്ലാ മുറബ്ബിമാരും ഭാരവാഹികളും ഈ ഖുത്ബകൾ വായിക്കുകയും ജമാഅത്തംഗങ്ങളെ കേൾപ്പിക്കാനും വായിപ്പിക്കാനുമുള്ള ഏർപാടുകൾ ചെയ്യുകയും ചെയ്യുക. ഈ ഖുത്ബകൾ ഇന്റർനെറ്റു മുഖേന ഡൗൺലോഡ് ചെയ്തും കേൾക്കാവുന്നതാണ്. ഇതിന്റെ സി.ഡി.നശ്ർ വ ഇശാഅത്ത് ഓഫീസിൽനിന്ന് വരുത്തിയും ജമാഅത്തംഗങ്ങളെ കേൾപിക്കാനുള്ള സംവിധാനം ചെയ്യുക.

ഈ തർജമ പ്രസിദ്ധീകരിക്കുന്നതിന് സഹായം ചെയ്തു തന്ന എല്ലാവർക്കും അല്ലാഹു തക്കതായ പ്രതിഫലം നല്കുമാറാകട്ടെ.

അല്ലാഹു നമുക്കെല്ലാവർക്കും ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിന്റെ നിർദേശങ്ങളനുസരിച്ച് പ്രവർത്തിക്കാനും പ്രവർത്തിപ്പിക്കാനും അങ്ങനെ ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടാനും തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ

ഖാദിയാൻ
20.12.2015

ഹാഫിസ് മഖ്ദൂം ശരീഫ്
നാളിർ നശ്ർ വ ഇശാഅത്ത് ഖാദിയാൻ

# ഇബാദത്തിന്റെ അന്തസ്സാരം

*ഖുത്ബ സംഗ്രഹം 2013 നവംബർ 29*

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ് وَمَا خَلَقْتُ الْجِنَّ وَالْإِنْسَ إِلَّا لِيَعْبُدُوْنِ (51:57) എന്ന ഖുർആനികവചനം ഓതി. തുടർന്ന് മനുഷ്യജീവിതത്തിന്റെ ലക്ഷ്യത്തിലേക്ക് വെളിച്ചം വീശിക്കൊണ്ട് പറഞ്ഞു:

ഒരു വ്യക്തി എല്ലാ കാര്യങ്ങളിലും അല്ലാഹുവിന്റെ തൃപ്തിയെ പരിഗണിക്കുകയും സ്വന്തം ലാഭത്തെ അവഗണിക്കുകയും ചെയ്യുമ്പോഴാണ് യഥാർഥ ആരാധകനെന്ന് പറയപ്പെടുക. ഈ വിഷയത്തെ സംബന്ധിച്ച് ഞാൻ പലപ്പോഴും പരാമർശിച്ചു കൊണ്ടിരിക്കാറുണ്ട്. ഇന്ന് ഈ വിഷയത്തെ ഞാൻ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ന്റെ ഖുത്ബയെ പ്രയോജനപ്പെടുത്തിക്കൊണ്ട് നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നതാണ്. സംഭവങ്ങളോടൊപ്പം വിഷയങ്ങളെ വിശദീകരിക്കുക എന്നത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ന്റെ ശൈലിയായിരുന്നു. തൽഫലമായി ചില ഭാഗങ്ങളെ സംബന്ധിച്ചുള്ള പ്രായോഗിക രൂപം നമുക്ക് ലഭിക്കുന്നു.

وَمَا خَلَقْتُ الْجِنَّ وَالْإِنْسَ إِلَّا لِيَعْبُدُوْنِ (51:57) ജിന്നിനേയും മനുഷ്യനേയും എന്നെ ആരാധിക്കുവാനായിട്ടാണ് അല്ലെങ്കിൽ എന്റെ ദാസരാകുന്നതിന് വേണ്ടിയിട്ടാണ് ഞാൻ സൃഷ്ടിച്ചിട്ടുള്ളത്. ഈ വിഷയത്തെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'മനുഷ്യനെ സൃഷ്ടിച്ചത് ഈ മഹത്തായ ഉദ്ദേശ്യത്തിനു വേണ്ടിയാണ്. എന്നാൽ, മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം പൂർത്തിയായോ?എന്നും ഏതൊരു ഉദ്ദേശ്യത്തെ മുൻനിറുത്തിയാണോ ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ആ ഉദ്ദേശ്യം ദൈവം മനുഷ്യരിൽ

നിന്നും കരസ്ഥമാക്കിയോ എന്നുമാണ് വലിയ വലിയ തത്ത്വ ചിന്തകരും, വിദ്യാസമ്പന്നരും ചോദിക്കുന്നത്. മനുഷ്യൻ വാസ്തവത്തിൽ ഈ ഉദ്ദേശ്യത്തെ പൂർത്തിയാക്കുന്നുണ്ടോ, യഥാർഥത്തിൽ ദൈവദാസനെന്നു വിളിക്കപ്പെടാൻ യോഗ്യമായ പുരോഗതി കൈവരിച്ചുകഴിഞ്ഞിട്ടുണ്ടോ എന്നും അവർ ചോദിക്കുന്നു. പറയുന്നു: അതിനുള്ള മറുപടി ഇല്ല എന്നാണ്. മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്ന ആരെങ്കിലുമുണ്ടെങ്കിൽ എന്തുകൊണ്ട് ആ ഉദ്ദേശ്യത്തിൽ വിജയം ലഭിച്ചില്ല എന്നതിനാലാണ് അവർ ചോദിക്കുന്നത്. അതിനുള്ള മറുപടി ഇതാണ്: ദൈവത്തിൽനിന്നുള്ള പ്രവാചകന്മാർ ഈ ചോദ്യത്തിനുള്ള ഉത്തരം നൽകുന്നതിനായിട്ടാണ് ആഗതരാകുന്നത്. അവർ വന്നുകൊണ്ട് നന്മയുടെ ഒരു അന്തരീക്ഷം സംജാതമാക്കുന്നു. അത് കണ്ടുകൊണ്ട് ഈ ലക്ഷ്യം പൂർത്തിയായി എന്ന് ശത്രുക്കൾക്കുപോലും അംഗീകരിക്കേണ്ടി വരുന്നു. ആ ദിനം സമാഗതമാകുന്നതിനായി ആയിരം ദിനങ്ങൾ പ്രതീക്ഷിച്ചിരിക്കേണ്ടി വന്നാൽപോലും ദുസ്സഹമാകുന്നതല്ല. പ്രവാചകന്മാരുടെ കാലഘട്ടത്തെ അല്ലാഹുവും ലയ്ലത്തുൽ ഖദ്റായിട്ടാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

പറയുന്നു: لَيۡلَةُ الۡقَدۡرِ ۙ خَيۡرٌ مِّنۡ اَلۡفِ شَهۡرٍ(97.4) അതായത് ആ ഒരു രാത്രി ആയിരം മാസങ്ങളേക്കാളും ഉത്തമമാകുന്നു. ഒരു നൂറ്റാണ്ടിലെ മനുഷ്യർ ഈയൊരു രാത്രിക്കുവേണ്ടി ത്യാഗം ചെയ്താൽ പോലും ആ ത്യാഗം പ്രവാചകന്മാർ മുഖേന ലോകത്തിന് കരസ്ഥമാക്കുന്ന അനുഗ്രഹങ്ങളേക്കാൾ തുച്ഛമായിരിക്കും.

പറയുന്നു: ഞാൻ ഏതാനും ഖുത്ബകൾ പ്രവർത്തന സമുദ്ധാരണത്തിന് നൽകിയിരുന്നു. 1936-ലെ കാര്യമാണ്. അന്ന് അദ്ദേഹം ഏതാനും ഖുത്ബകൾ തൽവിഷയമായി നിർവഹിച്ചിരുന്നു. അതിൽ ഹ്ദറത്ത് മസീഹ് മൗഊദ്(അ)ന്റെ അതിമഹത്തായ ആഗമനോദ്ദേശ്യത്തെ സംബന്ധിച്ച്, അത് പൂർത്തിയാകുന്നതിന് വലിയ ത്യാഗങ്ങളുടെ ആവശ്യകതയുണ്ടെന്ന് പറഞ്ഞിരുന്നു. ഇത് ആ കാലഘട്ടത്തിലെ മാത്രം കാര്യമല്ല. ഇത് എപ്പോഴും ആ വശ്യമുള്ളതാണ്. ഇന്നും, ഭാവിയിലും അതിന്റെ ആവശ്യമുണ്ട്, ആവശ്യമുണ്ടായിക്കൊണ്ടിരിക്കുന്നതാണ്.

പറയുന്നു: ആദർശപരമായി ലോകത്ത് നാം സ്ഥിരപ്രതിഷ്ഠ നേടി

ക്കഴിഞ്ഞു. എന്നാൽ, പ്രായോഗിക തലത്തിൽ ഇസ്‌ലാമിന്റെ പ്രതിഷ്ഠ സ്ഥാപിക്കേണ്ടതുണ്ട്. കാരണം അതില്ലാതെ എതിരാളികൾക്കുമേൽ യഥാർത്ഥ പ്രഭാവം ഉണ്ടാകുന്നതല്ല.

തുടർന്ന് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഉദാഹരണം നൽകിക്കൊണ്ട് പറയുന്നു: അതിന് വലിയൊരുദാഹരണം സത്യത്തിന്റേതാണ്. ശത്രുക്കളും അതിനെ അനുഭവിച്ചറിയുന്നു. ഹൃദയത്തിലുള്ള ആത്മാർഥതയും വിശ്വാസവും ശതുക്കൾക്ക് ദൃശ്യമാകുന്നില്ല. എന്നാൽ, സത്യസന്ധത അവർക്ക് കാണാവുന്നതാണ്. സത്യസന്ധത ശക്തമായ പ്രഭാവം ചെലുത്തുന്നു എന്നത് വാസ്തവമാണ്. അക്കാലത്ത് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന് ഇക്കാര്യത്തിൽ ഉൽക്കണ്ഠയുണ്ടായിരുന്നു. ഇക്കാലത്ത് എനിക്കും അഹ്മദികളുടെ സത്യസന്ധതയുടെ പ്രഭാവത്തെക്കുറിച്ചുള്ള പരാമർശമടങ്ങിയ കത്തുകൾ പുറമേയുള്ളവർ അയക്കാറുണ്ട്. അതിൽ അവർ ജമാഅത്തിനെ പ്രശംസിക്കുന്നു. ഏതെങ്കിലും അഹ്മദിയിൽനിന്ന് അവർക്ക് ചതിയും വഞ്ചനയും അനുഭവിക്കേണ്ടി വരുമ്പോൾ അവർ എഴുതും, അഹ്മദിയാണെന്ന് കരുതി വിശ്വസിച്ചു. എന്നാൽ, താങ്കളുടെ ജമാഅത്തിലെ ഇന്ന ഇന്ന വ്യക്തികൾ വഞ്ചന കാണിച്ചു. അത്തരത്തിൽ വഞ്ചന ചെയ്യുന്നവർ പ്രത്യക്ഷത്തിൽ ചോദിക്കുന്നത് കച്ചവടത്തിലുള്ള തങ്ങളുടെ സ്വന്തം നിലപാടാണിത്, ജമാഅത്തിന് അതുമായി എന്ത് ബന്ധം? എന്നാണ്. എന്നാൽ, അവർ അവസാനം ജമാഅത്തിനു കളങ്കം വരുത്തിവെക്കുന്നവരായിത്തീരുന്നു. ജമാഅത്തിന്റെ ദുഷ്പേരിന് കാരണക്കാരുമാകുന്നു.

ഹദ്‌റത്ത് മസീഹ് മൗഊദ് (അ) ന്റെ വാദത്തിനുമുമ്പേയുള്ള ഒരു സംഭവം ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: അവിടെ ഒരു വീടിന്റെ വരാന്തക്ക് മുന്നിലായി ഒരു തിണ്ണ പണിതിരുന്നു. അതിനോട് ചേർന്ന് ഖലീഫ ഥാനിയുടെ കാലത്ത് സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ഓഫീസുകൾ ഉണ്ടായിരുന്നു. ഇപ്പോൾ ഖാദിയാനിൽ ചില വ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്. ഓഫീസുകൾ അവിടെന്ന് മാറി. പറയുന്നു: ആ തിണ്ണയുടെ സ്ഥലം യഥാർഥത്തിൽ ഞങ്ങളുടെ കുടുംബത്തിന്റേതായിരുന്നു. എന്നാൽ, തൊട്ടടുത്ത വീടിന്റെ ഉടമസ്ഥൻ നീണ്ടകാലമായി അതിനെ കൈവശം വെച്ചിരിക്കുകയായിരുന്നു. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ മൂത്ത സഹോദരൻ അത് തിരിച്ച് പിടിക്കുന്നതിനായി കേസ് കൊടുത്തു.

ഇത്തരം കേസുകളിൽ അവകാശം ലഭിക്കുന്നതിന് സത്യവും വ്യാജവുമായ സാക്ഷികളെ സംഘടിപ്പിക്കുന്നു എന്നത് ഭൗതികരുടെ രീതിയാണ്. മസീഹ് മൗഊദ്(അ) ന്റെ മൂത്ത സഹോദരനും അതേ പാതയാണ് പിന്തുടർന്നത്. എന്നാൽ, വീട്ടുടമസ്ഥൻ പറഞ്ഞു, 'ഞങ്ങൾക്ക് തെളിവിന്റെ ആവശ്യമില്ല. ഇദ്ദേഹത്തിന്റെ ഇളയ സഹോദരനെ വിളിച്ച് സാക്ഷ്യം പറയിക്കുക. അദ്ദേഹം പറയുന്നത് ഞങ്ങൾ അംഗീകരിക്കുന്നതാണ്.' (ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ സംബന്ധിച്ചാണ് പറയുന്നത്). അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കോടതിയിൽ വിളിപ്പിച്ചു. അദ്ദേഹത്തോടു ചോദിച്ചു: താങ്കൾ ഇവരെ ഈ വഴിയിലൂടെ വന്നുംപോയും ഇരിക്കുന്നവരായും ദീർഘകാലമായി അവിടെ ഇരിക്കുന്നവരായും കണ്ടിട്ടുണ്ടോ?

അദ്ദേഹം പറഞ്ഞു: അതെ, ഞാൻ കണ്ടിട്ടുണ്ട്. അങ്ങനെ അതു കേട്ട കോടതി എതിരാളികൾക്കനുകൂലമായി വിധി പുറപ്പെടുവിച്ചു. അദ്ദേഹത്തിന്റെ സഹോദരൻ അദ്ദേഹത്തോട് വളരെ ദ്വേഷപ്പെട്ടു. എന്നാൽ, അദ്ദേഹം പറഞ്ഞു: 'യാഥാർത്ഥ്യം അതായിരിക്കെ ഞാനെങ്ങനെ നിഷേധിക്കും?'

അതുപോലെ അദ്ദേഹത്തിന്നെതിരിൽ അദ്ദേഹം തപാലാപ്പീസിനെ വഞ്ചിച്ചു എന്ന പേരിൽ ഒരു കേസുണ്ടായി. ഏതെങ്കിലും പാക്കറ്റിൽ, പാർസലിൽ കത്ത് വെക്കുകയാണെങ്കിൽ അവർ തപാലാപ്പീസിനെ വഞ്ചിച്ചു, പൈസ ലാഭിച്ചു എന്നാണ് കരുതപ്പെടുന്നത്. അതായിരുന്നു നിയമം. അതൊരു ക്രിമിനൽ കേസായിരുന്നു. തടവുശിക്ഷ ലഭിക്കാവുന്ന കേസായിരുന്നു. അദ്ദേഹം ഒരു പ്രസ്മാറ്റർ പ്രസിദ്ധീകരിക്കാനായി പാക്കറ്റിലാക്കി പ്രസ്സിലേക്കയച്ചിരുന്നു. അതിൽ വിജ്ഞാപനത്തേയോ വിഷയത്തേയോ സംബന്ധിച്ചുള്ള നിർദ്ദേശമടങ്ങിയ ഒരു കത്തും വെച്ചിരുന്നു. ഇത് അതിന്റെ ഭാഗമെന്നുതന്നെയാണ് അദ്ദേഹം കരുതിയിരുന്നത്. നഷ്ടം ഉണ്ടാക്കുക എന്നതായിരുന്നില്ല ഉദ്ദേശ്യം. പ്രസ്സിന്റെ ഉടമ ക്യസ്ത്യാനിയാണെന്ന് തോന്നുന്നു. അയാൾ ഇതിന്നെതിരിൽ കേസു കൊടുത്തു. മസീഹ് മൗഊദ്(അ) ന്നെതിരിൽ കേസ് നടത്തി. വക്കീൽ പറഞ്ഞു: കേസ് കൊടുത്തവരുടെ എതിർപ്പ് സ്പഷ്ടമാണ്. സാക്ഷിയിൽ ഒരു യാഥാർഥ്യവുമില്ല. ഞാനത് വെച്ചിട്ടില്ല എന്ന് പറഞ്ഞ് താങ്കൾ അത് നിഷേധിക്കുക. ഒന്നും സംഭവിക്കുന്നതല്ല.' അദ്ദേഹം പറഞ്ഞു: 'അത് സാധ്യമല്ല. ഞാൻ ചെയ്ത കാര്യം എങ്ങ

നെയാണ് നിഷേധിക്കുക?' അങ്ങനെ കോടതിയിൽ കേസ് വന്ന പ്പോൾ 'താങ്കൾ അങ്ങനെയുള്ള കടലാസ് വല്ലതും വെച്ചിരുന്നോ' എന്ന് കോടതി ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചോദിച്ചു. 'അപ്പോൾ അതെ, വെച്ചിരുന്നു. എന്നാൽ, ചതിക്കുവാനല്ല. മറിച്ച് ആ കത്തിനെ വിഷയത്തിന്റെ ഭാഗമാണെന്ന് കരുതിക്കൊണ്ടാണ് അങ്ങനെ ചെയ്തതെന്ന് മറുപടി നല്കി.' ഈ സത്യസന്ധത കോട തിയെ വളരെ സ്വാധീനിച്ചു. ജഡ്ജി പറഞ്ഞു, സാങ്കേതികമായ ഒരു പിഴവിന് സത്യവാന് ശിക്ഷ നൽകാവുന്നതല്ല.' അങ്ങനെ അദ്ദേഹം നിരപരാധിയാണെന്ന് വിധിച്ചു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'പ്രവാചകന്മാർ ഭൂമി യിൽ വന്ന് സത്യവും സത്യസന്ധതയും സ്ഥാപിക്കുന്നു. കാണുന്ന വർ പ്രഭാവിതരാകുന്ന തരത്തിലുള്ള മാതൃകയാണ് അവർ സ്ഥാപി ക്കുന്നത്. നബി(സ)തിരുമേനി ഭൂമിയിൽ വന്ന് പീരങ്കിയോ യന്ത്ര ത്തോക്കോ കണ്ടുപിടിച്ചില്ല. ബാങ്ക് സ്ഥാപിച്ചില്ല, വ്യവസായത്തി നുള്ള യന്ത്രം കണ്ടു പിടിച്ചില്ല. പിന്നെന്താണ് ആ മഹാത്മാവ് ലോകത്തിന് നൽകിയത്? അദ്ദേഹം തന്റെ അനുയായികൾക്ക് എന്തിന്റെ സംരക്ഷണചുമതലയായിരുന്നു നൽകിയത്? അത് സത്യത്തിന്റെ ആത്മാവും ഉന്നത ധാർമിക ഗുണങ്ങളുമായിരുന്നു. അത് ലോകത്തുനിന്നും അപ്രത്യക്ഷമായിരുന്നു. അദ്ദേഹം ആദ്യം അത് സ്വായത്തമാക്കി. പിന്നീട് ആ ഖജനാവ് ലോകത്തിന് നൽകി. ഇവയെ സംരക്ഷിക്കുക എന്നതായിരുന്നു സ്വഹാബാക്കളുടേയും അവരുടെ സന്താനങ്ങളുടേയും ചുമതല.

നബി(സ)തിരുമേനിക്ക് ആദ്യ വെളിപാടിറങ്ങുകയും, മുഴുലോക ത്തിനും അല്ലാഹുവിന്റെ വചനം എത്തിക്കുക എന്ന കല്പന ലഭി ക്കുകയും ചെയ്തപ്പോൾ അല്പം പരിഭ്രമിച്ചു. കാരണം ഈ അതി മഹത്തായ ഉത്തരവാദിത്വത്തെ എങ്ങനെയാണ് പൂർത്തിയാക്കുക എന്ന ചിന്തയുണ്ടായി. ഈ പരിഭ്രമാവസ്ഥയിൽ ആ മഹാത്മാവ് വീട്ടിലെത്തി. ഖദീജ(റ)യുടെ അടുത്തുവന്നു. വികാരാവേശത്താൽ അദ്ദേഹത്തിന് കുളിര് അനുഭവപ്പെട്ടിരുന്നു. വീട്ടിലേക്ക് പ്രവേശിച്ച പ്പോൾ പുതപ്പിക്കുക എന്നദ്ദേഹം പറഞ്ഞു. ഹദ്റത്ത് ഖദീജ(റ) ചോദിച്ചു, താങ്കൾക്കെന്തുപറ്റി, അദ്ദേഹം എല്ലാം സംഭവങ്ങളും കേൾപ്പിച്ചു. ഹദ്റത്ത് ഖദീജ(റ)മറുപടി പറഞ്ഞു, **കല്ലാ വല്ലാഹി ലാ യുഖ്സിയക്കല്ലാഹു അബദാ.** ഒരിക്കലുമില്ല, അല്ലാഹു ഒരിക്ക

ലും താങ്കളെ നിന്ദ്യനാക്കുന്നതല്ല. കാരണം താങ്കളിൽ ഇന്നയിന്ന ഗുണങ്ങളുണ്ട്. ആ ഗുണങ്ങളിൽ ഒന്ന് ലോകത്തുനിന്ന് അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്ന സ്വഭാവഗുണങ്ങൾ സ്വന്തം വ്യക്തിത്വത്തിൽ താങ്കൾ വീണ്ടും ഉണ്ടാക്കുകയും മനുഷ്യകുലത്തിന്റെ അപ്രത്യക്ഷമായ മൂല്യത്തെ വീണ്ടും സ്ഥാപിക്കുകയും ചെയ്തു എന്നതാണ്. അപ്പോൾ താങ്കളെ അല്ലാഹു എങ്ങനെയാണ് നശിപ്പിക്കുക?

ചുരുക്കത്തിൽ പ്രവാചകന്മാരുടെ നിയോഗോദ്ദേശ്യവും വിശ്വാസികളെ ഏൽപ്പിക്കപ്പെട്ട സൂക്ഷിപ്പുമുതലും ഇതാകുന്നു. ഇതിനെ സംരക്ഷിക്കേണ്ടത് അവരുടെ കടമയാകുന്നു.

സ്നേഹംകൊണ്ട് പ്രവാചകന്മാരുടെ വ്യക്തിത്വം വിശ്വാസികൾക്ക് പ്രിയങ്കരമാകുന്നു. എന്നാൽ, യഥാർഥത്തിൽ പ്രവാചകമാതൃകയുടെ ശ്രേഷ്ഠതയ്ക്കുള്ള കാരണം, അത് ലോകത്ത് എത്തിക്കുന്നതിനായി അല്ലാഹു നൽകിയ പ്രകാശമാകുന്നു. അതായത് അവർ കൊണ്ടുവരുന്ന ദൈവിക സന്ദേശമാണ് അവരെ വലുതാക്കുന്നത്. നബിയുടെ അനുയായികൾ അവരെ സംരക്ഷിക്കുന്നതിന് സ്വന്തം ജീവൻ ബലിയർപ്പിക്കുമ്പോൾ, ഈ സന്ദേശം സംരക്ഷിക്കുന്നതിന് സർവ്വത്യാഗങ്ങൾക്കും സന്നദ്ധരാകുകുകയും ചെയ്യുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:'ഹദ്റത്ത് നബി(സ) തിരുമേനിയുടെ രക്ഷയ്ക്കായി സ്വഹാബാക്കൾ ത്യാഗങ്ങൾ സമർപ്പിച്ചു. ആ സംഭവങ്ങൾ വായിക്കുമ്പോൾ രോമാഞ്ചം ഉണ്ടാകുന്നു. അവരുടെ സ്നേഹപ്രകടനം കണ്ടുകൊണ്ട് ഇന്നും ഹൃദയത്തിൽ സ്നേഹത്തിന്റെ അലകൾ രൂപപ്പെടുന്നു.

ഉഹുദ് യുദ്ധത്തിൽ ഒരു സ്വഹാബിമാത്രം നബി(സ)യുടെ മുന്നിൽ ശേഷിക്കുന്ന ഒരവസരമുണ്ടായി. ശത്രുക്കൾ നിരന്തരം ശരങ്ങളും കല്ലുകളും വർഷിക്കുകയായിരുന്നു. ആ സ്വഹാബി തന്റെ കൈ നബി(സ) യുടെ മുഖത്തിനു നേരെ പിടിച്ചു. ആ കൈയിൽ അനേകം അമ്പുകളും കല്ലുകളും പതിച്ചു. ഇക്കാരണത്താൽ അത് എന്നെന്നേക്കുമായി തളർന്നുപോയി.

ആ സ്വഹാബിയോട് ഒരിക്കൽ ഇതെങ്ങനെയാണ് സംഭവിച്ചതെന്നാരോ ചോദിച്ചു. അദ്ദേഹം പറഞ്ഞു: 'ധാരാളം അമ്പുകളും കല്ലുകളും തറക്കുകയും പതിക്കുകയും ചെയ്ത കാരണത്താൽ അത് തളർന്നു പോയതാണ്.' അയാൾ വീണ്ടും ചോദിച്ചു: 'അപ്പോൾ

താങ്കൾ 'ഉഫ്' എന്ന് പോലും പറഞ്ഞില്ലെ?' അതിനദ്ദേഹം വളരെ സുന്ദരമായ മറുപടിയാണ് നൽകിയത്. പറഞ്ഞു: 'ഉഫ് എന്ന് പറയാൻ തോന്നിയിരുന്നു. പക്ഷേ, ആ ശബ്ദം പുറപ്പെടാൻ ഞാൻ അനുവദിച്ചില്ല. കാരണം അഥവാ 'ഉഫ് എന്ന് പറഞ്ഞാൽ കൈ അനങ്ങുകയും ഏതെങ്കിലും അമ്പുവന്ന് നബി (സ)യിൽ തറയ്ക്കുകയും ചെയ്യുമായിരുന്നു.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'നിങ്ങൾ ഈ ത്യാഗത്തെ കുറിച്ച് ചിന്തിക്കുക. ഇന്ന് ആരുടെയെങ്കിലും വിരലിൽ മുറിവ് പറ്റുകയാണെങ്കിൽ എത്രത്തോളമാണ് ബഹളം വെക്കുന്നത്. എന്നാൽ, ആ സ്വഹാബിയുടെ കൈയിൽ അനേകം അമ്പുകൾ തറച്ച കാരണത്താൽ അത് എന്നെന്നേക്കുമായി തളർന്നുപോയി.

പിന്നീട് മറ്റൊരു സ്വഹാബിയുടെ സംഭവം വിവരിക്കുന്നു, ഇതും ഉഹുദിലെ സംഭവമാണ്. ഉഹുദ് യുദ്ധത്തിൽ ചില സ്വഹാബാക്കൾ പിന്മാറാൻ നിർബന്ധിതരായതിനുശേഷം വീണ്ടും ഒത്തുചേർ ന്നപ്പോൾ നബി(സ)തിരുമേനി സ്വഹാബക്കളിൽ ആരെല്ലാമാണ് ശഹീദായത്, ആർക്കെല്ലാമാണ് മുറിവേറ്റത് എന്ന് നോക്കാൻ പറഞ്ഞു. അപ്പോൾ ഏതാനും സ്വഹാബാക്കൾ മൈതാനം നിരീക്ഷിക്കുന്നതിന് പോയി. ഒരു അൻസ്വാരി സ്വഹാബി മൈതാനത്ത് മുറിവേറ്റ് കിടക്കുന്നത് വേറൊരു സ്വഹാബി കണ്ടു. അദ്ദേഹത്തിനടുത്തെത്തിയപ്പോൾ ആ സ്വഹാബിയുടെ കൈയും കാലും മുറിച്ചുമാറ്റപ്പെട്ടതായി കണ്ടു. അത് അദ്ദേഹത്തിന്റെ ജീവിതത്തിലെ അവസാന നിമിഷങ്ങളാണെന്ന് മനസ്സിലായി. അപ്പോൾ മുറിവേറ്റു കിടക്കുന്ന സ്വഹാബിയുടെ അടുക്കൽച്ചെന്ന് ബന്ധുക്കൾക്കും സ്നേഹിതർക്കും എന്ത് സന്ദേശമാണ് നൽകേണ്ടതെന്ന് ചോദിച്ചു. ആ മുറിവേറ്റ സ്വഹാബി പറഞ്ഞു: "എന്റെ സന്ദേശം എത്തിക്കുന്നതിന് ആരെങ്കിലും ഇതിലൂടെ കടന്നു പോകുന്നത് ഞാൻ പ്രതീക്ഷിക്കുകയായിരുന്നു. എന്റെ വീട്ടുകാർക്കും, ഭാര്യാമക്കൾക്കും, ബന്ധുക്കൾക്കും എന്റെ ഈ സന്ദേശം എത്തിക്കുക. മുഹമ്മദ് റസൂലുല്ലാഹ്(സ) ഒരു അമൂല്യ സൂക്ഷിപ്പ് മുതലാകുന്നു. ഞങ്ങൾക്ക് ജീവനുണ്ടായിരുന്നതുവരെ ഞങ്ങളതിനെ കാത്തുസൂക്ഷിച്ചു. ഇപ്പോൾ ഞങ്ങൾ വിട പറയുകയാണ്. അവർ -ബന്ധുക്കൾ ഞങ്ങളെക്കാൾ വലിയ ത്യാഗങ്ങൾ ചെയ്തുകൊണ്ട് ഈ അമൂല്യനിധിയെ കാത്തുസൂക്ഷിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു."

പറയുന്നു: 'ചിന്തിക്കുക! ജീവൻ വേർപ്പെടുന്ന ആ നേരത്ത്, ഭാര്യാമക്കൾക്ക് സന്ദേശം എത്തിക്കുന്നതിന് ഇനി മറ്റൊരു അവസരം ലഭിക്കുന്നതല്ലെന്ന് അവർക്കറിയാം. അത്തരം അവസരത്തിൽ മനുഷ്യന് സ്വത്തുക്കളേയും കൊടുക്കൽ വാങ്ങലിനേയും കുറിച്ചാണ് പറയാൻ തോന്നുക. അവർ സന്തപ്ത കുടുംബാംഗങ്ങളുടെ ക്ഷേമത്തെ കുറിച്ചുള്ള ചിന്തയിലായിരിക്കും. അന്നേരത്തും ആ സ്വഹാബി ചിന്തിച്ചത്, താൻ നബി(സ)തിരുമേനിയുടെ ജീവൻ സംരക്ഷിച്ചുകൊണ്ട് സ്വന്തം ജീവൻ ബലിയർപ്പിക്കുകയാണ്. പ്രിയപ്പെട്ടവർക്ക് സന്ദേശം നൽകിക്കൊണ്ട് പറയുന്നു: 'നിങ്ങളും ഇതിൽ മുന്നേറിക്കൊണ്ടിരിക്കുമെന്നും, നബി(സ)തിരുമേനിയുടെ ജീവനു മുന്നിൽ സ്വന്തം ജീവന് ഒരു വിലയും കല്പ്പിക്കുന്നതല്ലെന്നും ഞാൻ പ്രതീക്ഷിക്കുന്നു.'

ചുരുക്കത്തിൽ നബി(സ)തിരുമേനിക്കുവേണ്ടി ജീവൻ ബലിയർപ്പിച്ചവർ ആ മഹാത്മാവ് കൊണ്ടുവന്ന സന്ദേശപ്രചാരണത്തിന് സർവത്യാഗങ്ങൾക്കും സന്നദ്ധരായിരുന്നു. അവർ എന്തെന്തെല്ലാം ത്യാഗങ്ങളാണ് ചെയ്തിരുന്നത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു: 'സ്വഹാബാക്കൾ ഇതു സംബന്ധമായി ചെയ്തതിനെ ഉദാഹരിച്ചുകൊണ്ട് ഞാൻ നബി(സ)തിരുമേനിയുടെ വഫാത്ത് നേരത്ത് നടന്ന സംഭവം വിവരിക്കുകയാണ്.

ഹദ്റത്ത് അബൂബക്കർ(റ)ന് നബി(സ)തിരുമേനിയോട് എത്രമാത്രം സ്നേഹമുണ്ടായിരുന്നുവെന്ന് നോക്കുക. നബി(സ) വഫാത്തായി എന്ന് മനസ്സിലായപ്പോൾ അനിയന്ത്രിതമായി ഉടൻ തന്നെ നബി(സ)തിരുമേനിയുടെ പരിശുദ്ധ ശരീരത്തെ മുത്തി. കണ്ണുനീരൊഴുകാൻ തുടങ്ങി. എന്നാൽ, മറുഭാഗത്ത് ആ പുണ്യാത്മാവ് കൊണ്ടുവന്ന അദ്ധ്യാപനത്തോടും അമിതമായ സ്നേഹമുണ്ടായിരുന്നു. ഹദ്റത്ത് ഉമറിനെപ്പോലുള്ള ധീരവ്യക്തി വാളുയർത്തിപിടിച്ച്, ആരാണോ നബി(സ)തിരുമേനി മരിച്ചുവെന്ന് പറയുന്നത് അവരെ കൊല്ലുമെന്ന് പറയുന്നു. ധാരാളം സ്വഹാബാക്കൾ അദ്ദേഹത്തെ അനുകൂലിക്കുന്നു. ആ ഘട്ടത്തിലും ഹദ്റത്ത് അബൂബക്കർ(റ) ധൈര്യം അവലംബിച്ചുകൊണ്ട് പറയുന്നു, 'നബി(സ) മരിച്ചിട്ടില്ലെന്ന് പറയുന്നവർ അദ്ദേഹത്തെ ദൈവമായിട്ടാണ് സങ്കൽപ്പിക്കുന്നത്. ഞാനവരോട് പറയുന്നു, നബി(സ)തിരുമേനി മരിച്ചിരിക്കുന്നു. എന്നാൽ, ഏതൊരു ദൈവത്തെ ആരാധിപ്പിക്കുന്നതി

നായിട്ടാണോ ആ മഹാത്മാവ് അവതരിച്ചത് അവൻ ജീവനുള്ളവനാണ്.' ഇതായിരുന്നു നബി(സ) തിരുമേനി സ്വഹാബാക്കളിൽ വരുത്തിത്തീർത്ത സത്യത്തിന്റെ പ്രഭാവം. ഊരിപ്പിടിച്ച വാളുമായി നിന്ന സ്വഹാബി ഇത് ശ്രവിച്ച മാത്രയിൽ തല കുനിച്ചുകൊണ്ട് 'അത് ശരിയാണ്, നബി(സ)തിരുമേനി സത്യത്തിൽ മരിച്ചിരിക്കുന്നു' എന്ന് അംഗീകരിച്ചു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഹദ്റത്ത് അബൂബക്കർ(റ)ന് നബി(സ)യോടുണ്ടായിരുന്ന നിസ്തുലമായ സ്നേഹം താഴെ കൊടുക്കുന്ന സംഭവത്തിൽനിന്ന് പ്രകടമാകുന്നതാണ്. സിറിയയിലെ ചില ശത്രുക്കൾക്ക് അവരുടെ ഉപദ്രവത്തിന് ശിക്ഷ നൽകുന്നതിന് നബി(സ)തിരുമേനി തന്റെ വഫാത്തിന് മുമ്പേ ഒരു സൈന്യം തയ്യാറാക്കിയിരുന്നു. ആ സൈന്യം പുറപ്പെടുന്നതിന് മുമ്പേ നബി(സ)തിരുമേനി വഫാത്തായി. വഫാത്തിനുശേഷം ഹദ്റത്ത് അബൂബക്കർ(റ) ഖലീഫയായി. അധികം സ്വഹാബാക്കളും 'നബി(സ)തിരുമേനി തയ്യാറാക്കിയ സൈന്യത്തെ ഇപ്പോൾ അയക്കരുതെന്നും അറേബ്യയുടെ നാനാഭാഗത്തുനിന്നും അക്രമങ്ങളുടെ വാർത്തകളാണ് വന്നു കൊണ്ടിരിക്കുന്നതെന്നും അദ്ദേഹത്തോട് പറഞ്ഞു.'മക്കയിലും മദീനയിലും കൂടാതെ മറ്റൊരു ഗ്രാമത്തിലും മാത്രമായിരുന്നു ജമാഅത്തായ നമസ്കാരം നടന്നിരുന്നത്. നമസ്കാരം തന്നെ ജനങ്ങൾ ഉപേക്ഷിച്ചിരുന്നു. തങ്ങൾ സക്കാത്ത് നൽകുന്നതല്ലെന്ന് ജനങ്ങൾ പ്രഖ്യാപിക്കാൻ തുടങ്ങി. സ്വഹാബാക്കൾ ഹദ്റത്ത് ഉമറിനെ ഹദ്റത്ത് അബൂബക്കറിന്റെ അടുക്കൽ അയച്ചുകൊണ്ട് ഈ സൈന്യത്തെ തടയാൻ ആവശ്യപ്പെട്ടു. കാരണം വൃദ്ധരും കുട്ടികളും മാത്രം മദീനയിൽ ശേഷിച്ചാൽ അവർ എങ്ങനെയാണ് അക്രമികളെ നേരിടുക? എന്നാൽ, ഹദ്റത്ത് അബൂബക്കർ(റ) അവർക്ക് ഇങ്ങനെ മറുപടി നൽകി:'മുഹമ്മദ്(സ)അയച്ച സൈന്യത്തെ തടയാൻ അബൂകഹാഫയുടെ മകന് എന്ത് യോഗ്യതയാണുള്ളത്. അല്ലാഹുവാണ!അക്രമികൾ മദീനയിൽ പ്രവേശിക്കുകയും നമ്മുടെ സ്ത്രീകളുടെ ശരീരത്തെ പട്ടികൾ വലിച്ചുകൊണ്ട് നടക്കുകയും ചെയ്താലും ആ സൈന്യം നിശ്ചയമായും പുറപ്പെടുന്നതാണ്.'

ഇതിൽ നിന്ന് ഹദ്റത്ത് അബൂബക്കർ(റ)ന് നബി(സ)തിരുമേനിയോടുള്ള അനുരക്തി മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

അദ്ദേഹം സിദ്ദീഖിയ്യത്തിന്റെ പദവിയിലായിരുന്നതിനാൽ നബി (സ)തിരുമേനി കൊണ്ടുവന്ന അദ്ധ്യാപനങ്ങളുടെ ശ്രേഷ്ഠത ഇതിനേക്കാൾ ഔന്നിത്യത്തിലാണെന്ന് മനസ്സിലാക്കിയിരുന്നു.

ചുരുക്കത്തിൽ ഇക്കൂട്ടർ അല്ലാഹു അയച്ച അധ്യാപനങ്ങളെ സ്വീകരിക്കുകയും അതിനെ നിലനിറുത്തുകയും ചെയ്തു. അതിൽ അല്പംപോലും മാറ്റം വരുത്തിയില്ലെന്ന് ശത്രുക്കൾപോലും അംഗീകരിക്കുകയും ചെയ്തു. ക്രിസ്ത്യാനികളും, ഹിന്ദുക്കളും, ജൂദന്മാരും തുടങ്ങിയ എല്ലാ എതിർ സമുദായങ്ങളും വിശുദ്ധ ഖുർആന്റെ ഒരു പുള്ളിപോലും മാറ്റപ്പെട്ടിട്ടില്ലെന്ന് അംഗീകരിക്കുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തുടർന്ന് പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ കാലഘട്ടത്തിൽ അത്തരത്തിലൊരു ജമാഅത്ത് സ്ഥാപിതമായിരുന്നു. എന്നാൽ, ഭാവി തലമുറയിലും ഈ വികാരം ഉണ്ടോ എന്നതാണ് ചോദ്യം. ഒരു ഉത്തമ വസ്തു തനിക്ക് ലഭിക്കുകയും എന്നാൽ, തന്റെ സന്താനങ്ങൾ അതിൽനിന്ന് പിന്തള്ളപ്പെടുകയും ചെയ്യുക എന്നത് ബുദ്ധിമാൻ ഇഷ്ടപ്പെടുമോ? അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ സ്ഥാനത്തേയും മഹിമയേയും കുറിച്ച് അറിവുള്ള വ്യക്തി തന്റെ പിൻതലമുറക്ക് അത് ലഭിക്കണ്ടെന്നും, പക്ഷേ, തന്റെ സ്ഥലും, ഭവനങ്ങളും അവർക്ക് ലഭിക്കണമെന്നും ആഗ്രഹിക്കുമോ?'

അദ്ദേഹം പറയുന്നു: 'അല്ലാഹു ദീനിനെ അനുഗ്രഹമായിട്ടാണ് വിശേഷിപ്പിച്ചിരിക്കുന്നത്. എന്നാൽ, ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നൽകുമെന്ന് പ്രഖ്യാപിക്കുന്ന ജമാഅത്തിൽ ഒന്നാമതായി തന്റെ മക്കളെ ദീനിൽനിന്ന് പിന്തള്ളുന്നവരും, പിന്നീട് അവർ അക്രമികളാകുമ്പോൾ അവരെ സഹായിക്കുന്നവരുമുണ്ട്. ചിലപ്പോൾ അവർ ചെയ്യുന്ന ചില അപരാധങ്ങളിൽ അഹ്മദിയ്യത്തും വിശ്വാസവും അനുകൂലിക്കുന്നില്ലെന്നു മാത്രമല്ല, മാന്യതയും മനുഷ്യത്വവും അതിൽ വിറകൊള്ളുന്നു. എന്നാൽ, അത്തരത്തിലുള്ള ഈ അപരാധികളുടെ മാതാപിതാക്കൾ, സഹോദരന്മാർ, ബന്ധുക്കൾ, സുഹൃത്തുക്കൾ എന്നിവർ അവരെ സഹായിക്കുന്നു. ഇങ്ങനെ ചെയ്യുന്നതായാൽ വിശ്വാസം എങ്ങനെയാണ് ശേഷിക്കുക എന്നുപോലും ചിന്തിക്കുന്നില്ല. അങ്ങനെയുള്ളവരുടെ ദീൻ ആകാശത്തേക്കുയർന്ന് പോകുന്നു.'

അദ്ദേഹം പറയുന്നു: 'മുഹമ്മദ് റസൂലുല്ലാഹ് (സ) യെ നോക്കുക.

ഒരിക്കൽ ചില സ്വഹാബാക്കൾ ഒരു അപരാധിയെ സംബന്ധിച്ച് നബി(സ)തിരുമേനിയുടെ പക്കൽ ശിപാർശ ചെയ്തു. നബി (സ) പറഞ്ഞു, 'അല്ലാഹുവാണ! എന്റെ മകൾ ഫാത്തിമ മോഷ്ടിക്കുകയാണെങ്കിൽ അവളും ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതല്ല.'

ചുരുക്കത്തിൽ ഭയഭക്തിയും വിശുദ്ധിയും വളരെ സുപ്രധാന അനുഗ്രഹമാണ്. അത് കരസ്ഥമാക്കുന്നതിന് എന്ത് ത്യാഗം സഹിക്കേണ്ടിവന്നാലും ശങ്കിക്കരുത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നിന്ന് നമുക്ക് ലഭിച്ച സമ്പത്ത് ഉന്നതമായ ധാർമികഗുണങ്ങളാകുന്നു. നമ്മുടെ സന്താനങ്ങളെ അതിനവകാശികളാക്കി മാറ്റുക എന്നതാണ് നമ്മുടെ ധർമം. അശ്രദ്ധകൊണ്ട് അതിൽ എന്തെങ്കിലും അലസത ഉണ്ടാകുകയാണെങ്കിൽ وَلَا تَعَاوَنُوا عَلَى الْإِثْمِ (5.3) പാപങ്ങളിൽ അന്യോന്യം സഹായിക്കാതെ ക്ഷണത്തിൽ അതിൽ നിന്ന് അകലുക എന്നതാണ് വിശ്വാസികളുടെ കടമ. അപരാധം ചെയ്തവരെ സംബന്ധിച്ച് അല്ലാഹു വിശ്വാസികൾക്ക് ഉദാഹരണം കാണിച്ചുകൊടുത്തിട്ടുണ്ട്. അങ്ങനെ ചെയ്യുക അസാധ്യമാണെന്ന് ആർക്കും പറയാൻ കഴിയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സ്വഹാബിയുടെ ഉദാഹരണം നൽകിക്കൊണ്ട് പറയുന്നു: 'സയ്യിദ് ഹാമിദ് ശാഹ് മർഹൂം വളരെ ആത്മാർഥ അഹ്മദിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തെ തന്റെ 12 ഹവാരിംകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്റെ മുന്നിൽ വെച്ച് തന്റെ ഹവാരീംകളുടെ പേരുകൾ പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പേരും പരാമർശിച്ചിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ സൽപരിണാമം അദ്ദേഹത്തിന്റെ ഉന്നത പദവിയിൽ മുദ്ര ചാർത്തുകയുണ്ടായി. ഒരിക്കൽ ആ വ്യക്തിയുടെ മകന്റെ കൈയാൽ ഒരാൾ വധിക്കപ്പെട്ടു. പൊതുജനങ്ങളുടെ സഹതാപം അദ്ദേഹത്തിന്റെ മകനോടുണ്ടായിരുന്ന സാഹചര്യത്തിലായിരുന്നു ആ വധം നടന്നത്. അതായത് അദ്ദേഹത്തിന്റെ മകന്റെ കൈയാൽ ഒരാൾ കൊല്ലപ്പെട്ടെങ്കിലും സാഹചര്യം കാരണത്താൽ കൊലയാളിയായിരുന്നിട്ടും അദ്ദേഹത്തിന്റെ മകനോടായിരുന്നു ജനങ്ങൾക്ക് സഹതാപമുണ്ടായിരുന്നത്. കാരണം കൊല്ലപ്പെട്ടയാളുടെ ഉപദ്രവം കൊണ്ടാണ് കലഹമുണ്ടായത്. അദ്ദേഹത്തിന്റെ മകൻ അയാളെ അടിക്കുകയും തൽഫലമായി അയാൾ മരിക്കുക

യും ചെയ്തു. ഹദ്റത്ത് മൂസാ(അ) ന്റെ കാലഘട്ടത്തിലും അങ്ങനെ യുള്ള ഒരു സംഭവം ഉണ്ടായിരുന്നു. ബ്രിട്ടീഷുകാരനായ സിയാൽ ക്കോട്ടിലെ ഡെപ്യൂട്ടി കമ്മീഷണർ തന്റെ പ്രഭാവം നിലനിറു ത്തുന്നതിനായി അപരാധം സ്ഥാപിക്കപ്പെട്ടാലും ഇല്ലെങ്കിലും ശിക്ഷിക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹം ചിന്തിച്ചു തന്റെ ഓഫീസിലെ സൂപ്രണ്ടായ മിർ ഹാമിദ് സാഹി ബിന്റെ മകനെ ശിക്ഷിക്കുമ്പോൾ എന്റെ നീതിയെ ജനങ്ങൾ പുക ഴ്ത്തും. അങ്ങനെ ശാഹ് സാഹിബിനെ വിളിച്ചുകൊണ്ട് ചോദിച്ചു, നിങ്ങളുടെ മകൻ യഥാർഥത്തിൽ കൊല നടത്തിയിട്ടുണ്ടോ? അദ്ദേഹം പറഞ്ഞു, 'ഞാനവിടെ ഉണ്ടായിരുന്നില്ല. പക്ഷേ, അവൻ അങ്ങനെ ചെയ്തതായിട്ടാണ് കേട്ടത്.' അയാൾ പറഞ്ഞു, 'നമ്മൾ ആരേയും വക വെക്കുന്നവരല്ലെന്ന് ജനങ്ങൾക്ക് ബോധ്യമാകാൻ, താങ്കൾ അവനെ വിളിച്ച് കുറ്റം സമ്മതിക്കാൻ പറയുക.' അദ്ദേഹം തന്റെ മകനെ വിളിച്ച് 'നീയാണോ അയാളെ കൊന്നത്?' എന്ന് ചോദിച്ചു. അവൻ പറഞ്ഞു: 'അതെ, ഞാനാണ് കൊന്നത്.' അദ്ദേ ഹം തന്റെ മകനോടു പറഞ്ഞു, 'സത്യം ഏറ്റു പറയുക.' സ്വന്തം മകനെ എന്തിനാണ് തൂക്കുമരത്തിൽ കയറ്റുന്നതെന്ന് ജനങ്ങൾ ചോദിച്ചു. പക്ഷേ, അദ്ദേഹം പറഞ്ഞു, 'ഈ ലോകത്തെ ശിക്ഷയേ ക്കാൾ കഠിനമാണ് പരലോക ശിക്ഷ.' വീണ്ടും തന്റെ മകനെ ഉപ ദേശിച്ചുകൊണ്ട് പറഞ്ഞു: 'നീ കുറ്റം സമ്മതിക്കുക.' അവൻ കുറ്റം സമ്മതിച്ചു. പക്ഷേ, അദ്ദേഹത്തിന്റെ മകൻ ക്രിക്കറ്റ് കളിക്കാരനാ യിരുന്നു. കേസ് എടുത്തിരുന്ന മജിസ്ട്രേറ്റും ക്രിക്കറ്റ് കളിക്കുന്ന ആളായിരുന്നു. അദ്ദേഹത്തിന് ക്രിക്കറ്റ് ക്ലബിൽവച്ച് സംഗതിയുടെ യാഥാർഥ്യം മനസ്സിലായി. മജിസ്ട്രേട്ടിന് ഏതെങ്കിലും കാര്യ ത്തിൽ ദൃഢവിശ്വാസം വരികയാണെങ്കിൽ കുറ്റവാളിയോട് ഒന്നും ചോദിക്കേണ്ട ആവശ്യമില്ലെന്ന തരത്തിലുള്ളതായിരുന്നു നിയമം. അദ്ദേഹം സ്വയം പോലീസിന്റെ സാക്ഷികളിൽ വിയോജിപ്പ് പ്രകടി പ്പിച്ചു. ആ യുവാവിന്റെ നിരപരാധിത്വം സ്ഥാപിതമായി. അങ്ങനെ ഒന്നും തന്നെ ചോദി ക്കാതെ അവനെ മോചിതനാക്കി. സത്യസ ന്ധത കാരണം അവൻ ആ ശിക്ഷയിൽ നിന്ന് മുക്തനായി.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'അത്തരത്തിലുള്ള ഒരു കേസ് കഴിഞ്ഞ ദിവസം ചൗദ്ദരി സഫ്റുല്ലാഹ് ഖാൻ സാഹിബിന്റെ സഹോദരന്റെ മേലുമുണ്ടായി. ചൗദ്ദരി സാഹിബ് അന്നേരം വിദേ

ശത്തോ ലണ്ടനിലോ ആയിരുന്നു. അദ്ദേഹം തന്റെ സഹോദര നെഴുതി, 'ഇത് വിശ്വാസത്തിന്റെ പരീക്ഷണഘട്ടമാണ്. അഥവാ നിന്നിൽനിന്ന് തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ നിന്റെ മൂത്ത സഹോദ രൻ എന്ന നിലയിൽ നിന്നെ ഉപദേശിച്ചുകൊണ്ട് പറയുന്നു, ഈ ലോകത്തെ ശിക്ഷയേക്കാൾ കഠിനമാണ് പരലോക ശിക്ഷ. അതി നാൽ ഇത് സഹിച്ചുകൊള്ളുക. സത്യം പറയുക.'

വീണ്ടും അദ്ദേഹം പറയുന്നു: 'സിയാൽക്കോട്ട്വാസിയായ നമ്മു ടെ ഒരു സുഹൃത്തിന് അഹ്മദിയായ ശേഷം കൈക്കൂലി വാങ്ങു ന്നത് അപരാധമാണെന്ന് മനസ്സിലായപ്പോൾ ആരിൽ നിന്നെല്ലാം അദ്ദേഹം കൈക്കൂലി വാങ്ങിയിരുന്നുവോ അവരുടെ വീടുകൾ കയറിയിറങ്ങി ആ കൈക്കൂലി മടക്കിക്കൊടുത്തു. തൽഫലമായി അദ്ദേഹം കടത്തിൽ മുങ്ങി. എന്നാലും അത് അവഗണിച്ചു.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'നമ്മുടെ ജമാഅത്തിൽ എല്ലാതരം പ്രവർത്തനങ്ങൾക്കും മാതൃകകളുണ്ട്. അത് സ്വഹാ ബാക്കളുടെ മാതൃകകളാണെന്ന് പറയാൻ കഴിയുന്നതാണ്. പക്ഷേ, നാം അതിൽ സംതൃപ്തരാകരുത്. മറിച്ച് മുഴുവൻ ജമാഅത്തും അങ്ങനെയായിത്തീരാൻ പരിശ്രമിക്കേണ്ടതാണ്.

അതിനാൽ ഓർമപ്പെടുത്തുമ്പോൾ അത് ശ്രദ്ധിച്ചു കേൾക്കുക യും പിന്നീട് അത് പ്രായോഗിക ജീവിതത്തിന്റെ ഭാഗമാക്കി മാറ്റു കയും ചെയ്യേണ്ടതാണ്. ജമാഅത്തിന്റെ പുരോഗതിയുടെ മാർഗ വും ഇതു തന്നെയാണ്. ഇതുതന്നെയാണ് മനുഷ്യനെ യഥാർഥ ദൈവദാസനാക്കി മാറ്റുന്നതും.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിയോഗിച്ചുകൊണ്ട് തങ്ങളുടെമേൽ വലിയ ഉത്തരവാദിത്വമാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് ജമാഅത്ത് മനസ്സിലാക്കേണ്ടതാണ്. മനുഷ്യനിൽ പർവതസമാനമായ ദൗർബ ല്യങ്ങളുണ്ടെങ്കിലും അത് ഉപേക്ഷിക്കാനുള്ള തീരുമാനം എടുക്കു കയാണെങ്കിൽ അതിനൊരു പ്രയാസവുമില്ല.'

വീണ്ടും പറയുന്നു: 'ഞാനിപ്പോൾ പറയാൻ ആഗ്രഹിക്കുന്നത് ജമാഅത്തംഗങ്ങൾ അവരവരുടെ സന്താനങ്ങളേയും ജമാഅത്തി ലെ മറ്റുയുവാക്കളേയും സമുദ്ധരിക്കുക എന്നാണ്. സ്വന്തം സമു ദ്ധാരണവും നടത്തുക. കളവ്,മോഷണം,ചതി,വഞ്ചന,പരദൂഷണം

തുടങ്ങിയ ദുസ്സ്വഭാവങ്ങൾ ഉപേക്ഷിക്കുക. ഇക്കൂട്ടർ വളരെ നല്ല വരാണെന്ന് മറ്റുള്ളവർക്ക് ബോധ്യപ്പെടണം. ഈ അനുഗ്രഹം വീണ്ടും വരുന്നതിന് 1300 വർഷമെടുത്തു എന്ന് നല്ലവണ്ണം ഓർത്തു കൊള്ളുക.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേനയാണ് നമുക്കത് ലഭിച്ചത്. അഥവാ നാം അതിനെ വില മതിക്കുന്നില്ലെങ്കിൽ, വീണ്ടും 1300 വർഷങ്ങൾക്കപ്പുറത്തേക്ക് വഴുതിപ്പോകുകയാണെങ്കിൽ എല്ലാ തല മുറകളുടേയും ശാപം നമ്മിൽ പതിച്ചുകൊണ്ടിരിക്കുന്നതാണ്. അതിനാൽ സകല നന്മകളും സ്വന്തം സന്താനങ്ങൾക്ക് പകർന്ന് നൽകാൻ ശ്രമിക്കുക. അവർ അത് മുന്നോട്ട് നൽകുകയും തുടർന്ന് വരുന്നവരും അത് വീണ്ടും മുന്നോട്ട് എത്തിക്കുകയും ചെയ്യട്ടെ. അങ്ങനെ ഈ അമാനത്ത് ആയിരക്കണക്കിന് വർഷങ്ങൾ നിലനി ൽക്കുകയും അതിന്റെ പ്രതിഫലം നമുക്ക് ലഭിച്ചുകൊണ്ടിരിക്കു കയും ചെയ്യട്ടെ. കാരണം നബി(സ)തിരുമേനി പറഞ്ഞു, 'ഏതെ ങ്കിലും വ്യക്തിയിലൂടെ ഒരു നന്മ സ്ഥാപിക്കപ്പെടുകയാണെങ്കിൽ അത് ലോകത്ത് നിലനിൽക്കുന്നതുവരെ, എത്രയാളുകൾ അത് സ്വായത്തമാക്കിക്കൊണ്ടിരിക്കുന്നുവോ അതിന്റെയെല്ലാം പ്രതിഫ ലം അയാളുടെ പേരിൽ എഴുതപ്പെടുന്നതാണ്. അതിനാൽ ലഭി ക്കുന്ന പ്രതിഫലവും വലുതായിരിക്കും. അമാനത്തും അതിന്റെ സ്ഥാനത്ത് വളരെ വലുതാണ്. അതിലേക്ക് നാം ശ്രദ്ധിക്കേണ്ട താണ്.

# കർമസംസ്കരണത്തിന്റെ അനിവാര്യത

*ഖുത്ബ സംഗ്രഹം 2013 ഡിസംബർ 6*

ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മളിൽ ഉണ്ടാക്കാൻ ആഗ്രഹിക്കുന്ന കർമപരിവർത്തനത്തിന്റെ അവസ്ഥയെന്താണെന്ന് നോക്കുമ്പോൾ നമ്മൾ അസ്വസ്ഥരാകുന്നു. നമ്മൾ ഓരോരുത്തരും സമൂഹത്തിലെ എല്ലാവിധ തിന്മകളോടും പോരാടിക്കൊണ്ട്, അവയെ പരാജയപ്പെടുത്താൻ ശ്രമിക്കുന്നുണ്ടോ? നമ്മളുമായി ബന്ധപ്പെടുന്നവർ, നമ്മുടെ സമൂഹത്തിലും ചുറ്റുപാടിലും വസിക്കുന്നവർ നമ്മളോരോരുത്തരുടെയും കർമങ്ങൾ കണ്ട് ആകർഷിക്കപ്പെടുന്നുണ്ടോ? അല്ലെങ്കിൽ നമ്മൾ ചുറ്റുപാടിന്റെ സ്വാധീനത്താൽ നമ്മുടെ അധ്യാപനത്തേയും സംസ്ക്കാരത്തേയും വിസ്മരിച്ച് പോകുന്നുണ്ടോ? നമ്മളോരോരുത്തരും തീവ്രപരിശ്രമത്തിലൂടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) നൽകിയ അദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനശുദ്ധീകരണം നടത്തുന്നുണ്ടോ? നമ്മളോട് ആവശ്യപ്പെടുന്നതും, ചോദിക്കപ്പെടുന്നതുമായ സത്യസന്ധതയുടെ ഉന്നതനിലവാരം, അതായത് കളവും കറ്റുകെട്ടും നമ്മുടെ സമീപത്തുപോലും എത്തിപ്പെടാൻ സാധിക്കാത്ത നിലവാരം നമ്മൾ കരസ്ഥമാക്കുന്നുണ്ടോ? ഭൗതികബന്ധം നിലനിറുത്തിക്കൊണ്ടു തന്നെ പരലോകത്തെ സംബന്ധിച്ചുള്ള ചിന്ത നമ്മൾ നിലനിറുത്തുന്നുണ്ടോ? ദുൻയാവിനേക്കാൾ ദിനിനെ മുന്തിക്കുകയെന്ന യഥാർഥ നിലവാരം നമ്മൾ സ്വായത്തമാക്കിയിട്ടുണ്ടോ? എല്ലാവിധ തിന്മകളിൽ നിന്നും ദുഷ്പ്രവർത്തികളിൽനിന്നും പരമാവധി വിട്ടുനിന്നുകൊണ്ട് രക്ഷനേടാൻ പരിശ്രമിക്കുന്നുണ്ടോ? മറ്റുള്ളവരുടെ അവകാശം നിഷേധിക്കുന്ന പ്രവർത്തനത്തിൽനിന്ന് വിട്ടുമാറിക്കൊണ്ട് നമ്മൾ സ്വയം രക്ഷനേടുന്നവരാണോ? അഞ്ചുനേരനമസ്കാരം നമ്മൾ കൃത്യമായി അനുഷ്ഠിക്കുന്നവരാണോ? സദാസമയവും ദുആ ചെയ്തുകൊണ്ട് അല്ലാഹുവിനെ വിനയത്തോടെ സ്മരിക്കുന്നവരാണോ? നമ്മളിൽ തിന്മ സൃഷ്ടിക്കുന്ന സൗഹൃദത്തേ

യും സുഹൃത്തിനേയും നമ്മൾ ഉപേക്ഷിക്കുന്നവരാണോ? മാതാ പിതാക്കളോടുള്ള കടമ നിർവ്വഹിക്കുന്നവരും, അവരെ ആദരിച്ചു കൊണ്ടും നല്ല കാര്യത്തിൽ അനുസരണം പുലർത്തിക്കൊണ്ടും അവരുടെ കാര്യങ്ങൾ പരിഗണിക്കുന്നവരാണോ? നമ്മൾ ഭാര്യമാ രോടും അവരുടെ ബന്ധുക്കളോടും എളിമയോടെ സുകൃതം ചെയ്യു ന്നവരാണോ? നമ്മുടെ അയൽവാസികൾക്ക് ചെറിയ ചെറിയ ഉപ കാരങ്ങൾ നൽകുന്നതിൽ നിന്നുപോലും നമ്മൾ വിട്ടുനിൽക്കാ റുണ്ടോ? നമ്മളോട് അപരാധം ചെയ്തവരുടെ തെറ്റുകൾ നമ്മൾ പൊറുക്കുന്നവരാണോ? നമ്മുടെ ഹൃദയം മറ്റുള്ളവരെക്കുറിച്ചുള്ള എല്ലാവിധ ദുർവിചാരത്തിൽ നിന്നും അസൂയയിൽ നിന്നും പരി ശുദ്ധമാണോ? എല്ലാ ഭർത്താക്കന്മാരും എല്ലാ ഭാര്യമാരും പരസ്പ രമുള്ള അമാനത്തിന്റെ കടമ നിർവ്വഹിക്കുന്നവരാണോ? ബയ്അ ത്തിന്റെ നിബന്ധനകൾ മുന്നിൽ വെച്ചു സ്വന്തം അവസ്ഥയിലേക്ക് ശ്രദ്ധിക്കുന്നവരാണോ? നമ്മുടെ സദസ്സുകൾ, മറ്റുള്ളവരുടെ മേൽ ആരോപണം ഉന്നയിക്കുന്നതിൽനിന്നും പരദൂഷണം പറയുന്നതി ൽനിന്നും സംശുദ്ധമാണോ? നമ്മുടെ അധിക യോഗങ്ങളും അല്ലാ ഹുവിനേയും റസൂൽ(സ)യേയും സ്മരിക്കുന്നതാണോ? ഈ ചോ ദ്യങ്ങളുടെ എല്ലാം ഉത്തരം അല്ലായെന്നാണെങ്കിൽ, നമ്മൾ ഹദ് റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനങ്ങളിൽ നിന്ന് വളരെയ ധികം ദൂരപ്പെട്ടിരിക്കുന്നു. നമ്മുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് നമ്മൾ വ്യാകുലപ്പെടേണ്ടിയിരിക്കുന്നു. ഇനി ഉത്തരം അതെയെ ന്നാണെങ്കിൽ, നമ്മൾ സൗഭാഗ്യവാന്മാരാണ്. കാരണം അങ്ങനെ യുള്ളവർ തങ്ങളുടെ പ്രവർത്തനങ്ങളെ വീക്ഷിച്ചുകൊണ്ട് അതിന്റെ കടമ നിർവ്വഹിക്കുന്നവരാണ്. എന്നാൽ, നിഷ്പക്ഷബുദ്ധിയോടെ നമ്മൾ നോക്കുമ്പോൾ, ചില സാഹചര്യങ്ങളിൽ ലഭിക്കുന്ന മറു പടി, ചുറ്റുപാടിന്റെ സ്വാധീനത്താൽ ഇതിലെ അധികകാര്യങ്ങളെ യും നാം ശ്രദ്ധിക്കുന്നില്ലെന്നാണ്. സമൂഹത്തിലെ തിന്മകൾ വീ ണ്ടും വീണ്ടും നമ്മുടെ ഉള്ളിൽ പ്രവേശിക്കാൻ ശ്രമിക്കുന്നു. മിക്ക അവസരത്തിലും നമ്മൾ പരാജയപ്പെടുന്നു. നമ്മളിൽ 99.99% ആളു കളും വിശ്വാസാടിസ്ഥാനത്തിൽ തങ്ങൾ സുദൃഢരാണെന്നു വാദ മുന്നയിക്കുന്നവരാണ്. ആർക്കുംതന്നെ തങ്ങളെ വിശ്വാസത്തിൽ നിന്ന് പിന്തിരിപ്പിക്കാനോ, മാറ്റാനോ സാധ്യമല്ല. എന്നാൽ, അവർ ഓർക്കേണ്ട കാര്യം പ്രവർത്തന ബലഹീനത, സമൂഹത്തിന്റെ സ്വാ ധീനത്താലുണ്ടാകുന്ന ഒഴുക്കിൽ അകപ്പെട്ടു കൊണ്ട് വിശ്വാസത്തി

ന്റെ അടിവേര് പോലും ഇളക്കിമറിക്കുന്നു എന്നാണ്. ശയ്ത്വാൻ പതുക്കെപ്പതുക്കെ ആണ് ആക്രമിക്കുന്നത്. ആദ്യം ജമാഅത്ത് വ്യവസ്ഥിതിയിൽനിന്ന് അകലാൻ തുടങ്ങുന്നു. പിന്നീട് ഒരടി മുന്നേറി ഖിലാഫത്തിൽനിന്ന് അകൽച്ച കൈവരിക്കുന്നു. അതിനാൽ ഒരു ബലഹീനത മറ്റൊരു ബലഹീനതയുടെ മാർഗം തുറക്കുന്നു എന്ന കാര്യം നമ്മൾ  ഓർക്കേണ്ടതാണ്. അവസാനം എല്ലാം തന്നെ നഷ്ടത്തിലായിപ്പോകുന്നു.

അഹ്മദിയ്യത്തിന്റെ മനോഹാരിത ജമാഅത്ത് വ്യവസ്ഥിതിയുമായും, ഖിലാഫത്ത് വ്യവസ്ഥിതിയുമായും ബന്ധപ്പെട്ടിരിക്കുന്നുവെന്ന് നമുക്കറിയാം. ഇതാണ് നമ്മുടെ വിശ്വാസ സുദൃഢതക്കുള്ള ശക്തി പകരുന്നത്; അതു പോലെ കർമബലം നൽകുന്നതും.

അതിനാൽ, കാലത്തിന്റെ ഖലീഫമാർ ബലഹീനതകളെ തിരിച്ചറിഞ്ഞ്, അത് അകറ്റുന്നതിലേക്ക്  ജമാഅത്തിന്റെ ശ്രദ്ധ  ക്ഷണിച്ച് കൊണ്ടേയിരിക്കുന്നു. ഇത് ഒരഹ്മദിയും തിരിച്ച് വരാൻ സാധിക്കാത്തത്ര വിദൂരപ്പെട്ട് പോകാതിരിക്കുന്നതിനുവേണ്ടിയാണ്. ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് തങ്ങളുടെ പ്രവർത്തന ബലഹീനതയിൽ ശ്രദ്ധിക്കുക. പ്രവർത്തന ബലഹീനതയെ ദുരീകരിക്കുന്നതിനു  ശ്രമിക്കുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ഓർക്കുക.

ഈ കഴിഞ്ഞ എന്റെ വിദൂര പൗരസ്ത്യ നാടുകളിലെ പര്യടനത്തിനിടയിൽ, ഇന്തോനേഷ്യയിലെ ചില അനഹ്മദി സ്കോളേഴ്സുമായി  സംസാരിക്കാനുള്ള അവസരം ലഭിച്ചു. സിംഗപ്പൂരിലെ റിസപ്ഷൻ പരിപാടിയിൽ വന്നവരായിരുന്നു അവർ. ഈ കാര്യം ഞാൻ പര്യടന സംഭവങ്ങൾ വിവരിച്ചപ്പോൾ  പറഞ്ഞിരുന്നതാണ്. അതിലെ അധികമാളുകളും വെളിപ്പെടുത്തിയത്, നമ്മുടെ പണ്ഡിതന്മാർ അഹ്മദിയ്യാ ഇമാമിന്റെ വാക്കുകൾ ശ്രദ്ധിക്കേണ്ടതാണെന്നാണ്. അവരുടെ ഒരു ചോദ്യത്തിന് മറുപടി നൽകിക്കൊണ്ട് പറഞ്ഞു: ഇന്ന് ഭൂമിയിൽ പ്രാദേശികമായോ, ദേശീയതലത്തിലോ മാത്രം പരിമിതപ്പെടാത്ത ഒരൊറ്റ ജമാഅത്ത്, അഹ്മദിയ്യാ ജമാഅത്താണ്. അതായത് ആഗോളതലത്തിൽ ഒരൊറ്റ ജമാഅത്തായി അറിയപ്പെടുന്നത് അഹ്മദിയ്യാ ജമാഅത്താണ്. ഇതിൽ ഒരു ഐക്യമുണ്ട്. ഒരു വ്യവസ്ഥിതിയുടെ കീഴിൽ പ്രവർത്തിക്കുന്നു.  ഇത് ഒരു ഇമാമുമായി ബന്ധപ്പെട്ടിരിക്കുന്നു. ലോകത്തിലെ ഓരോ സമൂഹവും ഓരോ വംശത്തിലെ ആളുകളും ഇതിൽ ഭാഗഭാക്കാണ്. നബികരീം(സ)

ന്റെ വചനത്തിനും പ്രവചനത്തിനുമുള്ള സത്യസാക്ഷ്യത്തിന്റെ വളരെ വലിയ തെളിവാണിത്. അതായത് നബി(സ) തിരുമേനി പറഞ്ഞു: 'മുസ്ലിം ഉമ്മത്തിൽ ഒരു ജമാഅത്ത് ഉണ്ടാകുന്നതാണ്, ഒരു ജമാഅത്ത് സ്വർഗാവകാശിയായിരിക്കുന്നതാണ്.' ഇത് നബി (സ)തിരുമേനിയുടെ സത്യപ്രേമിയുടെ സത്യസാക്ഷ്യത്തിനുള്ള തെളിവും കൂടിയാണ്. ബുദ്ധിമാൻമാരും സ്വാത്ത്വികരും എതിരാളികളും കാര്യങ്ങൾ കേട്ടുകൊണ്ട് നിശബ്ദരാകുകയും ചിന്തിക്കുകയും ചെയ്യുന്നു. എന്നാൽ, ഈ അടയാളം എന്നെന്നും നിലനിറുത്താൻ വേണ്ടി, നമ്മളിലെ ഓരോരുത്തരും തങ്ങളുടെ പ്രവർത്തനത്തിലേക്ക് ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. കാരണം ഈ കാലഘട്ടത്തിൽ ശയ്ത്വാൻ മുമ്പത്തേക്കാളുപരി ശക്തി കൈവരിച്ചിരിക്കുന്നു. ഇന്നു കാണുന്ന കർമരംഗത്തെ അപകടം സമൂഹത്തിന്റെ തിന്മകളുടെ സ്വതന്ത്ര വിളയാട്ടവും അതിന്റെ പ്രചാരണവുമാണ്. ആശ്ചര്യകരമായ വിഷയം, ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റേയും അഭിപ്രായ സ്വാതന്ത്ര്യത്തിന്റേയും പേരിൽ ചില തിന്മകൾക്ക് നിയമസംരക്ഷണം നൽകിവരുന്നു എന്നതാണ്. ഈ കാലഘട്ടത്തിന് മുമ്പേ തിന്മകൾ കുറവായിരുന്നു. അതായത് പ്രാദേശിക തിന്മകൾ പ്രദേശികതലത്തിലും, പട്ടണത്തിലെ തിന്മകൾ പട്ടണത്തിലും, രാജ്യത്തിലെ തിന്മകൾ രാജ്യത്തിലുമായിരുന്നു. അല്ലെങ്കിൽ അടുത്ത അയൽവാസി അതിൽ സ്വാധീനിക്കപ്പെട്ടിരുന്നു. എന്നാൽ, ഇന്ന് മാധ്യമ സംവിധാനങ്ങൾ വർധിച്ചിരിക്കുന്നു. ടി.വി, ഇന്റർനെറ്റ് മറ്റ് മാധ്യമങ്ങൾ വ്യക്തിഗതവും പ്രാദേശികതലത്തിലുള്ളതുമായ തിന്മകളെ ആഗോളതലത്തിലുള്ള തിന്മകളാക്കി മാറ്റിയിരിക്കുന്നു. ഇന്റർനെറ്റ് വഴി ആയിരം മൈലുകൾക്കപ്പുറത്തേക്കു ബന്ധിപ്പിച്ചു കൊണ്ടു ദുഷ്പ്രവൃത്തികളും അശ്ലീലതകളും പ്രചരിപ്പിക്കുന്നു. യുവതികൾക്ക് മോഹനവാഗ്ദാനങ്ങൾ നൽകി (അവരുടെ പ്രവർത്തന ബലഹീനത മറ്റൊരു വശത്താണ്) ദീനിൽ നിന്ന് വിദൂരപ്പെടുത്തിയിരിക്കുന്നു. കഴിഞ്ഞ ദിവസം എന്റെ മുന്നിൽ ഒരു കാര്യം വരികയുണ്ടായി. പാക്കിസ്താനിലും മറ്റു രാജ്യങ്ങളിലും വിവാഹ വാഗ്ദാനം നൽകി പെൺകുട്ടികളെ വേശ്യകളാക്കി മാറ്റുന്നു എന്നതാണ് അവിടെനിന്നുള്ള വാർത്ത. താൽക്കാലികമായി വിവാഹം ചെയ്യുന്നു. പിന്നീട് വേശ്യയാക്കുന്നു. ഈ സംഘം ആഗോള തലത്തിലാണ് പ്രവർത്തനം നടത്തുന്നത്. തീർച്ചയായും ഈ ഭയാന

കമായ അവസ്ഥ വേവലാതിയിലാഴ്ത്തുന്നു. അതുപോലെ യുവാക്കളെ വ്യത്യസ്ത രീതിയിൽ പ്രവർത്തന തലത്തിൽ മാത്രമല്ല, വിശ്വാസതലങ്ങളിൽ നിന്നുപോലും അകറ്റി ക്കളയുന്നു. അല്ലാഹു എല്ലാ അഹ്മദികളേയും ഈ മാലിന്യങ്ങളിൽ നിന്നു സംരക്ഷിക്കുമാറാകട്ടെ. ഈ മാലിന്യങ്ങളിൽനിന്ന് രക്ഷ പ്രാപിക്കുന്നതിന്, അല്ലാഹുവിനോട് സഹായം തേടിക്കൊണ്ടുള്ള ഒരു ജിഹാദാണ് ഓരോ അഹ്മദിക്കും ഇന്നാവശ്യം.

ഭൗതീക വസ്തുക്കളിൽ നിന്നും, സൗകര്യങ്ങളിൽ നിന്നും പ്രയോജനം നേടുക എന്നത്, നിരോധിക്കപ്പെട്ടിട്ടില്ല. എന്നാൽ, ഒരഹ്മദി എപ്പോഴും ഓർക്കേണ്ട കാര്യം, കാലഘട്ടത്തിന്റെ സൗകര്യങ്ങളിൽ നിന്ന് പ്രയോജനം നേടിക്കൊണ്ട് നേർമാർഗത്തിന്റെ പ്രചാരണ സംസ്ഥാപനത്തിലൂടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹായികളായി മാറുക എന്നതാണ്. അതല്ലാതെ അശ്ലീലതയിലും നിരീശ്വരത്തത്തിലും ദുഷ്കർമത്തിലും മുഴുകി സ്വയം ശത്രുക്കൾക്ക് കീഴ്പ്പെടുകയല്ല വേണ്ടത്. അതിനാൽ, ഓരോ അഹ്മദിയും ചിന്തിക്കേണ്ടതും വ്യാകുലപ്പെടേണ്ടതുമായ സന്ദർഭമിതാണ്.

നമ്മളിലെ മുതിർന്നവർക്കും തങ്ങളുടെ മാതൃക സ്ഥാപിക്കേണ്ടിയിരിക്കുന്നു. അങ്ങനെ തുടർന്നുള്ള സന്താന പരമ്പര ലോകത്തിലെ കുഴപ്പങ്ങളിൽനിന്ന് സംരക്ഷിക്കപ്പെടുന്നവരായി മാറുന്നതാണ്. യുവതലമുറയിലും പരിപൂർണ്ണ പരിശ്രമം നടത്തിക്കൊണ്ടും, അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ടും സ്വയം ശത്രുക്കളിൽനിന്ന് രക്ഷ പ്രാപിക്കേണ്ടിയിരിക്കുന്നു.

ഒരു സൂചനയും നല്കാതെയാണ് ഈ ശത്രുക്കൾ ആക്രമണം അഴിച്ചു വിടുന്നത്. ഇവർ വിനോദത്തിന്റേയും നേരമ്പോക്കിന്റെയും പേരിൽ നമ്മുടെ വീടിനുള്ളിൽ കടന്നുവന്ന് നമ്മുടെ ജമാഅത്തിലെ യുവാക്കളേയും, ബലഹീനരായ വിഭാഗത്തേയും തങ്ങളിലേക്ക് ആകർഷിക്കുന്നു. അവരിൽ ന്യൂനത സൃഷ്ടിക്കുന്നതിന് ശ്രമിക്കുന്നു. ഞാൻ പറഞ്ഞതുപോലെ അഹ്മദിയ്യത്തിന്റെ ഖലീഫമാർ സമയാസമയങ്ങളിൽ പ്രവർത്തന പരിവർത്തനത്തിലേക്ക് ശ്രദ്ധ ക്ഷണിച്ച് കൊണ്ടിരിക്കുന്നു. മുൻകടന്ന ഖലീഫമാരും ഇക്കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. അതുപോലെ ഞാനും ഖുത്ബകൾ മുഖേന ഈ ബലഹീനതകൾ ദുരീകരിക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ച് കൊണ്ടിരിക്കുന്നു. ഈ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ

ഉപസംഘടനകളും, ജമാഅത്ത് വ്യവസ്ഥിതിയും പരിപാടികൾ ആസൂത്രണം ചെയ്യുന്നു. അങ്ങനെ നമ്മുടെ എല്ലാ വിഭാഗവും എല്ലാ പ്രായത്തിലുള്ള അഹ്മദികളും ശത്രുക്കളുടെ ഇത്തരത്തിലുള്ള ആക്രമണത്തിൽ നിന്ന് രക്ഷനേടുന്നു.

നമ്മളിൽനിന്ന് ഓരോരുത്തരും തങ്ങളുടെ പ്രവർത്തനങ്ങളിൽ സ്വയം ശ്രദ്ധചെലുത്തി, ദീനിന്റെ എതിരാളികളുടെ ആക്രമണം പരാജയപ്പെടുത്തുന്നതിന് പോരാടുക. ഇതുകൂടാതെ ദീനിന്റെ എതിരാളികളുടെ സംസ്കരണത്തിന് ധ്വജവാഹകരായി നിലനിൽക്കുകയും ചെയ്യുക. പോരാട്ടം മാത്രമല്ല വേണ്ടത്, മറിച്ച് പോരാടിക്കൊണ്ട് അവരുടെ സംസ്കരണവും നടത്തുക. ഈ ലക്ഷ്യത്തെ കരസ്ഥമാക്കുന്നതിന് നമ്മൾ ദൈവവുമായി പ്രത്യേക ബന്ധം നേടിയെടുക്കുക. അങ്ങനെ നമ്മൾ ദീനിന്റെ എതിരാളികളെ പരാജയപ്പെടുത്തുന്നവർ മാത്രമല്ല, മറിച്ച് അവരെ ശുദ്ധീകരിച്ച് കൊണ്ട് വിജയികളാക്കി മാറ്റുകയും ചെയ്യുന്നു. നമ്മുടെ സന്താനങ്ങളിൽ ദുഷിച്ച ന്യൂനതകളുണ്ടാക്കുന്ന കുഴപ്പങ്ങളെ ഇല്ലായ്മ ചെയ്യുന്നവരായി നമ്മൾ മാറുന്നു. നമ്മുടെ വരുംതലമുറയെ സംരക്ഷിക്കുന്നവരായിത്തീരുന്നു. നമ്മളിലെ ബലഹീനതയുടെ സംരക്ഷകരായി നമ്മൾ മാറുന്നു. അങ്ങനെ ഈ പ്രവർത്തന ശുദ്ധിയുടെ ഉണർവ്വ് ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് പടർന്നു പിടിക്കുന്നു. ഈ ശൃംഖല ഖിയാമത്തുന്നാൾവരെ നീളുന്നതാണ്. നമ്മുടെ പ്രവർത്തന ശുദ്ധിയിലൂടെ തബ്ലീഗ് മാർഗങ്ങൾക്ക് വിശാലത കൈവരുന്നു. പുതിയ കണ്ടുപിടിത്തങ്ങൾ തിന്മയെ പ്രചരിപ്പിക്കുന്നതിനു പകരം ഓരോ ദേശത്തും, ഓരോ ഭാഗത്തും അല്ലാഹുവിന്റെ നാമം പ്രചരിപ്പിക്കുന്നതിനു ഹേതുവായിമാറുന്നു.

നമ്മൾ എപ്പോഴും ഓർക്കേണ്ട കാര്യം നമുക്ക് യാഥാർത്ഥ്യങ്ങളിൽനിന്ന് കണ്ണടക്കാൻ സാധ്യമല്ല എന്നതാണ്. പുരോഗതി കൈവരിക്കേണ്ട സമൂഹം, ലോകത്തെ ശുദ്ധീകരിക്കേണ്ട സമൂഹം, ലോകത്ത് വിപ്ലവം സംജാതമാക്കേണ്ട സമൂഹം തങ്ങളുടെ ബലഹീനതയിലും ശ്രദ്ധ ചെലുത്തുന്നതാണ്. കണ്ണടച്ചുകൊണ്ട് എല്ലാം ശരിയാണെന്ന് പറയുന്ന രീതി, നമ്മുടെ പ്രവർത്തനങ്ങളിൽ തടസ്സം സൃഷ്ടിക്കുന്നതാണ്. നമുക്ക് എല്ലാ അവസ്ഥയിലും യാഥാർഥ്യത്തിലേക്ക് ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. ശ്രദ്ധ ചെലുത്തേണ്ടതാണ്. 50% ആളുകളെ ശുദ്ധീകരിച്ചു എന്നതിൽ സന്തോഷം പ്രക

ടിപ്പിക്കുകയല്ല നമുക്ക് വേണ്ടത്, അല്ലെങ്കിൽ 75% ശുദ്ധീകരണം നടന്നു. ലോകത്ത് വിപ്ലവം ഉണ്ടാകണമെങ്കിൽ 100%ത്തിന്റെ ടാർഗറ്റ് മുന്നിൽ വെക്കേണ്ടതാണ്. ഞാൻ ഇതും പറയാൻ അഗ്രഹിക്കുന്നു, പ്രവർത്തന ശുദ്ധീകരണത്തിൽ നാം 100% വിജയികളായി മാറുകയാണെങ്കിൽ നമ്മുടെ കലഹങ്ങളും വഴക്കുകളും കേസുകളും പരസ്പരമുള്ള സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങളും ധനാപഹരണവും ടി.വി യിലും മറ്റു മാധ്യമങ്ങളിലും അനാവശ്യ കാര്യങ്ങൾ കാണുന്നതും, പരസ്പര ബഹുമാനത്തിലുള്ള വീഴ്ചയും, പരസ്പരം ഇകഴ്ത്തിക്കാണിക്കുന്നതിനുള്ള ശ്രമവും ഇങ്ങനെയുള്ള മുഴുവൻ തിന്മകളും അവസാനിക്കുന്നതാണ്. സ്നേഹത്തിന്റേയും, മമതയുടേയും, സാഹോദര്യത്തിന്റേയും അന്തരീക്ഷം സംജാതമാക്കിക്കൊണ്ട് ഈ ലോകത്തുവെച്ചുതന്നെ നമുക്ക് സ്വർഗദർശനം സാധ്യമാകുന്നതാണ്. ഈ തിന്മകൾ പൊതുവെ നമ്മുടെ മുന്നിൽ വന്നുകൊണ്ടിരിക്കുന്നു. ജമാഅത്തുകളിലും ഞാൻ പറഞ്ഞ കാര്യങ്ങൾ ചിലതു സംഭവിക്കുന്നു. നമ്മളിൽ ഉത്തരവാദിത്വബോധം ഉടലെടുക്കുകയാണെങ്കിൽ, ദീനിന്റെ സേവനം അല്ലാഹുവിന്റെ അനുഗ്രഹമായി ഗണിച്ചുകൊണ്ട് പ്രവർത്തിക്കുന്നവരായി നാം മാറുന്നതാണ്.

ഈ കാര്യത്തെക്കുറിച്ച് ചിലർ ഇപ്രകാരം പറയുന്നുണ്ട്: 'ഞങ്ങൾ ദീനിന്റെ സേവനം അല്ലാഹുവിന്റെ അനുഗ്രഹമായി ഗണിച്ചുകൊണ്ട് പ്രവർത്തിക്കുന്നു. എന്നാൽ, 100% ഭാരവാഹികളും ഇത് പരിപൂർണമായും പാലിക്കുന്നില്ല.' എന്റെ മുന്നിൽ വരുന്ന ചില സംഭവങ്ങളിൽനിന്ന് മനസ്സിലാകുന്നത്, ഭാരവാഹികളിൽ ആത്മവിശ്വാസവും, ക്ഷമാശക്തിയുമില്ലെന്നാണ്. ഉച്ചത്തിൽ ആരെങ്കിലും സംസാരിച്ചാൽ, തന്റെ അഹവും, ദുരഭിമാനവും പുറത്ത് വരുന്നു. ചിലർ ദുരഭിമാനത്തിന്റെ പുതപ്പ് ധരിക്കുന്നു. ഈ ജോലി അല്ലാഹുവിന്റെ അനുഗ്രഹമാണെന്ന് ഗണിച്ചു സേവനം ചെയ്യുന്നവർ, ദൈവ തൃപ്തിക്കായി എല്ലാ കാര്യങ്ങളും ക്ഷമിക്കുന്നതാണ്. തന്റെ അഭിമാനത്തേക്കാൾ **അൽഇസ്സത്തുലില്ലാഹ്** (അല്ലാഹുവിനാണ് എല്ലാ അഭിമാനവും) എന്ന പദം അവനിൽ വിനയവും എളിമയും നിറയ്ക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഞാൻ നബി(സ) തിരുമേനിയുടെ അധ്യാപനത്തെ പുനഃസ്ഥാപിക്കുന്നതിന് അവതരിച്ചതാണ്. നബി(സ) ന്റെ ജീവിതം നമ്മുടെ മുന്നിൽ സമർപ്പിച്ച

മാതൃക, അദ്ദേഹത്തിന്റെ അടിമപോലും പറയുന്നത്, എന്നോട് അദ്ദേഹം കാഠിന്യമേറിയ പദങ്ങളിലൂടെ സംസാരിച്ചിട്ടില്ല എന്നാണ്. നബി(സ) യുടെ പ്രഭാവം കാരണത്താൽ ഒരു വ്യക്തിയിൽ വിറയലുണ്ടായപ്പോൾ പറഞ്ഞു: ഭയപ്പെടേണ്ടതില്ല. ഞാൻ അക്രമിയായ രാജാവല്ല. ഉണക്കമാംസം കഴിച്ചുജീവിച്ചിരുന്ന ഒരു സ്ത്രീയുടെ മകനാണ്. ഈ ഒരു പ്രവർത്തനരീതി ഓരോ ഭാരവാഹിയുടേയും കർമജീവിതത്തിൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്. ജമാഅത്തിലെ എല്ലാ ഭാരവാഹികളും തങ്ങളുടെ കർമജീവിതത്തിൽ ഇത് പകർത്തേണ്ടത് അനിവാര്യമാണ്. ഓരോ അഹ്മദിയും തങ്ങളുടെ കർമജീവിതത്തിൽ ഇത് നിലനിറുത്തേണ്ടതും അനിവാര്യമാണ്.

അതിനാൽ എന്തെങ്കിലും സ്ഥാനം ലഭിച്ചാൽ ഞാൻ ദരിദ്രനും അറിയപ്പെടാത്തവനും കഴിവില്ലാത്തവനുമായിരുന്നുവെന്ന മുഹമ്മദീ മസീഹിന്റെ വാക്കുകളെ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. നമ്മുടെ പ്രവർത്തനത്തിൽ നിരാലംബതയും എളിമയും കഴിവില്ലായ്മയും പ്രകടമാകുമ്പോൾ സേവനത്തിന്റെ കടമ നിർവ്വഹിക്കുന്നവരായി നമ്മൾ മാറുന്നു. അങ്ങനെ ദൈവിക സന്നിധിയിൽ പ്രവേശനം ലഭിക്കുമെന്ന പ്രതീക്ഷ വെക്കുന്നവരായിത്തീരുന്നു. ഇതല്ലെങ്കിൽ നമ്മൾ വാദത്തിന്റെ അടിസ്ഥാനത്തിൽ ഒരു പക്ഷേ, ശരിയായിരിക്കും. അതായത് കാലത്തിന്റെ ഇമാമിൽ വിശ്വസിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ ശരിയായിരിക്കും. എന്നാൽ, യഥാർഥത്തിൽ ഈ വാദത്തെ കളിവാക്കുന്നവരായി മാറുന്നതാണ്. അന്യരുടെ ശത്രുത നമുക്ക് നഷ്ടം വരുത്തി വെക്കുന്നതല്ല. എന്നാൽ, നമ്മൾ നമ്മുടെ ആത്മാവിന്റെ ഇരട്ടത്താപ്പ് മൂലം നശിപ്പിക്കപ്പെടുന്നതാണ്. അല്ലാഹുവിന്റെ കോപത്തിന് ഇത് കാരണമാകുന്നതാണ്. പ്രധാനമായും ജമാഅത്തിന്റെ സേവനത്തിന് തിരഞ്ഞെടുക്കപ്പെട്ടവർ, ആത്മപരിശോധന നടത്തേണ്ടത് നിർബന്ധമാണ്. പ്രത്യേകമായും ഓരോ അഹ്മദിയും തങ്ങളെ പരിശോധിച്ചുകൊണ്ടിരിക്കുക. കാരണം ബയ്അത്തിന്റെ കടമ നാവിന്റെ സാക്ഷ്യത്താലോ, വിശ്വാസത്താലോ പൂർത്തിയാകുന്നതല്ല. കർമശക്തി ഏതുവരെ പ്രകാശിതമാകുന്നില്ലയോ, അതുവരെ ഒരു പ്രയോജനവും കരസ്ഥമാകുന്നതല്ല.

# കർമസംസ്കരണത്തിൽ തടസ്സങ്ങളുണ്ടാകുന്നതിന്റെ കാരണങ്ങൾ

*ഖുത്ബ സംഗ്രഹം 2013 ഡിസംബർ 13*

ഹുദൂർ പറഞ്ഞു: ഏതൊരു കാര്യത്തിന്റേയും പരിഷ്കരണം സാധ്യമാകുകയും പരിഷ്കരണത്തിനുള്ള വിവിധങ്ങളായ മാർഗ ങ്ങൾ അവലംബിക്കാൻ കഴിയുകയും ചെയ്യണമെങ്കിൽ അവയുടെ ന്യൂനതകൾ അറിയേണ്ടതുണ്ട്. അങ്ങനെ ആ കാരണങ്ങളെ അവ സാനിപ്പിക്കുന്നതിന് പരിശ്രമിക്കേണ്ടതാണ്. അഥവാ കാരണം നിലനിൽക്കുകയാണെങ്കിൽ, തിന്മകൾ വളരുന്നതാണ്. അത് മട ങ്ങിവരുന്നതാണ്.

ഈ വിഷയത്തെ കുറിച്ച് ഞാൻ ചിന്തിക്കുകയും കൂടുതൽ പഠന ങ്ങൾ നടത്തുകയും ചെയ്തപ്പോൾ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നിർദ്ദേശിച്ചിട്ടുള്ള ചില പരിഹാരമാർഗങ്ങൾ എനിക്ക് ലഭിക്കുക യുണ്ടായി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ലേഖനശൈലി സാധ്യതയുള്ള ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട്, ഉദാഹരണത്തി ലൂടെ അതിന് ഉത്തരങ്ങൾ നൽകുക എന്നതാണ്. വിശുദ്ധ ഖുർ ആനും, ഹദീഥും, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളു ടേയും വെളിച്ചത്തിൽ ഏത് രീതിയിലാണോ അദ്ദേഹം പ്രശ്ന പരിഹാരങ്ങൾ നിർദ്ദേശിക്കുന്നത് ആ രീതി മറ്റെവിടെയും കാണാ ൻ സാധ്യമല്ല.

എന്തായാലും ഇക്കാരണത്താൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ന്റെ ഖുത്ബകളെ പ്രയോജനപ്പെടുത്തിക്കൊണ്ട് അതിന്റെ വെളി ച്ചത്തിൽത്തന്നെ ഇക്കാരണങ്ങളെ നിങ്ങളുടെ മുമ്പിൽ അവതരി പ്പിക്കുന്നതാണ്. കർമങ്ങളുടെ സംസ്കരണത്തിന് തടസ്സമാകുന്ന വിഷയങ്ങളിൽ, അല്ലെങ്കിൽ സ്വാധീനിക്കപ്പെടുന്ന കാര്യങ്ങളിൽ ഏറ്റവും പ്രധാനമായ കാര്യം ഇതാണ്. അതായത് ചില തിന്മകൾ വലുതും ചില തിന്മകൾ ചെറുതുംമെന്നാണ് ആളുകൾ കുരുതു

ന്നത്. ആളുകൾ സ്വയംതന്നെയോ ചില ഉലമാക്കളുടെ വാക്കുകളിൽ ആകൃഷ്ടരായോ ചില പാപങ്ങൾ ചെറുതും ചില പാപങ്ങൾ വലുതുമാണെന്ന് തീരുമാനിച്ചിരിക്കുകയാണ്. ഇതേ കാരണം തന്നെയാണ് കർമപരമായ പരിവർത്തനത്തിന് വിലങ്ങുതടിയാകുന്നത്. ഇക്കാരണത്താൽ മനുഷ്യന് തിന്മകൾ ചെയ്യാനുള്ള ധൈര്യവും ഊർജവും ലഭിക്കുന്നു. തെറ്റുകളുടേയും പാപങ്ങളുടേയും മൂല്യം ഇല്ലാതാകുന്നു. ഇവർ മനസ്സിലാക്കുന്നത് ചെറിയ പാപങ്ങൾ ചെയ്യുന്നത് കൊണ്ട് ഒരു കുഴപ്പവും ഇല്ലെന്നാണ്. അല്ലെങ്കിൽ ശിക്ഷ വളരെ നിസ്സാരമായിരിക്കുമെന്നാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾ ചെയ്യുന്നു: 'ഒരാൾ രോഗിയാവുകയാണെങ്കിൽ അവന്റെ രോഗം ചെറുതാണെങ്കിലും വലുതാണെങ്കിലും ശരി, ആ രോഗത്തിന് വേണ്ട മരുന്ന് കഴിക്കാതിരിക്കുകയും ചികിത്സയ്ക്ക് ബുദ്ധിമുട്ടാതിരിക്കുകയുമാണെങ്കിൽ രോഗം ഒരിക്കലും ഭേദമാവുകയില്ല. ഒരു കറുത്ത പുള്ളി മുഖത്ത് ഉണ്ടാവുകയാണെങ്കിൽ അത് വലിയ ചിന്താ കുഴപ്പങ്ങൾക്ക് കാരണമാകുന്നു. ഇത് വലുതായി മുഴുവൻ മുഖത്തേയും കറുപ്പിച്ചുകളയുമോ എന്ന ചിന്തയുണ്ടാകുന്നു. അതുപോലെതന്നെ പാപങ്ങളുടേയും ഒരു കറുത്ത പുള്ളി ഹൃദയത്തിൽ ഉണ്ടാകുന്നു. 'സ്വഗായിർ' അഥവാ ചെറിയ പാപങ്ങൾ, വലിയ പാപങ്ങളായി മാറുന്നു. 'സഗായിർ' എന്നത് ചെറിയ പാപത്തിന്റെ കറയാകുന്നു. അത് പിന്നീട് വളർന്ന് അവസാനം മുഴുവൻ മുഖത്തേയും കറുപ്പിച്ച് കളയുന്നു. ഈ കാര്യം നമ്മൾ എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. ഒരു തിന്മയേയും മനുഷ്യൻ നിസ്സാരമായിക്കാണരുത്. കാരണം ഈ ചിന്ത ഉണ്ടാകുകയാണെങ്കിൽ, അതായത് ഇത് നിസ്സാരമായ തിന്മയാണെന്ന് കരുതുകയാണെങ്കിൽ ഈ രോഗത്തിന്റെ വിത്ത് ഒരിക്കലും നശിപ്പിക്കപ്പെടുന്നതല്ല. സാഹചര്യങ്ങൾക്ക് അനുസൃതമായിക്കൊണ്ട് ഈ ചെറിയ തെറ്റുകളും, വലിയ പാപങ്ങളായി തീരുന്നതാണ്. അതുകൊണ്ട് ഏല്ലാവരും സ്വയം ആത്മപരിശോധന നടത്തേണ്ടതുണ്ട്. അല്ലാഹു തആലാ ഓരോ ചെറിയ പാപങ്ങൾക്കുപോലും ശിക്ഷ നിർണയിച്ചിട്ടുണ്ട്; അത് പോലെതന്നെ വലിയ പാപങ്ങൾക്കും.

തെറ്റായ കാര്യങ്ങൾക്കുവേണ്ടി പണം ചെലവാക്കുന്നത് നമ്മൾ കാണുന്നുണ്ട്. ഇതും ഒരു തിന്മയാണ്. ഇത് തടയപ്പെട്ടിരിക്കുന്നു. ഇന്നത്തെ കാലഘട്ടത്തിൽ ചൂതുകളി യന്ത്രങ്ങളും വ്യത്യസ്തമാ

യ രീതിയിലുള്ള മറ്റ് ചൂതുകളികളുമുണ്ട്. ലോട്ടറികൾക്ക് അടിമകളായ ചില ആളുകളുണ്ട്. ചിലർ ചൂതുകളി യന്ത്രങ്ങൾക്ക് മുമ്പിൽ ഇരുന്നുകൊണ്ട് ചൂത് കളിക്കുന്നു. എന്നാൽ, പൊതുജീവിതത്തിൽ അവർ കള്ളം പറയുന്നില്ല. സാധാരണക്കാരായ ആളുകളോട് അവർ അതിക്രമം കാണിക്കാറില്ല. കൊല ചെയ്യാറില്ല. എന്തുകൊണ്ടെന്നാൽ, അവർ ഈ പാപങ്ങളെ വലിയ തിന്മകളായി കാണുന്നു. പക്ഷേ, ചൂതുകളിക്കുന്നതും അനാവശ്യമായ കാര്യങ്ങൾക്കുവേണ്ടി പണം ധൂർത്തടിക്കുന്നതും നശിപ്പിക്കുന്നതും ഇവർ തെറ്റായിക്കാണുന്നില്ല. ഇങ്ങനെയുള്ള വ്യക്തികൾക്ക് തെറ്റായ മാർഗത്തിൽ പണം ധൂർത്തടിക്കുന്നതാണ് ഏറ്റവും വലിയ പാപം. കാരണം മറ്റു തിന്മകളെ അവൻ തിന്മകളായിത്തന്നെ കാണുന്നു എന്നതാണ്.

അതുപോലെത്തന്നെ നാം കാണുന്നത് ഒരു സ്ത്രീ തന്റെ വസ്ത്രധാരണത്തെ നാണത്തിന്റെ നിലവാരമുള്ളതാക്കി വയ്ക്കുന്നില്ലാ എന്നതാണ്. പുറത്ത് പോകുമ്പോൾ പർദയുടെ കാര്യത്തിൽ ശ്രദ്ധിക്കുന്നില്ല. അഹ്മദീമുസ്‌ലിമായിരുന്നിട്ടും അഹ്മദി എന്ന് പറയപ്പെട്ടിട്ടുംകൂടി തലയിൽ തട്ടമിടാതെ, സ്കാർഫും, ഷാളുമില്ലാതെ, ശരീരത്തിന്റെ നഗ്നതയെ വെളിപ്പെടുത്തുന്ന രീതിയിലുള്ള വസ്ത്രധാരണം നടത്തുന്നു. എന്നാൽ, സാമ്പത്തിക ത്യാഗത്തെ കുറിച്ച് പറഞ്ഞാലോ, ഏതെങ്കിലും സന്നദ്ധസംഘടനകൾക്കുവേണ്ടി പണം നൽകുന്നതിനോ പറഞ്ഞാൽ തുറന്ന ഹൃദയത്തോടെ നൽകുന്നു. അല്ലെങ്കിൽ കള്ളം പറയുന്നതിനെ അവർ വെറുക്കുന്നു, അവരുടെ മുന്നിൽ ആരെങ്കിലും കള്ളം പറഞ്ഞാൽ അവർക്ക് അത് താങ്ങാൻ പോലും കഴിയില്ല. അങ്ങനെയുള്ളവർക്ക് വലിയ നന്മ എന്നത് ചന്ദയിൽ മുന്നേറുന്നതോ, നുണയെ വെറുക്കുന്നതോ അല്ല. മറിച്ച് വലിയ നന്മ എന്നത് വിശുദ്ധ ഖുർആന്റെ കൽപനക്കനുസൃതമായി വസ്ത്രധാരണരീതി നാണത്തിന്റെ നിലവാരമുള്ളതാക്കിമാറ്റുക എന്ന കല്പന പാലിക്കുന്നതും അതുപോലെ പർദയെ കുറിച്ച് ശ്രദ്ധിക്കുന്നതുമാണ്.

ഏതിനെയാണോ ചെറിയ നന്മയെന്ന് കരുതി അവർ അവഗണിച്ച് കളയുന്നത്, അതുതന്നെ ഒരു സമയത്ത് വലിയ നാശത്തിന് ഹേതുവായിത്തീരുന്നതാണ്. ചുരുക്കത്തിൽ ഓരോ നന്മയുടേയും തിന്മയുടേയും നിലവാരം എന്നത് ഓരോ വ്യക്തിയുടേയും സാഹ

ചര്യത്തിന്റെ അടിസ്ഥാനത്തിലാണ്. നന്മയുടേയും തിന്മയുടേയും നിർവ്വചനം ഓരോരുത്തർക്കും വ്യത്യസ്തമായ നിലയിലാണ് നിർവചിക്കപ്പെടുന്നത്. ഏതുവരെ ഇന്ന തിന്മ വലുതാണ്, ഇന്നത് ചെറുതാണ് അതുപോലെ ഇന്ന നന്മ വലുതാണ്, ഇന്നത് ചെറുതാണ് എന്ന ചിന്ത ഉണ്ടാകുന്നുവോ, അതുവരെ മനുഷ്യൻ തിന്മയിൽ നിന്ന് രക്ഷപ്പെടുന്നതല്ല. നന്മകൾ ചെയ്യാനുള്ള സൗഭാഗ്യം ലഭിക്കുകയും ചെയ്യുന്നതല്ല.

എപ്പോഴും നമ്മുടെ മുന്നിൽ ഇക്കാര്യം ഉണ്ടായിരിക്കേണ്ടതാണ്. വലിയ തിന്മ എന്നത് നമുക്ക് ഉപേക്ഷിക്കാൻ സാധിക്കാത്ത കാര്യമാണ്. വളരെയധികം പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടി വരും. അത് മനുഷ്യന്റെ സ്വഭാവത്തിൽ പ്രവേശിച്ചു കഴിഞ്ഞിട്ടുണ്ടാകും. അതുപോലെ വലിയ നന്മ എന്നത് മനുഷ്യന് പ്രാവർത്തികമാക്കാൻ ഏറ്റവും ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കാര്യമാണ്. അതായത്, പല തിന്മകളും ചിലർക്ക് വലുതും, ചിലർക്കു നിസ്സാരവുമാണ്. അതുപോലെ പല നന്മകളും ചിലർക്ക് വലിയ നന്മയാണെങ്കിൽ മറ്റുള്ളവർക്ക് ചെറുതുമാണ്,

## ഒന്നാമത്തെ കാരണം

അതുകൊണ്ട് നമ്മൾ നമ്മുടെ കർമങ്ങളെ ശുദ്ധീകരിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ഇദംപ്രഥമമായി ഈ ചിന്തകളെ നമ്മുടെ മനസ്സിൽ നിന്ന് മാറ്റേണ്ടതാണ്. ഉദാഹരണത്തിന് വ്യഭിചാരം ഒരു വലിയ തിന്മയാണ്, കൊല ഒരു വലിയ തിന്മയാണ്. മോഷണം ഒരു വലിയ തിന്മയാണ്. പരദൂഷണം ഒരു വലിയ തിന്മയാണ്. ഇതല്ലാതെ ബാക്കി വരുന്ന എല്ലാ തിന്മകളും തന്നെ ചെറിയ തിന്മകളാണ്. ഈ രീതിയിലുള്ള ചിന്തകളെ നമ്മുടെ ഹൃദയത്തിൽ നിന്നകറ്റേണ്ടത് അത്യന്ത്യാപേക്ഷിതമാണ്.

അതുപോലെ നോമ്പ് വലിയ നന്മയാണ്, സക്കാത്ത് കൊടുക്കുന്നത് വലിയ നന്മയാണ്, ഹജ്ജ് ചെയ്യുന്നത് വലിയ നന്മയാണ്. ഇതല്ലാതെ മറ്റ് നന്മകൾ എല്ലാംതന്നെ ചെറിയ നന്മകളാണ് തുടങ്ങിയ ചിന്തകളേയും ഹൃദയത്തിൽ നിന്ന് അകറ്റുക. പൊതുവെ മുസ്ലിംകളിൽ ഇങ്ങനെയൊരു ചിന്താഗതിയുണ്ട്. അഥവാ ഈ ചിന്താഗതി തങ്ങളുടെ ഹൃദയത്തിൽ നിന്ന് മാറ്റുന്നില്ലെങ്കിൽ അവരുടെ കർമമണ്ഡലം ദുർബലപ്പെടുന്നതാണ്. കർമമണ്ഡലം ശക്തി

പ്പെടണമെങ്കിൽ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ നിർദ്ദേശങ്ങളെ മുന്നിൽ വയ്ക്കേണ്ടതാണ്. അതായത് വിശുദ്ധ ഖുർആന്റെ എഴുനൂറ് കലപനകളിൽ ഒന്നിനെപോലും നിസ്സാര മായി കാണുന്നവൻ മോചനത്തിന്റെ വാതിൽ സ്വന്തം കൈകൾ കൊണ്ട് അടയ്ക്കുകയാണ് ചെയ്യുന്നത്.

അതിനാൽ, നമ്മൾ മറ്റുള്ളവരെപ്പോലെ ചില നന്മകൾ വലുതാണ്, ചില നന്മകൾ ചെറുതാണ് എന്ന് ചിന്തിക്കാൻ പാടില്ലാത്തതാണ്. ഈ വിഷയത്തിൽ മറ്റ് മുസ്ലിംകളുടെ അവസ്ഥ വളരെ മോശമാ ണ്. ഉദാഹരണത്തിന് അവർ കരുതുന്നു വ്രതാനുഷ്ഠാനം ഏറ്റവും വലിയ നന്മയാണ്. എന്നാൽ, ജമാഅത്തായ നമസ്കാരത്തിൽ ഒരു ശ്രേഷ്ഠതയുമില്ല. എന്നാൽ, വ്രതാനുഷ്ഠാനം വളരെ അനിവാര്യ മാണ്. വളരെ കൃത്യനിഷ്ഠയോട് കൂടി അവർ അത് അനുഷ്ഠിക്കു ന്നു. സക്കാത്ത് നിർബന്ധമാക്കപ്പെട്ടവർ അവർ സക്കാത്ത് നൽകാ തിരിക്കുന്നതിന് ശ്രമിക്കുന്നുവെങ്കിൽ തന്നെയും അവർ നിർബന്ധ മായും നോമ്പ് നോൽക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ നോമ്പ നുഷ്ഠിക്കാതിരുന്നാൽ തൽഫലമായി അവർ വലിയ പാപം ചെയ് തതായി കണക്കാക്കുന്നു.

ചുരുക്കത്തിൽ നമ്മൾ നമ്മളിൽ പരിവർത്തനം ഉണ്ടാക്കണമെ ങ്കിൽ എപ്പോഴും ഈ കാര്യത്തെ നമ്മുടെ മുമ്പിൽ വയ്ക്കേണ്ടത് അനിവാര്യമാണ്. എല്ലാ നന്മകളേയും സ്വായത്തമാക്കുന്നതിനും, എല്ലാ തിന്മകളിൽ നിന്നും വിട്ടു നിൽക്കുന്നതിനും പരിശ്രമിക്കേ ണ്ടതാണ്.

## രണ്ടാമത്തെ കാരണം

പിന്നീട് കർമസംസ്കരണത്തിനുള്ള രണ്ടാമത്തെ കാരണം സാമൂ ഹിക ചുറ്റുപാടാണ്. അല്ലെങ്കിൽ മറ്റുള്ളവരെ അനുകരിക്കാനുള്ള അഭിനിവേശമാണ്. അല്ലാഹു മനുഷ്യന്റെ പ്രകൃതത്തിൽ തന്നെ അനുകരണശീലം ഇട്ടിരിക്കുന്നു. കുട്ടിക്കാലം മുതൽക്കുതന്നെ അത് വെളിപ്പെടാൻ തുടങ്ങുന്നു. ഇത് പ്രകൃതത്തിൽ അടങ്ങിയിരി ക്കുന്ന കാരണത്താൽ ചെറിയ കുട്ടികളിൽ പോലും അനുകരണ ശീലത്തിന്റെ ലാഞ്ചനയുണ്ട്. ഇത് നമ്മുടെ പ്രയോജനത്തിന് വേ ണ്ടിത്തന്നെയാണ്. എന്നാൽ, ഇതിന്റെ തെറ്റായ ഉപയോഗം മനു ഷ്യനെ നാശത്തിലേക്ക് നയിക്കുന്നു. ചിലപ്പോൾ നശിപ്പിക്കുകയും

ചെയ്യുന്നു. അനുകരണത്തിന്റേയും ചുറ്റുപാടിന്റേയും സ്വാധീന ഫലമായി മനുഷ്യൻ മാതാപിതാക്കളിൽനിന്ന് ഭാഷകൾ പഠിക്കുന്നു. അതുപോലെ മറ്റ് കാര്യങ്ങളും പഠിക്കുന്നു. നല്ല കാര്യങ്ങൾ പഠിക്കുകയും അതു മുഖേന കുട്ടി ഉന്നതസ്വഭാവഗുണങ്ങൾക്ക് ഉടമയായിത്തീരുകയും ചെയ്യുന്നു. മാതാപിതാക്കൾ നന്മയുള്ള വരും, നമസ്കാരം നിലനിറുത്തുന്നവരും, വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നവരും, പരസ്പരം സ്നേഹത്തോടെ ജീവിക്കുന്ന വരും, നുണയെ വെറുക്കുന്നവരുമാണെങ്കിൽ കുട്ടികളും അവരുടെ ശിക്ഷണഫലമായി നന്മകൾ സ്വായത്തമാക്കുന്നവരായി മാറുന്ന താണ്. എന്നാൽ കളവ്, വഴക്ക്, വീട്ടിൽ മറ്റൊരാളെ പരിഹസിച്ചു കൊണ്ടുള്ള സംസാരം, ജമാഅത്തിന്റെ അന്തസ്സിനെ കുറിച്ച് ചിന്തിക്കാതിരിക്കുക ഈ രീതിയിലുള്ള തിന്മകളാണ് കുട്ടി കാണുന്ന തെങ്കിൽ, ഈ അനുകരണശീലം കാരണമായി അല്ലെങ്കിൽ ചുറ്റുപാടുകളുടെ സ്വാധീനഫലമായി ഇതേ തെറ്റുകൾ കുട്ടികൾ പഠിക്കുകയും ചെയ്യുന്നു. പുറത്തു പോകുമ്പോൾ, ചുറ്റുപാടിലും, സുഹൃത്തുക്കളിലും കാണുന്നത് പഠിക്കാൻ ശ്രമിക്കുന്നു. അതിനാൽ ഞാൻ വീണ്ടും വീണ്ടും മാതാപിതാക്കളുടെ ശ്രദ്ധ ക്ഷണിക്കുക യാണ്. നിങ്ങളുടെ കുട്ടികളേയും പുറംലോകത്തെ ചുറ്റുപാടുക ളേയും നിരീക്ഷിക്കുക. വീട്ടിലും കുട്ടികളുടെ പ്രോഗ്രാമുകളിൽ, ടി.വി. പ്രോഗ്രാമുകളിൽ, ഇന്റർനെറ്റ് ഉപയോഗത്തിൽ എല്ലാംതന്നെ നിരീക്ഷിച്ചുകൊണ്ടിരിക്കുക. അതു പോലെ വളരെയേറെ ശ്രദ്ധ ചെലുത്തേണ്ട മറ്റൊരു കാര്യം കുട്ടികളുടെ തർബിയ്യത്തിന്റെ പ്രായം വളരെ ചെറുപ്പം മുതൽക്ക് തന്നെയാണ്, ഇത് എപ്പോഴും ഓർമ വയ്ക്കുക. കുട്ടി വലുതായ ശേഷം തർബിയ്യത്ത് നൽകാം എന്ന ചിന്ത ഒരിക്കലും ഉണ്ടായിരിക്കാൻ പാടില്ല. 2 വയസ്സും 3 വയസ്സുമെല്ലാംതന്നെ തർബിയ്യത്തിന്റെ പ്രായമാണ്. ഞാൻ പറഞ്ഞതുപോലെ കുട്ടി വീട്ടിൽ മാതാപിതാക്കളിൽനിന്നും വലിയവരിൽനിന്നും പഠിക്കുകയും അവരെ അനുകരിക്കുകയും ചെയ്യുന്നു. മാതാപിതാക്കൾക്ക് ഒരിക്കലും കുട്ടി ചെറുതാണ് അവനെന്തറിയാം എന്ന ചിന്തയുണ്ടാകാൻ പാടില്ലാത്തതാണ്. കുട്ടി മാതാപിതാക്കളുടെ ഓരോ പ്രവർത്തനത്തേയും നിരീക്ഷിച്ചു കൊണ്ടാണിരിക്കുന്നത്. അവരറിയാതെതന്നെ അവരുടെ മനസ്സിൽ ഈ കാര്യങ്ങൾ ഉറയ്ക്കുന്നതാണ്. വലുതായ ശേഷം കുട്ടികൾ അവരെ

അനുകരിക്കാൻ തുടങ്ങുന്നതാണ്. പെൺകുട്ടികൾ മാതാക്കളെ അനുകരിച്ചുകൊണ്ട്, കളിക്കുമ്പോൾ ഉമ്മമാരെ പോലെതന്നെ വസ്ത്രങ്ങൾ അണിയാൻ ശ്രമിക്കുന്നു. ആൺകുട്ടികൾ പിതാക്ക ന്മാരെ അനുകരിക്കുന്നു. മാതാപിതാക്കളിൽ ഉള്ള നന്മയും തിന്മ യും അവർ അനുകരിക്കുന്നു.

അവർ വലുതായിക്കഴിഞ്ഞ് ഇത് നല്ലതാണ് ഇത് ചീത്തയാണ് എന്ന് അവരെ പഠിപ്പിക്കുമ്പോൾ, ഉദാഹരണത്തിന് നുണ പറയു ന്നത് തെറ്റാണ്, വാഗ്ദാനം പാലിക്കുന്നത് നല്ലതാണ് തുടങ്ങിയ ഉപദേശങ്ങൾ ഒന്നും അവർക്ക് ഉൾക്കൊള്ളാൻ സാധിക്കുന്നതല്ല. എന്നാൽ, ഒരു കുട്ടി തന്റെ മാതാപിതാക്കളുടെ സ്വഭാവഗുണങ്ങ ളുടെ ഉന്നത നിലവാരം കണ്ടിട്ടില്ലെങ്കിൽ, മാതാപിതാക്കളിൽ നി ന്നും വീട്ടിലെ മറ്റ് വലിയവരിൽ നിന്നും വാഗ്ദാനം പൂർത്തിയാ ക്കുന്നത് കണ്ടിട്ടില്ലെങ്കിൽ, നുണ പറയുന്നത് ചീത്തയാണ് വാഗ് ദാനം പാലിക്കുന്നത് നന്മയാണ്, അത് നല്ലതാണ് എന്നെല്ലാം ഒരു പാഠം എന്ന നിലയിൽ പഠിക്കുമെന്നല്ലാതെ പ്രവർത്തിപഥ ത്തിൽ അവർ അതു കൊണ്ടുവരികയില്ല. കാരണം തങ്ങളുടെ വീട്ടിൽ ഇതിന് വിപരീതമായ പ്രവർത്തികളാണ് അവർ കണ്ടുകൊ ണ്ടിരുന്നത്. കുട്ടികളുടെ സ്വഭാവം ചെറുപ്പത്തിൽത്തന്നെ ഉറച്ച ശീലങ്ങളായി മാറുന്നതാണ്. അതുകൊണ്ടുതന്നെ വലുതായ ശേഷം അവർ ഇത് അംഗീകരിക്കുകയില്ല. അഥവാ ഉമ്മ നമസ്കാ രത്തിൽ അലസത കാണിക്കുന്നതായി കുട്ടി കാണുകയാണെങ്കിൽ, വീട്ടിൽ വരുമ്പോൾ ഉമ്മയോടു നമസ്കരിച്ചോ എന്ന് ചോദിച്ചാൽ, നമസ്കരിച്ചിട്ടില്ല ദാ നമസ്കരിക്കാൻ പോകുകയാണെന്ന് ഉമ്മ മറുപടി പറയുമ്പോൾ, കുട്ടി മനസ്സിലാക്കും ഇത് വളരെ നല്ല ഉത്ത രമാണ്. അഥവാ ആരെ ങ്കിലും എന്നോട് ചോദിക്കുകയാണെങ്കിൽ ഞാനും ഇതേ മറുപടി തന്നെ പറയുന്നതാണ്. അതായത് നമ സ്കരിച്ചിട്ടില്ലാ, പിന്നീട് നമസ്കരിക്കുന്നതാണണെന്ന്. അഥവാ ഉമ്മ മറന്നു പോയെന്നോ, അല്ലെങ്കിൽ നമസ്കരിക്കാതെതന്നെ നമസ്കരിച്ചു എന്ന് മറുപടി പറയുകയോ ചെയ്താൽ, കുട്ടി ഇത് കേൾക്കുമ്പോൾ, മുഴുവൻ സമയവും വീട്ടിൽ ഉമ്മയുടെ കൂടെ കഴിച്ചു കൂട്ടുകയും, ഉമ്മ നമസ്കരിച്ചിട്ടില്ലാ എന്ന് കാണുകയും ചെയ്യുന്ന കുട്ടി ഈ ഉത്തരം തന്റെ മനസ്സിൽ തന്നെ വയ്ക്കുന്ന താണ്. അതുപോലെ പിതാവിന്റെ തെറ്റായ സംസാരങ്ങളും തന്റെ

മനസ്സിൽ പതിപ്പിക്കുന്നു. അപ്പോൾ മാതാപിതാക്കൾ രണ്ടു പേരും കുട്ടിക്ക് തെറ്റായ തർബിയ്യത്താണ് നൽകുന്നതെന്ന് സാരം. അങ്ങനെ കുട്ടിയെ തെറ്റായ മാർഗത്തിലേക്ക് നയിക്കുകയാണ് ചെയ്യുന്നത്. തങ്ങളുടെ പ്രവർത്തനംകൊണ്ട് അവർ തെറ്റായ ശിക്ഷണമാണ് കുട്ടികൾക്ക് നൽകുന്നത്. ആ കുട്ടി വലുതാകുമ്പോൾ ഇതേ മറുപടി തന്നെയായിരിക്കും പറയുന്നത്.

അതുപോലെ അയൽക്കാരുടേയും മാതാപിതാക്കളുടെ സുഹൃത്തുക്കളുടേയും തെറ്റായ പ്രവർത്തനങ്ങളുടെ സ്വാധീനവും കുട്ടികളിൽ ഉണ്ടാകുന്നു. അഥവാ യഥാർഥ കർമപരിഷ്കരണം സംജാതമാക്കുകയും തങ്ങളുടെ സന്താനങ്ങളുടെ, ഭാവിജീവിതം നേരായ വിധത്തിലുള്ളതാക്കുകയും ചെയ്യണമെങ്കിൽ മാതാപിതാക്കൾ തങ്ങളുടെ അവസ്ഥയിലേക്കും ദൃഷ്ടി പതിപ്പിക്കേണ്ടതുണ്ട്. തങ്ങളുടെ സുഹൃത്ബന്ധങ്ങൾ കർമപരമായ നിലയിൽ ചൊവ്വുള്ളവരുമായി സ്ഥാപിക്കേണ്ടതും അനിവാര്യമാണ്.

## മൂന്നാമത്തെ കാരണം

*ഖുത്ബസംഗ്രഹം 2013 ഡിസംബർ 20*

നൈമിഷികവും താൽക്കാലികവുമായ കാര്യങ്ങൾക്ക് പ്രാമുഖ്യം നൽകുന്നുയെന്നതാണ് കർമസംസ്കരണത്തിനു പ്രതിസന്ധി സൃഷ്ടിക്കുന്ന മൂന്നാമത്തെ കാരണം. എന്നാൽ, വിശ്വാസ സംബന്ധമായ കാര്യങ്ങൾ അധികവും സാവധാനത്തിലും, അതുപോലെ ജീവിതത്തിന് ശേഷവുമാണ് ലഭിക്കുക. ഞാൻ പറഞ്ഞതുപോലെ കർമപരമായ കാര്യങ്ങൾ വേഗത്തിൽ നേടിയെടുക്കാൻ അവർ ശ്രമിക്കുന്നു. അതുപോലെ ഈ കാര്യങ്ങൾ വിശ്വാസവുമായി ബന്ധമില്ലാത്തതാണെന്നും, താൻ തെറ്റായ ഒരു കാര്യം ചെയ്താൽ അതുമൂലം ദൈവത്തിന്റെ ഏകത്വത്തിന് ഒരു പോറലുമേൽക്കുകയില്ലയെന്നും മനുഷ്യൻ കരുതുന്നു. ഉദാഹരണ ത്തിന് സ്വർണ്ണത്തിൽ അല്പം ചെമ്പ് ചേർത്താൽ അതുമൂലം തന്റെ ഏകദൈവ വിശ്വാസത്തിന് മങ്ങലേൽക്കുകയില്ലെന്നും എന്നല്ല തന്റെ വരുമാനം വർധിക്കുകയും താൻ വേഗത്തിൽ ധനികനായി മാറുമെന്നും ഒരു തട്ടാൻ വിചാരിക്കുന്നു.

## നാലാമത്തെ കാരണം

കർമങ്ങൾ ശീലങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നതാണ് കർ

മസംസ്കരണത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്ന നാലാമത്തെ കാര്യം. അതായത് ശീലം കാരണം ബലഹീനതകളുണ്ടാകുന്നു. പ്രധാനമായും ദീനിനോടൊപ്പം ഭരണകൂടത്തിന്റെ അഭാവം നിമിത്തവും ഇതു സംഭവിക്കുന്നു. ഭരണനിയമങ്ങളുടെ സ്വാധീനത്താൽ ചില കാര്യത്തിൽ സ്വഭാവശുദ്ധിയുണ്ടാവുന്നതാണ്. നിഭാഗ്യവശാൽ, ഇസ്ലാം സ്വഭാവ ദൂഷ്യമായി ഗണിച്ചതും അതിന്റെ സംസ്കരണത്തിലേക്ക് ഊന്നൽ നൽകിയതുമായ കാര്യങ്ങൾ, ഇസ്ലാമിക രാജ്യങ്ങളിലെ നീതിന്യായവ്യവസ്ഥകളുടെ കാരണത്താലും അതുപോലെ ഇരട്ടത്താപ് കാരണത്താലും ഇസ്ലാമിന്റെ ഭരണമുണ്ടായിട്ടുകൂടി, ഈ രാജ്യങ്ങളിലെ പ്രവർത്തനങ്ങൾക്ക് വൈകല്യം സംഭവിച്ചിരിക്കുന്നു. ഇസ്ലാമേതര രാജ്യങ്ങളിൽ സംസ്കരണം ആവശ്യമുള്ള ചില കാര്യങ്ങൾ, തങ്ങളുടെ ദുഷചെയ്തികളായും സ്വഭാവദൂഷ്യമായും അവർ മനസ്സിലാക്കുന്നില്ല. ഇതുമൂലം ചില കാര്യങ്ങളുടെ ശുദ്ധീകരണം സാധ്യമാകുന്നില്ല. കർമസംസ്കരണത്തിനായി ഭരണകൂടത്തിന് ഒരു ചുമതലയുണ്ട്. മതത്തിനും, ഭരണകൂടത്തിനും കർമസംസ്കരണത്തിനായുള്ള ഉത്തരവാദിത്വം ഒരു പോലെയാണ്. നിയമനടപടിയിലൂടെ സ്വഭാവദൂഷ്യം ദുരീകരിക്കാൻ സാധിക്കുന്നതാണ്. എന്നാൽ, ഭരണകൂടത്തിന്റെ നിയമങ്ങൾ, സ്വഭാവശുദ്ധീകരണത്തിന് ഹേതുവാകുന്നില്ലെങ്കിൽ, അവിടെ പ്രശ്നങ്ങൾ വർധിക്കുന്നു. അങ്ങനെ സ്വഭാവവൈകല്യം സമൂഹത്തിന്റെ മാറാരോഗമായിത്തീരുന്നു. ചില വികസിത രാജ്യങ്ങളിൽ, സ്വാതന്ത്ര്യത്തിന്റെ പേരിൽ നടക്കുന്ന പ്രവർത്തന ബലഹീനതകൾ നാം ഉദാഹരണമായി കാണുന്നു. ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ ഈ പ്രവർത്തന ബലഹീനതകളെ ലോകത്തിന്റെ വിവിധ ഭാഗത്തേക്ക് വ്യാപിപ്പിക്കുന്നു. ഈ ചുറ്റുപാടിൽ വസിക്കുന്നവർ, ഇതിന്റെ ഭാഗമെന്ന നിലയിൽ നിരന്തരമായി ഇവ കാണുന്നു. ഈ ശീലം പിന്നീട് അവരുടെ പ്രവർത്തന ബലഹീനതയായി പരിണമിക്കുന്നു. പക്വതയും, വിവേകവുമില്ലാത്ത കാരണത്താൽ കുട്ടികളും, യുവാക്കളായ ആൺകുട്ടികളും, പെൺകുട്ടികളും ഈ ബലഹീനതയെ ഏറ്റെടുക്കുന്നു. ഇങ്ങനെയുള്ള ശീലം വേരുറച്ചുകഴിഞ്ഞാൽ, പിന്നെ അത് ഉപേക്ഷിക്കുകയെന്നത് ദുഷ്കരമാകുന്നു.

ഉദാഹരണത്തിന് ലഹരി പദാർഥം. ഇതുപയോഗിക്കുന്ന ശീലമുണ്ടായാൽ ഉപേക്ഷിക്കുകയെന്നത് പ്രയാസകരമാണ്. ഒരു വ്യക്തി

മൂന്ന് ദൈവത്തിന് പകരം ഒരു ദൈവത്തിൽ വിശ്വസിക്കുന്നതിന് ത്യാഗം വരിക്കുന്നു. ഒരു ദൈവത്തിനുള്ള വിശ്വാസത്തിനുശേഷം മറ്റൊരു ദിവസം മൂന്ന് ദൈവത്തിലുള്ള ചിന്താഗതിയുണ്ടാക്കുക എന്നത് സാധാരണഗതിയിൽ സാധ്യമല്ല. എന്നാൽ, ലഹരിപദാർഥം ഉപയോഗിക്കുന്നവന്റെ മനസ്സിൽ, ലഹരി പദാർഥം കിട്ടിയില്ലെങ്കിൽ എന്ന ആഗ്രഹം തീർച്ചയായും ഉണ്ടാകുമ്പോൾ അതിനുവേണ്ടി മുഴുവൻ വിശ്വാസത്തേയും അവൻ ഉപേക്ഷിച്ചേക്കാം. പക്ഷേ, ചില മാസങ്ങളായും, ചില വർഷങ്ങളായും തുടങ്ങിയ ഈ ലഹരിഉപയോഗശീലത്തെ ഉപേക്ഷിക്കാൻ അവൻ തയ്യാറല്ല. ലഹരി ചെറുതായൊന്ന് കുറഞ്ഞുപോയാൽ അവൻ വളരെ പരിഭ്രാന്തനാകുന്നു. പുകവലി ശീലമുള്ള ചിലർ ജമാഅത്തിൽ പ്രവേശിക്കാറുണ്ട്. അവർ തങ്ങളുടെ കുടുംബത്തേയും സഹോദരങ്ങളേയും, സഹോദരികളേയും, മാതാപിതാക്കളേയും ഭാര്യാമക്കളേയും ഉപേക്ഷിച്ചുകൊണ്ടു വലിയ ത്യാഗം ചെയ്താണ് ജമാഅത്തിൽ പ്രവേശിക്കുന്നത്. പക്ഷേ, സിഗരറ്റുവലി ഉപേക്ഷിക്കാൻ പറയുന്ന പക്ഷം ഒഴിവുകഴിവുകൾ വിളമ്പുന്നു. ചില ലഹരിപദാർഥം ഉപയോഗിച്ചില്ലെങ്കിൽ ചിലരുടെ വയറ് കേടാകുന്നു, ചിലർക്ക് ഉറക്കം വരുകയില്ല, മറ്റു ചിലർക്ക് ചിന്തിക്കാനും ആലോചിക്കാനുമുള്ള കഴിവ് നഷ്ടമാകുന്നു. ഇക്കാരണത്താൽ പരിഭ്രമം വർധിക്കുന്നു. ഇവ ജമാഅത്തിൽ പ്രവേശിച്ചവരുടെ കാര്യം മാത്രമല്ല. എല്ലാവരെയും സംബന്ധിക്കുന്ന കാര്യമാണ്. മറിച്ച് വലിയ നല്ല കാര്യങ്ങൾ ചെയ്യുന്ന ചില വ്യക്തികൾ, അവർ ത്യാഗം വരിച്ചുകൊണ്ട് വലിയ കാര്യങ്ങൾ ചെയ്യുന്നുവെങ്കിലും ചെറിയ ദുശ്ശീലങ്ങൾ ഉപേക്ഷിക്കാൻ സാധിക്കുന്നില്ല.

## അഞ്ചാമത്തെ കാരണം

കർമസംസ്കരണത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്ന അഞ്ചാമത്തെ കാര്യം ഭാര്യാമക്കളുമാണ്. ഇവർ കർമസംസ്കരണമാർഗത്തിൽ തടസ്സമുണ്ടാക്കുന്നു. ചില അവസരങ്ങളിൽ ഭാര്യാമക്കളുടെ പ്രയാസങ്ങൾ, മനുഷ്യന്റെ പ്രവർത്തനമേഖലയിൽ പരീക്ഷണമായി മാറുന്നു. ഉദാഹരണമായി അന്യരുടെ സമ്പത്ത് ഭക്ഷിക്കരുതെന്നാണ് ഇസ്‌ലാമികപാഠം. ഒരാൾ മറ്റൊരാളുടെ പക്കൽ അമാനത്തെന്നോണം എന്തെങ്കിലും തുക ഏൽപ്പിച്ചിട്ടുണ്ടെങ്കിൽ, അതിന് സാക്ഷിയായി ആരും തന്നെയില്ലെങ്കിൽ, അതിന് തെളിവുമില്ലെ

ങ്കിൽ ചില അവസരങ്ങളിൽ ഭാര്യാമക്കളുടെ ആവശ്യം കാരണം ധനം ഏൽപ്പിക്കപ്പെട്ട വ്യക്തിയുടെ നിയ്യത്തിൽ കോട്ടമുണ്ടാകുകയും അത് കളങ്കമുള്ളതാകുകയും ചെയ്യുന്നു. തന്റെ ഭാര്യ കുറച്ചു പണം തന്നോട് ചോദിച്ചിരുന്നുവെന്നും, എന്നാൽ, അന്നേരം പണമില്ലാത്ത കാരണത്താൽ തനിക്ക് നൽകാൻ സാധിച്ചില്ലെന്നും അവന് ചിന്ത വരുന്നു. അല്ലെങ്കിൽ തന്റെ മകൻ ഒരു സാധനത്തിനായി പണമാവശ്യപ്പെട്ടിരുന്നു. എന്നാൽ, തനിക്ക് നൽകാൻ സാധിച്ചില്ല. ഇപ്പോൾ അതിനുള്ള അവസരമാണ്. ഈ പണം ഭാര്യാമക്കളുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി ഉപയോഗിക്കാം. അല്ലെങ്കിൽ മക്കളുടെ അസുഖം കാരണം, അതിനുള്ള ചികിത്സക്കായി പണത്തിന്റെ ആവശ്യമുണ്ട്. ഈ അമാനത്ത് മുതലിൽനിന്ന് പണം ചെലവഴിച്ചുകൊണ്ട് അവനെ ചികിത്സിപ്പിക്കുന്നതാണ്. ഈ പണം തിരിച്ച് നൽകണോ വേണ്ടയോ എന്ന് പിന്നീടുള്ള കാര്യമാണ്. അല്ലെങ്കിൽ ഭാര്യാമക്കളുടെ മറ്റു ആവശ്യ പൂർത്തീകരണത്തിനായി മറ്റുള്ളവരുടെ ധനം മനുഷ്യൻ അപഹരിക്കുന്നു. ഈ പ്രവർത്തി ധനപരമായ കാര്യത്തിൽ മാത്രമല്ല മറ്റുകാര്യങ്ങളിലും സംഭവിക്കുന്നു. ഇതുപോലുള്ള ഉദാഹരണങ്ങൾ മാത്രമല്ല ഉള്ളത്. ചില മാതാപിതാക്കൾ ഈ സ്വതന്ത്ര പുരോഗമന സമൂഹത്തിൽപോലും സാധാരണയായി ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുന്നു. അതുപോലെ അവികസിത രാജ്യങ്ങളിലും ഇങ്ങനെയെല്ലാം സംഭവിക്കുന്നുണ്ട്. വാത്സല്യത്താലും സ്നേഹത്താലും മക്കളിൽ ഇസ്‌ലാമികാധ്യാപനങ്ങൾ നടപ്പിൽ വരുത്തു ന്ന കാര്യത്തിൽ സമ്മർദ്ദം ചെലുത്തുന്നില്ല. വളരെ പരിതാപത്തോടെ ഞാൻ പറയട്ടെ, ഈ കാര്യങ്ങൾ അഹ്മദിയ്യാ സമൂഹത്തിലും കാണപ്പെടുന്നു. ചില സമയങ്ങളിൽ നമ്മുടെ മുന്നിലേക്ക് ഈ കാര്യങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ചിലർ ചിലരുടെ അമാനത്ത് അപഹരിക്കുന്നു. ഒരാൾ മറ്റു വിധത്തിൽ സാമ്പത്തിക വഞ്ചന കാണിക്കുന്നു. ചിലർ അനാഥരുടെ അവകാശം സത്യസന്ധമായ നിലയിൽ നൽകുന്നില്ല. ഇങ്ങനെയുള്ള പ്രശ്നങ്ങളും പരാതികളും ഖളായിൽ വരുന്നു.

സമ്പന്ന രാജ്യത്ത് വസിക്കുന്ന ഒരു വ്യക്തി, തന്റെ മകളുടെ വിവാഹബന്ധം പാക്കിസ്ഥാനിൽ ഉറപ്പിക്കുന്നു. ആദ്യ ദിവസം തന്നെ തന്റെ മരുമകനോട് പറയുന്നു, എന്റെ മകളെ വളരെ സ്നേഹവാത്സല്യത്തോടെയാണ് ഞാൻ വളർത്തിയത്. അവൾക്ക് എല്ലാ തര

ത്തിലുള്ള സ്വാതന്ത്ര്യവുമുണ്ട്. അവളുടെമേൽ ഒരു വിധ നിയന്ത്രണവും ഏർപ്പെടുത്തരുത്.

പെൺകുട്ടിയുടെ ബുദ്ധി പിതാവിനേക്കാൾ പതിന്മടങ്ങ് ചിന്തിക്കുന്നു. അവൾ ഭർത്താവിന് ഒരു വിലയും കൽപ്പിക്കുകയില്ല. എന്നാൽ, ഇസ്ലാമികാധ്യാപനം ഭാര്യ, ഭർത്താവിനോടുള്ള കടമ നിർവ്വഹിക്കുകയും, വീട്ടിലെ ഉത്തരവാദിത്ത്വം നിർവഹിക്കുകയും ചെയ്യുക എന്നതാണ്. ഇത് അവളുടെ നിർബന്ധകാര്യങ്ങളിൽപ്പെട്ടതാണ്. ചില ആൺകുട്ടികൾ പാക്കിസ്ഥാനിൽ നിന്ന് പെൺകുട്ടികളെ വിവാഹം ചെയ്ത് കൊണ്ടുവരുന്നു. പെൺകുട്ടിയോട് അങ്ങേയറ്റം അതിക്രമം കാണിക്കുന്നു. ചെറുക്കന്റെ മാതാപിതാക്കൾ പറയുന്നു, പുരുഷൻ ഇങ്ങനെയൊക്കെത്തന്നെയായിരിക്കും, പെൺകുട്ടിയെല്ലാം സഹി ച്ചുകൊള്ളണമെന്ന്! മക്കളോടുള്ള ഈ വാത്സല്യം മാതാപിതാക്കളുടെ കർമപരമായ അവസ്ഥയെ തകർക്കുന്നതോടൊപ്പം കുടുംബങ്ങളേയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

## ആറാമത്തെ കാരണം

കർമസംസ്കരണത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്ന ആറാമത്തെ കാര്യം, മനുഷ്യൻ സ്ഥിരതയോടുകൂടി സ്വയം മേൽനോട്ടം നടത്തുന്നില്ല എന്നതാണ്. അഥവാ കർമങ്ങളെ സംബന്ധിച്ചുള്ള ചിന്ത സദാ നിലനിറുത്തുമ്പോഴാണ് കർമസംസ്കരണം സാധ്യമാകുന്നത്. ഓരോ പ്രവൃത്തിയും ചെയ്യുന്നതിനു മുമ്പേ ഈ പ്രവൃത്തിയുടെ പരിണിത ഫലം നന്മയാണോ? അല്ലെങ്കിൽ ഈ കാര്യം ചെയ്യുന്നതിന് എനിക്ക് അനുവാദമുണ്ടോ? ഖുർആനിൽ എഴുന്നൂറ് കല്പനകളുണ്ട്, അതനുസരിച്ച് പ്രവർത്തിക്കുക എന്ന പാഠമനുസരിച്ചാണോ പ്രവർത്തിക്കുന്നത്? ഇതിൽ നിന്നകന്നു കൊണ്ടാണോ ഞാൻ സഞ്ചരിക്കുന്നത്? എന്നിങ്ങനെ ചിന്തിക്കേണ്ടത് അനിവാര്യമാണ്. ഉദാഹരണമായി, വിശ്വസ്തതയോടുകൂടി ജോലി ചെയ്യുകയെന്നത് ഒരു പ്രധാനപ്പെട്ട കല്പനയാണ്. കച്ചവടക്കാരനും ഈ കല്പനയുണ്ട്, ജോലിചെയ്യുന്നവർക്കും ഈ കല്പനയുണ്ട്, തങ്ങളുടെ പരിധിക്കുള്ളിൽ ഓരോരുത്തരും വിശ്വസ്തരായിത്തീരുകയെന്ന ഈ കല്പനയുണ്ട്. ഒരു കച്ചവടക്കാരന്റെ മുമ്പിൽ വിശ്വസ്തതയോടെ പ്രവർത്തിക്കേണ്ടുന്ന കല്പന നിരവധി തവണ വരുന്നു. എന്നാൽ, ഒരു അപരിചിതനായ ഉപഭോക്താവ് വരുമ്പോൾ, അയാൾക്ക് ഗുണനിലവാരം കുറഞ്ഞ സാധനം

നൽകുന്നു, അല്ലെങ്കിൽ വില അധികമായി വാങ്ങുന്നു. അതുമല്ലെങ്കിൽ പറഞ്ഞതിൽ നിന്ന് അളവ് കുറച്ച് നൽകുന്നു.

അഹ്മദികളായ കച്ചവടക്കരുടെ നിലവാരം എപ്പോഴും ഉയർന്നതായിരിക്കണം. അളവ് കൃത്യമായിരിക്കുകയും, സാധനത്തിന്റെ ഗുണനിലവാരവും മേന്മക്കുറവും ഉപഭോക്താവിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യേണ്ടത് അനുപേക്ഷണീയമാണ്. ലാഭം തൃപ്തികരവും മിതവുമായിരിക്കണം. ഇപ്രകാരം ചെയ്യുന്ന കച്ചവടത്തിൽ ഇൻശാ അല്ലാഹ് അനുഗ്രഹം വർദ്ധിക്കുന്നതല്ലാതെ ഒരിക്കലും നഷ്ടം സംഭവിക്കുന്നതല്ല. എല്ലാ മേഖലകളിലെ അഹ്മദികളും തങ്ങളുടെ വിശ്വസ്തതയുടെ സൗന്ദര്യത്തെ ഇപ്രകാരം പ്രകടിപ്പിക്കേണ്ടത് അനിവാര്യമാണ്.

## ഏഴാമത്തെ കാരണം

കർമസംസ്കരണത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്ന ഏഴാമത്തെ കാര്യം, മനുഷ്യന്റെ ബന്ധങ്ങളും ജീവിതരീതിയും അവനിൽ ആധിപത്യം സ്ഥാപിക്കുന്നുവെന്നതാണ്. ദൈവഭയത്തിൽ കുറവ് സംഭവിക്കുന്നു. ചില സന്ദർഭങ്ങളിൽ അത്യാഗ്രഹം, സുഹൃത്ബന്ധം, ബന്ധുത്വം, കലഹം, പരദൂഷണം അസൂയ എന്നിവ നന്മ സ്വായത്തമാക്കുവാൻ അനുവദിക്കുകയില്ല. അമാനത്തിനെ സംബന്ധിച്ച് ഞാൻ ഉദാഹരണം നൽകിയിരുന്നു. ഒന്നുകൂടി പറയാം, ചിലർ അല്ലാഹു നൽകിയ കല്പനയുടെ അടിസ്ഥാനത്തിൽ അമാനത്തിനെ കാണുന്നില്ല. മറിച്ച് ചില പ്രത്യേക സാഹചര്യത്തിൽ, അമാനത്തുമൂലം അവന്റെ സുഹൃത്തിലും, ശത്രുവിലും തനിക്കെന്ത് പ്രഭാവം ഉണ്ടാക്കുവാൻ സാധിക്കുമെന്നതിനെ കുറിച്ച് ചിന്തിക്കുന്നു. അതുപോലെ സത്യസന്ധത, അല്ലാഹു സത്യം പറയുകയെന്ന കല്പന നൽകിയിരിക്കുന്നുവെന്ന വീക്ഷണത്തിൽ കാണാതെ, സ്നേഹിതർക്കും പ്രിയപ്പെട്ടവർക്കും സത്യം പറയുന്നത് മൂലം വല്ല നഷ്ടവും സംഭവിക്കുമോ എന്ന രീതിയിൽ കാണുന്നു. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെതിരിൽ സാക്ഷ്യം പറയുന്നത്, ഒരു സന്ദർഭത്തിൽ ഇന്ന നഷ്ടം എനിക്ക് ഇവൻ വരുത്തി വെച്ചിരുന്നു എന്ന കാരണത്താലാണ്. അതിന് പ്രതികാരം ചെയ്യുവാൻ അവസരം ലഭിച്ചിരിക്കുകയാണെന്നു കരുതി, അവനെതിരിൽ സാക്ഷ്യം പറയുന്നു. കർമപരമായ ബലഹീനതയുണ്ടാകുന്നത് ദൈവഭയത്തിന്റെ കോളം കാലിയായി കിടക്കുന്നതുകൊണ്ടാണ്.

## എട്ടാമത്തെ കാരണം

കർമസംസ്കരണത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്ന എട്ടാമത്തെ കാര്യം, കുടുംബത്തിന്റെ സംസ്കരണം ശരിയാകുന്നതുവരെ, തന്റെ കർമ സംസ്കരണവും വളരെ പ്രയാസമാണ് എന്നുള്ളതാണ്. ഉദാഹരണമായി വിശ്വസ്തത പൂർണ്ണമാകുന്നത്, അല്ലെങ്കിൽ അതിന്റെ നിലവാരം സ്ഥാപിതമാകുന്നത് ഭാര്യാമക്കളും അതിനെ പൂർണമായി ഉൾക്കൊള്ളുമ്പോഴാണ്. ഗൃഹനാഥൻ എത്രതന്നെ ഹലാലായ ധനം സമ്പാദിക്കുന്നതായാലും, അവന്റെ ഭാര്യ മറ്റു മാർഗത്തിലുടെ അയൽവാസിയെ ബുദ്ധിമുട്ടിച്ച് അവർക്ക് നഷ്ടം വരുത്തുകയാണെങ്കിൽ, ധനം അപഹരിക്കുന്നതിന് ശ്രമിക്കുന്നുവെങ്കിൽ, അല്ലെങ്കിൽ അയാളുടെ മകൻ കൈക്കൂലിയെ വരുമാനത്തിൽ കൂട്ടി ചേർക്കുന്നുണ്ടെങ്കിൽ ആ വീടിന്റെ സമ്പാദ്യം ഹലാലായിത്തീരുന്നതല്ല. പ്രത്യേകിച്ച് എല്ലാ അംഗങ്ങളും ഒരുമിച്ച് താമസിക്കുന്ന വീടുകളിൽ, കൂട്ടുകുടുംബ സമ്പ്രദായത്തിൽ, അവരൊന്നിച്ച് വീടിനെ നയിക്കുന്നു. ഇതുപോലെതന്നെയാണ് മറ്റു പ്രവർത്തനങ്ങളും.

എല്ലാ കുടുംബാംഗങ്ങളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് പരിവർത്തനത്തിനായി ശ്രമിക്കുന്നില്ലെങ്കിൽ, എപ്പോഴെങ്കിലും അത് അന്യോന്യം സ്വാധീനം ചെലുത്തുന്നതാണ്. ഭാര്യ നന്മ നിറഞ്ഞവളാണ്. എന്നാൽ, ഭർത്താവ് നേരായ മാർഗത്തിൽ സമ്പാദിക്കുന്നില്ല. അപ്പോഴും കുടുംബം ഇതിൽ സ്വാധീനിക്കപ്പെടുന്നു. നമസ്കാരത്തിലേക്ക് പിതാവിന് ശ്രദ്ധയുണ്ട്. എന്നാൽ, മക്കളെ അതിലേക്ക് ക്ഷണിക്കുന്നില്ല, അല്ലെങ്കിൽ പിതാവ് ഉപദേശിക്കുന്നു. എന്നാൽ മാതാവ് ശ്രദ്ധ ചെലുത്തുന്നില്ല. അല്ലെങ്കിൽ മാതാവ് ശ്രദ്ധിക്കുന്നുണ്ട്. എന്നാൽ, പിതാവ് നമസ്കാരശീലമില്ലാത്ത വ്യക്തിയാണെങ്കിൽ മക്കൾ അദ്ദേഹത്തെ അനുകരിക്കുന്നു. കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഇതിനുദാഹരണം നൽകിയിരുന്നു.

അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു قُوٓا أَنفُسَكُمْ وَأَهْلِيكُمْ نَارًا (66:7)

നിങ്ങൾ സ്വയം നരകത്തിൽനിന്ന് രക്ഷനേടുക മാത്രമല്ല, നിങ്ങളുടെ കുടുംബത്തേയും നരകത്തിന്റെ അഗ്നിയിൽനിന്ന് രക്ഷിക്കുക. അതായത് നിങ്ങൾ സ്വയം നരകശിക്ഷയിൽനിന്ന് രക്ഷപ്പെട്ടാൽ പോര മറിച്ച് മറ്റുള്ളവരേയും അതിൽനിന്ന് രക്ഷിക്കേണ്ടത്

നിങ്ങളുടെ കടമയാകുന്നു. മറ്റുള്ളവരെ രക്ഷിക്കുന്നില്ലെങ്കിൽ ഒരു വേള അത് നിങ്ങളേയും മുക്കിക്കളയുന്നതാണ്.

കർമസംസ്ക്കരണത്തിന് ഈ എട്ട് കാര്യങ്ങൾ കൂടാതെ മറ്റ് ചില കാരണങ്ങളുണ്ടാവാം. ഞാൻ പറഞ്ഞതുപോലെ ചില പ്രധാന പ്പെട്ട കാര്യങ്ങളാണിവ. എന്നാൽ, കർമസംസ്കരണത്തിന് പ്രതി സന്ധി സൃഷ്ടിക്കുന്ന, മുഴുവൻ കാര്യങ്ങളും വിചിന്തനം നടത്തു മ്പോൾ ഈ എട്ട് കാര്യങ്ങളിൽ അവ ഉൾക്കൊള്ളുന്നുവെന്ന് മന സ്സിലാകുന്നു.

# കർമസംസ്കരണത്തിന് അനിവാര്യമായ മൂന്ന് കാര്യങ്ങൾ

*ഖുത്ബസംഗ്രഹം 2014 ജനുവരി 10*

**1) ഇച്ഛാശക്തി**

**2) സുദൃഢമായ അറിവ്**

**3) പ്രവർത്തിക്കാനുള്ള കഴിവ്**

കർമസംസ്കരണത്തിന് ഈ മൂന്ന് കാര്യങ്ങൾ മനുഷ്യരിൽ ഉണ്ടായിക്കഴിഞ്ഞാൽ അവർക്ക് വിജയം കൈവരിക്കാൻ സാധിക്കുന്നതാണെന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വളരെ നല്ല രീതിയിൽ വിവരിച്ചിട്ടുണ്ട്. ഒന്ന് ഇച്ഛാശക്തി, രണ്ട് ശരിയായതും പൂർണവുമായ അറിവ്, മൂന്ന് പ്രവർത്തിക്കാനുള്ള കഴിവ്. എന്നാൽ, അടിസ്ഥാനപരമായ ശക്തികൾ രണ്ടാണ്; ഇച്ഛാശക്തിയും, കർമശക്തിയും. ഇതിന്നിടയിലുള്ള ശരിയായതും പൂർണവുമായ അറിവ് എന്നത് രണ്ട് അടിസ്ഥാന ശക്തികൾക്കും ഊർജ്ജം നൽകുന്നതാണ്. ശരിയായ അറിവ് ഇച്ഛാശക്തിയേയും കർമശക്തിയേയും സ്വാധീനിക്കുന്നു.

ഇച്ഛാശക്തിയും കർമശക്തിയും തന്നെയാണ് അടിസ്ഥാനപരമായ ശക്തികളെന്ന് ആദ്യം നാം ഓർക്കണം. ഇത് കർമസംസ്കരണത്തെ സ്വാധീനിക്കുന്നതാണ്. അതിന് ഇച്ഛാശക്തിയ്ക്ക് കരുത്ത് പകരേണ്ടിയിരിക്കുന്നു. കർമശക്തിയിലുള്ള കുറവിനെ അകറ്റേണ്ടതുമാണ്. തിന്മകളെ അകറ്റാനുള്ള നമ്മുടെ ഇച്ഛാശക്തി സുദൃഢമാണെങ്കിൽ മാത്രമേ നമുക്ക് തിന്മയെ തടയാൻ സാധിക്കുകയുള്ളൂ. ഇച്ഛാശക്തി ഫലപ്രദമാകുന്നത് നമ്മുടെ കർമത്തിലുള്ള ബലഹീനതയും അതിലുള്ള പോരായ്മയും അകറ്റുമ്പോഴായിരിക്കും. ഇതു കൂടാതെ ഒരിക്കലും ഇസ്‌ലാഹ് അഥവാ പരിഷ്കരണം നടക്കുന്നതല്ല.

ഈ വീക്ഷണകോണിലൂടെ നാം ഒരാത്മപരിശോധന നടത്തുകയും നമ്മുടെ ഇച്ഛാശക്തി ഏതു രീതിയിലാണെന്ന് നോക്കുകയു

മാണെങ്കിൽ, ഇച്ഛാശക്തിയിൽ ധാരാളം ന്യൂനതകളുള്ളതായി കാണാവുന്നതാണ്. ജമാഅത്തിലുള്ള അധികം ആളുകളും ആഗ്രഹിക്കുന്നത് തങ്ങളിൽ തഖ്‌വയും വിശുദ്ധിയും ഉണ്ടായിത്തീരണമെന്നാണ്. അങ്ങനെ ഇസ്‌ലാമിക കൽപനകളെ പ്രചരിപ്പിക്കുന്നവരും അല്ലാഹുവിന്റെ സ്നേഹവും അവന്റെ സാമീപ്യവും കരസ്ഥമാക്കുന്നവരും ആയിത്തീരണമെന്ന് ആഗ്രഹിക്കുന്നവരുമാണ്. ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഇതിനെ ഇപ്രകാരം വിശദീകരിച്ചിരിക്കുന്നു: 'നമ്മുടെ ഇച്ഛാശക്തി സുദൃഢവും ശക്തവുമാണ്. എന്നിട്ടും പരിണതഫലം ശരിയാവുന്നില്ല. അതിനാൽ രണ്ടിലൊന്ന് നമ്മൾ സ്വീകരിക്കേണ്ടതായിവരും. ഒന്നുകിൽ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര ഇച്ഛാശക്തി നമുക്കില്ല. വിശ്വാസത്തിന്റെ പരിഷ്കരണത്തിനു വേണ്ട ഇച്ഛാശക്തി നമ്മളിലുണ്ടായിരുന്നു. അതിനാൽ വിശ്വാസങ്ങളെ നാം ശരിപ്പെടുത്തി. എന്നാൽ, കർമസംസ്കരണത്തിനാവശ്യമായ ഇച്ഛാശക്തി നമ്മളിലില്ലാത്തതുകൊണ്ട് കർമ സംസ്കരണത്തിൽ നമുക്ക് വിജയിക്കാൻ സാധിച്ചില്ല. മാത്രമല്ല നമ്മുടെ ദാസത്വത്തിൽ, അല്ലാഹുവിനെ ആരാധിക്കുന്നതിൽ എന്തോ കുറവുണ്ട്. അതുകാരണം നമ്മുടെ കർമശക്തി ദുർബലമായിരിക്കുന്നു. അത് നമ്മുടെ ഇച്ഛാശക്തിയുടെ സ്വാധീനത്തെ സ്വീകരിക്കാത്തതായി മാറിയിരിക്കുന്നു. നമ്മുടെ കർമശക്തി ദുർബലമായതു കാരണം ഇച്ഛാശക്തിയുടെ സ്വാധീനം സ്വീകരിക്കുന്നില്ല. ഇവ സ്വീകരിക്കുന്നതിന് ഏതെല്ലാം സഹായികളുടെ ആവശ്യമാണോ ഉള്ളത് അതിൽ ബലഹീനതയുണ്ടാകും. ഈ അവസ്ഥയിൽ ഏതെല്ലാം വസ്തുക്കളാണ് കർമശക്തിയെ സ്വാധീനിക്കുന്നത്, അവയ്ക്കുവേണ്ടി ചികിത്സ നടത്താത്തിടത്തോളം ഒരു പ്രയോജനവും ഉണ്ടാകുന്നതല്ല.

ഉദാഹരണമായി ഒരു വിദ്യാർഥിയെ എടുക്കാം. അവൻ തന്റെ പാഠം പഠിക്കുന്നെങ്കിലും അത് മറന്നു പോകുന്നു. ആ വിദ്യാർഥിയുടെ ഓർമശക്തി ശരിയാക്കാത്തിടത്തോളം അവനെ എത്രതന്നെ പഠിപ്പിച്ചാലും, പഠിക്കുന്നതിന് എത്ര തന്നെ ശ്രമം നടത്തിയാലും അത് അവന് ഓർത്തുവെക്കാൻ കഴിയില്ല.

അതിനാൽ, നമുക്ക് നമ്മുടെ കർമസംസ്കരണത്തിന്റെ അവസ്ഥയെകുറിച്ചും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നമ്മൾ നന്മ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിലും നമ്മുടെ മസ്തിഷ്ക്കത്തിന്റെ ഏതൊരു

ഭാഗത്തെ സ്വാധീനിച്ചുകൊണ്ടാണോ നമ്മുടെ കർമസംസ്കരണം സാധ്യമാക്കുന്നത് ആ ഭാഗത്തെ എന്തുകൊണ്ട് സ്വാധീനിക്കുന്നില്ല എന്ന് നാം നോക്കേണ്ടതാണ്. ആ തടസ്സങ്ങൾ അകറ്റുന്നതിനായി നമ്മൾ പരിശ്രമിക്കേണ്ടതാണ്. തുടർന്ന് നമ്മുടെ ആരാധനയുടെ നിലവാരം എന്താണെന്നും നമ്മൾ നോക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം നമ്മുടെ കർമപരമായ പരിശ്രമങ്ങളിൽ സദുദ്ദേശ്യവും ആത്മാർഥതയും കൂറും എത്രമാത്രമാണെന്നും പരിശോധിക്കേണ്ടതാണ്

ചുരുക്കത്തിൽ രണ്ട് രീതിയിലുള്ള തടസ്സങ്ങളാണ് കർമസംസ്കരണത്തിന് വരുന്നത്. ഒന്ന് ഇച്ഛാശക്തിയിലുള്ള ബലഹീനത, രണ്ടാമത്തേത് പ്രവർത്തന ശക്തിയിലുള്ള ബലഹീനത. മുമ്പേ പറയപ്പെട്ടതുപോലെ ഇതു രണ്ടിനുമിടയിൽ മറ്റൊന്നുകൂടിയുണ്ട്. അത് അറിവിലുള്ള കുറവാണ്. ഇത് അവ രണ്ടിലും സ്വാധീനം ചെലുത്തുന്നതാണ്. നമ്മൾ നമ്മുടെ കർമജീവിതത്തിൽ കാണുന്നത് ഇച്ഛകളും കർമങ്ങളും അറിവുമായി ബന്ധപ്പെട്ടുനിൽക്കുന്നതാണ്. ഇതിനെ ഇപ്രകാരം ഉദാഹരിക്കാം. ആയിരം പേരടങ്ങുന്ന ഒരു സൈന്യം തന്റെ ഭവനത്തെ ആക്രമിക്കാൻ വരുന്നുണ്ടെന്ന് അറിയാത്ത ഒരു വ്യക്തി, അവന്റെ അറിവ്, തന്നെ ആക്രമിക്കാൻ കുറച്ചു പേർ വരുന്നുണ്ടെന്നും അതിൽ രണ്ടോ മൂന്നോ പേര് ഉണ്ടായിരിക്കാമെന്നുമാണെങ്കിൽ അവരെ നേരിടാൻ അതനുസരിച്ച് മാത്രമേ അയാൾ തയ്യാറെടുക്കുകയുള്ളൂ. എന്നാൽ, 1000 പേരടങ്ങുന്ന വലിയ സൈന്യമാണ് ആക്രമിക്കാൻ വരുന്നതെന്ന് അയാൾ അറിഞ്ഞു കഴിഞ്ഞാൽ അതിനുള്ള തയ്യാറെടുപ്പ് നടത്തുക വേറൊരു രീതിയിലായിരിക്കും.

ചുരുക്കത്തിൽ അറിവില്ലായ്മ കാരണം ന്യൂനത പ്രകടമാകുന്നു. ശരിയായ അറിവ് ഇച്ഛാശക്തിയെ വർധിപ്പിക്കുന്നു. ചിലപ്പോൾ മനുഷ്യൻ ഏതെങ്കിലും ഒരു വസ്തുവിനെ പൊക്കിയെടുക്കാൻ ശ്രമിക്കുന്നു. നല്ല ഭാരമുള്ള ഒരു വസ്തുവിനെ ഭാരമില്ലാത്ത വസ്തുവായിക്കരുതി പൊക്കാൻ ശ്രമിച്ചാൽ പൊക്കാൻ സാധിക്കുകയില്ല. എന്നാൽ, അത് നല്ല ഭാരമുള്ളതാണെന്ന് ആദ്യം അവൻ അറിഞ്ഞാൽ അത് പൊക്കാനായി അതിന് വേണ്ടത്ര ശക്തി അവൻ ചെലുത്തുന്നതായിരിക്കും. അത് പൊക്കേണ്ട രീതി അവൻ മാറ്റും. അങ്ങനെ അവൻ അത് പൊക്കിയെടുക്കുന്നു. ഇവിടെ അറിവിന്

ശേഷം പൊക്കിയെടുത്തപ്പോൾ അവന് പുറമേ നിന്ന് ശക്തിയൊന്നും വന്നതല്ല. മറിച്ച് ശരിയായ അറിവ് ഉണ്ടായ കാരണത്താൽ തന്റെ ശക്തിയെ ശരിയായ രീതിയിൽ അവൻ ഉപയോഗിക്കുകയാണ് ചെയ്തത്. അതിൽ അവൻ വിജയിക്കുകയും ചെയ്തു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മറ്റൊരു കാര്യം പറഞ്ഞത്, അല്ലാഹു ഓരോ മനുഷ്യനിലും തുലനം ചെയ്യാനുള്ള ശക്തി വെച്ചിട്ടുണ്ട് എന്നാണ്. അതു മുഖേന രണ്ടു കാര്യങ്ങളെ അവർക്ക് താരതമ്യം ചെയ്യാൻ സാധിക്കുന്നതാണ്. ഇന്ന ജോലിക്ക് ഇത്ര കഴിവു വേണമെന്ന് അവന് മനസ്സിലാക്കാൻ സാധിക്കുന്നു. മനുഷ്യന്റെ ശക്തികളെല്ലാം അവന്റെ കൈയിലല്ല ഉള്ളത്. അവ മസ്തിഷ്ക്കത്തിലാണ് സൂക്ഷിച്ചുവെക്കപ്പെട്ടിട്ടുള്ളത്. ആദ്യം ഒരു പ്രവർത്തി ചെയ്യാൻ കഴിയാതെ വരുമ്പോൾ, ഭാരമുള്ള വസ്തു പൊക്കുന്നതിനെ കുറിച്ചുള്ള ഉദാഹരണം മുകളിൽ നൽകുകയുണ്ടായി, ഭാരം പൊക്കാൻ കഴിയുന്നില്ലെങ്കിൽ അവൻ തന്റെ മസ്തിഷ്ക്കത്തോട് കൂടുതൽ ശക്തി അയക്കാൻ ആവശ്യപ്പെടുന്നു. ഈ ശക്തി വരുമ്പോൾ വസ്തു ഉയർത്തു ന്നതിന് എളുപ്പമായിത്തീരുന്നു. ഈ തുലനം ചെയ്യാനുള്ള ശക്തി യും അറിവു മുഖേനയാണുണ്ടാകുന്നത്; ആന്തരിക അറിവായാലും ശരി, ഇനി ബാഹ്യമായ അറിവായാലും ശരി. ആന്തരിക അറിവു കൊണ്ട് ഉദ്ദേശിക്കുന്നത് നിരീക്ഷണവും അനുഭവവുമാണ്. ബാഹ്യമായ അറിവ് എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് പുറമേനിന്ന് വരുന്ന ശബ്ദം. അത് നമുക്ക് കേൾക്കാൻ സാധിക്കുന്നു. ആക്രമിക്കാൻ വരുന്നതിനെ കുറിച്ച് ഉദാഹരണം നൽകിയിരുന്നു. പുറമേ നിന്നുള്ള സന്ദേശം മനുഷ്യനെ ഉണർത്തുന്നു. എന്നാൽ, ഭാരം ഉയർത്താനുള്ള ഉദാഹരണത്തിൽ പറഞ്ഞത് തുലനം ചെയ്യാനുള്ള ശക്തി സ്വയം തീരുമാനമെടുക്കുകയാണ് ചെയ്യുന്നത്. ആദ്യം ആ ഭാരം പൊക്കാൻ കഴിയാതിരുന്നത് അതിനെ ഭാരമില്ലാത്ത വസ്തുവായി കരുതിയതുകൊണ്ടാണ്. പത്ത് കിലോ ഉള്ള വസ്തുവിനെ അഞ്ച് കിലോ ഉള്ള വസ്തുവായി കരുതി. അതിനാൽ കുറഞ്ഞ ശക്തിയാണ് ചെലുത്തിയിരുന്നത്. എന്നാൽ, പത്ത് കിലോ പൊക്കാൻ വേണ്ട ശക്തി പ്രയോഗിക്കുകയാണെങ്കിൽ തീർച്ചയായും അത് പൊക്കാൻ സാധിക്കുന്നതാണ്.

ഈ ഒരു തത്വത്തെ മുമ്പിൽവച്ച് കർമം ചെയ്യുന്നതിനായി മനുഷ്യൻ ശ്രമിക്കുമ്പോൾ അവന്റെ തുലനം ചെയ്യാനുള്ള ശക്തി

തന്റെ പരിശ്രമത്തിന് എന്തുമാത്രം ശക്തി ഉപയോഗിക്കേണ്ടിവരുമെന്ന് തീരുമാനമെടുക്കുന്നതാണ്. ചിലപ്പോൾ ശരിയായ അറിവ് ഇല്ലാത്ത കാരണം തന്റെ കർമങ്ങളെ ശരിയാക്കാൻ മനുഷ്യന് കഴിയാതെ വരുന്നു. അറിവില്ലാത്തതുകൊണ്ട് തുലനം ചെയ്യാനുള്ള ശക്തി കർമ സംസ്കരണത്തിന് എത്രവേണമെന്നുള്ള ശരിയായ അളവിനെക്കുറിച്ചുള്ള അറിവും അവന് നൽകുന്നില്ല. ചുരുക്കത്തിൽ തുലനം ചെയ്യാനുള്ള കഴിവാണ് മനുഷ്യനെ ജാഗരൂകനാക്കുന്നത്. അതിന്റെ അറിവില്ലായ്മ മനുഷ്യനെ അശ്രദ്ധനാക്കുകയും ചെയ്യുന്നു.

കർമങ്ങൾ ശരിയാക്കുന്നതിന് മൂന്ന് കാര്യങ്ങൾ സുദൃഢമാക്കേണ്ടതാവശ്യമാണ്. ഒന്ന് ഇച്ഛാശക്തി പ്രബലപ്പെടുത്തേണ്ടിയിരിക്കുന്നു. മറ്റൊന്ന് അറിവ് വർധിപ്പിക്കേണ്ടിയിരിക്കുന്നു. തുടർന്ന് കർമ ശക്തിയിൽ ഊർജ്ജവും ഉണ്ടാക്കണം.

അറിവിന്റെ വർധന ഇച്ഛാശക്തിയെ വർധിപ്പിക്കുന്നതാണെന്ന കാര്യം നമ്മൾ ഓർക്കേണ്ടതാണ്. അറിവ് വർധിക്കുന്നതനുസരിച്ച് ഇച്ഛാശക്തി വർധിക്കുന്നു. അല്ലെങ്കിൽ അത് പ്രവർത്തിക്കാൻ തയ്യാറാകുന്നുവെന്ന് പറയാം. ഇതിന്റെയെല്ലാം ചുരുക്കം ഇതാണ്. കർമസംസ്കരണത്തിന് നമുക്ക് മൂന്ന് കാര്യങ്ങളാണ് ആവശ്യമായിട്ടുള്ളത്. ഒന്ന് ഇച്ഛാശക്തി. വലിയ വലിയ കാര്യങ്ങൾ ചെയ്യാൻ പ്രാപ്തി കൈവരിക്കണം. രണ്ട് അറിവിലുള്ള വർധന. ഇച്ഛാശക്തി നമ്മുടെ ഉത്തരവാദിത്വങ്ങളെ മനസ്സിലാക്കുന്നതായിത്തീരണം. തെറ്റും ശരിയും തിരിച്ചറിയണം. ശരിയായതിനെ പിന്തുണക്കുകയും അത് ചെയ്യാനായി പൂർണമായും ശക്തി പകരുകയും ചെയ്യുക. മൂന്നാമത്തേത് കർമശക്തിയിലുള്ള ഊർജ്ജം. നമ്മുടെ അവയവങ്ങൾ നമ്മുടെ ഉദ്ദേശ്യമനുസരിച്ച് പ്രവർത്തിക്കുന്നതാകണം; ദുരുദ്ദേശ്യങ്ങളനുസരിച്ചല്ല മറിച്ച് സദുദ്ദേശ്യങ്ങളനുസരിച്ച്.

അതിന്റെ കൽപനകൾ അനുസരിക്കുന്നതിൽ ഒരിക്കലും നിഷേധാത്മക നിലപാടെടുക്കരുത്. ഈ കാര്യങ്ങൾ തെറ്റുകളിൽനിന്ന് മോചനം നൽകുന്നതും കർമസംസകരണത്തിനുള്ള അടിസ്ഥാനമാർഗങ്ങളുമാണ്. നമുക്ക് നമ്മുടെ ഇച്ഛാശക്തിയെ തന്റെ ശക്തി കൊണ്ടും കഴിവുകൊണ്ടും നിയമാനുസൃതവും തന്റെ ആജ്ഞകളെ അംഗീകരിപ്പിക്കുന്ന ഉന്നത ഉദ്യോഗസ്ഥനെപോലെയാക്കി മാറ്റേണ്ടിയിരിക്കുന്നു. ഒരുവിധ ഒഴിവുകഴിവും തന്നെ കീഴ്പ്പെടുത്തുന്നതാക്കരുത്.

അതിനാൽ നമുക്ക് നമ്മുടെ കർമസംസ്കരണത്തിന് ഈ കാര്യങ്ങളിലേക്ക് ശ്രദ്ധ തിരിക്കേണ്ടിയിരിക്കുന്നു. ഈ കാര്യങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഇച്ഛാശക്തിയെ ശക്തിപ്പെടുത്തണം. കർമശക്തിക്ക് ഊർജവും പകരണം. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ലക്ഷ്യത്തെ പൂർത്തിയാക്കുന്നവരായി മാറുന്നതാണ്. അല്ലാഹു നമുക്ക് നൽകിയിരിക്കുന്ന കഴിവുകൾ തുരുമ്പെടുത്ത് അവസാനിക്കാത്തതാകണം.

# ഇച്ഛാശക്തിയുടെ ഉദ്ദേശ്യം

*ഖുത്ബ സംഗ്രഹം 2014 ജനുവരി 17*

കർമപരമായ പരിഷ്കരണത്തിന് ആവശ്യമായ മൂന്ന് കാര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും പ്രഥമവുമായത് ഇച്ഛാശക്തിയാണെന്ന് നമ്മൾ കണ്ടുകഴിഞ്ഞതാണ്. ഈ ഇച്ഛാശക്തി എന്താണ്? ഈ പറഞ്ഞു വരുന്ന ഇച്ഛാശക്തി എന്താണെന്നോർത്ത് നമ്മളിൽ പല ർക്കും ആശ്ചര്യം തോന്നാം. ഇച്ഛാശക്തി എന്ന വാക്കിൽ നിന്ന് പ്രകടമാകുന്നതുപോലെ ഒരു കർമം ചെ യ്യാനുള്ള ഉറച്ച തീരുമാനം എടുക്കുകയും ആ കർമം അതിന്റെ പര്യവസാനത്തിൽ എത്തിക്കാ നുള്ള ശക്തിയുമാണിതെന്ന് ഭൂരിപക്ഷം ആളുകൾക്കും തോന്നാം. അങ്ങനെയാണെങ്കിൽ ഇച്ഛാശക്തി എന്താണ് എന്ന ചോദ്യം ഇവി ടെ ഉന്നയിക്കേണ്ട ആവശ്യമെന്താണ്? അതിനെ സംബന്ധിച്ചും വ്യക്തമാക്കേണ്ടതാണ്. അതുപോലെ ഈ വിഷയ സംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വളരെ മനോഹാരമായ വിധത്തിൽ ഇത് വിവരിക്കുന്നു. ഇച്ഛാശക്തിയുടെ വിവക്ഷിതം പ്രവർത്തനം അനുസരിച്ച് എല്ലായിടത്തും മാറിക്കൊണ്ടിരിക്കുന്നു. ഈ അടിസ്ഥാ നതത്ത്വം നമ്മുടെ ഓർമയിൽ ഇരിക്കേണ്ടതാണ്. ഈ വസ്തുത നമ്മുടെ മുമ്പിൽ വച്ചാൽ മാത്രമേ മാർഗ സംബന്ധമായ വിഷയ ങ്ങളിൽ ഇച്ഛാശക്തി കൊ ണ്ടുദ്ദേശിക്കുന്നത് എന്താണെന്ന് മനസ്സി ലാക്കാൻ സാധിക്കുക യുള്ളൂ. മതപരമായ കാര്യങ്ങളിൽ ഇച്ഛാ ശക്തി എന്നത് ഈമാ ന്റെ പേരാണെന്ന് മനസ്സിലാക്കിക്കൊള്ളുക. അപ്പോൾ നമ്മൾ ഈ വീക്ഷണകോണിലൂടെ നോക്കുമ്പോൾ കർമ ശേഷി ഈമാൻ വർധിക്കുന്നതിനനുസൃതമായി വർധിക്കുന്നുവെ ന്ന് മനസ്സിലാകുന്നതാണ്. അഥവാ ഉറച്ച വിശ്വാസവും, അല്ലാഹു വുമായി സുദൃഢബന്ധവും ഉണ്ടെങ്കിൽ മനുഷ്യന്റെ പ്രവർത്തന ങ്ങൾ സ്വയം ഉണ്ടാകുന്നതും മെച്ചപ്പെട്ട് കൊണ്ടിരിക്കുന്നതുമാണ്. എല്ലാ പ്രയാസങ്ങളും അല്ലാഹുവിന്റെ സഹായസംരക്ഷണത്താൽ ഏളുപ്പമായി പരിണമിക്കുന്നതാണ്. ഈ ഉറച്ച വിശ്വാസംകൊണ്ട് കർമപരമായ തടസ്സങ്ങൾ കാറ്റിൽ പറന്ന് പോകുന്നതാണ്. അങ്ങ നെ വളരെ എളുപ്പത്തിൽ മനുഷ്യന് ഇത് പ്രകടമാകുന്നതാണ്.

ഇത് വെറും വാചകമടി മാത്രമല്ല. മറിച്ച് പ്രാവർത്തികമായ നിലയിൽ നമുക്ക് ഇതിനുള്ള ഉദാഹരണങ്ങൾ കാണാൻ സാധിക്കും. നമ്മൾ റസൂൽകരീം(സ)യുടെ കാലഘട്ടത്തിലേക്ക് കണ്ണോടിക്കുമ്പോൾ വിശ്വാസസ്വീകരണത്തിന് മുമ്പേയുള്ള പ്രവർത്തനശൈലികളും വിശ്വാസസ്വീകരണത്തിന് ശേഷമുള്ള പ്രവർത്തനശൈലികളും തമ്മിൽ ആശ്ചര്യജനകമായ വ്യതിയാനത്തിന്റെ മാതൃകകൾ കാണാൻ സാധിക്കുന്നതാണ്. റസൂൽ കരീം(സ) യിൽ വിശ്വസിച്ചവർ ആരായിരുന്നു? അവരുടെ കർമങ്ങൾ ഏതു രീതിയിൽ ഉള്ളവയായിരുന്നു? ഇതിനെ സംബന്ധിച്ച് ചരിത്രം നമ്മോട് എന്താണ് പറയുന്നത്? വിശ്വസിച്ചവരുടെ കൂട്ടത്തിൽ മോഷ്ടാക്കൾ ഉണ്ടായിരുന്നു, അവരിൽ കൊള്ളക്കാരും ഉണ്ടായിരുന്നു, അവരിൽ അക്രമികളും ദുർനടത്തക്കാരും ഉണ്ടായിരുന്നു, അവരിൽ സ്വന്തം മാതാ ക്കളുമായി നിക്കാഹ് ചെയ്ത ആളുകളും ഉണ്ടായിരുന്നു. മാതാക്കളെ അനന്തരാവകാശ രീതിയിൽ വീതിക്കുന്നവരും അവരിൽ ഉണ്ടായിരുന്നു. തങ്ങളുടെ പെൺമക്കളെ കൊലചെയ്യുന്നവർ ഉണ്ടായിരുന്നു. അവരിൽ ചൂതുകളിക്കുന്നവരും ഉണ്ടായിരുന്നു. അവർ ഏതു നേരവും ചൂതാട്ടത്തിൽ മുഴുകിയവരായിരുന്നു. അവരിൽ മദ്യപാനികളും ഉണ്ടായിരുന്നു. മദ്യപാനത്തിൽ അവരോട് മത്സരിക്കാൻ പോന്ന ആളുകൾ ഉണ്ടായിരുന്നില്ല. മദ്യപിക്കുന്നതിനെ അവർ അഭിമാനമായി കണ്ടിരുന്നു. ഒരാൾ മറ്റൊരാളെക്കാൾ കൂടുതൽ മദ്യപിക്കുന്നതിൽ ഊറ്റം കൊണ്ടിരുന്നു. താനാണ് വലിയ കുടിയൻ, അല്ലെങ്കിൽ തനിക്കാണ് ഏറ്റവുമധികം മദ്യപിക്കാൻ സാധിക്കുന്നത് എന്നതിൽ അവർ അഭിമാനം കൊണ്ടിരുന്നു. ഒരു കവി തന്റെ അന്തസ്സിനേയും അഭിമാനത്തേയും ഉയർത്തിപ്പിടിച്ച് കൊണ്ടു പറയുന്നു: 'ഞാൻ രാത്രികളിൽ ഉണർന്നെഴുന്നേറ്റ് മദ്യപിക്കുന്നവനാണ്. വെള്ളം കൈകൊണ്ടുപോലും സ്പർശിക്കാറില്ല.' അതുപോലെ ചൂതുകളിക്കുന്നവൻ തന്റെ ചൂതാട്ടത്തിൽ അഭിമാനം കൊണ്ട് പറയുന്നു, ഞാൻ എന്റെ മുഴുവൻ സമ്പത്തും ചൂതുകളിയിൽ ചെലവഴിക്കുന്നു. പിന്നെയും പണം വരുന്നു ഞാൻ പിന്നെയും ചൂതാട്ടത്തിൽ ചെലവഴിക്കുന്നു. ഒരു പക്ഷേ ഇന്ന് വലിയവരിൽ വലിയ ചൂതാട്ടക്കാരൻ പോലും ഇത് വിളംബരപ്പെടുത്തുകയില്ല. എന്തായാലും അന്നത്തെ അവരുടെ അവസ്ഥ ഇതായിരുന്നു. പിന്നീട് റസൂൽ കരീം(സ)യിൽ വിശ്വസിച്ച കാരണത്താൽ

അവരുടെ അവസ്ഥകൾ ഏതു രീതിയിൽ മാറി? എപ്രകാരമുള്ള വിപ്ലവമാണ് അവരിലുണ്ടായത്? ഏതുരീതിയിലുള്ള ഇച്ഛാശക്തി യാണ് ഇവരുടെ ഈമാനിൽ ഉടലെടുത്തത്? ആ സംഭവങ്ങളും ചരിത്രം നമ്മോട് പറയുന്നു. അതു കേൾക്കുമ്പോൾ ആശ്ചര്യം തോന്നുന്നു. എങ്ങനെ ഇത്ര വേഗം, ഇത്ര മഹത്തരമായൊരു വിപ്ല വം അവരിലുണ്ടായി? വിശ്വസിച്ച ഉടൻതന്നെ ദീനി അധ്യാപ നങ്ങൾ പ്രാവർത്തികമാക്കുന്നതിന് തങ്ങളുടെ ഹൃദയത്തെ ഉറച്ച തും ദൃഢമുള്ള തും ആക്കണമെന്ന് അവർ തീരുമാനിച്ചു. അല്ലാഹു വിന്റെ കല്പന കൾക്കെതിരിൽ ഇനി തങ്ങൾ ഒരു ചുവടു പോലും വയ്ക്കുകയില്ലെ ന്ന് അവർ തീരുമാനമെടുത്തു. റസൂൽ കരീം(സ) യുടെ ഓരോ കല്പനയും തങ്ങൾക്ക് അവസാന വാക്കായിരി ക്കുമെന്ന് അവർ തീരുമാനിച്ചു. അവരുടെ ഈ തീരുമാനം എത്ര മാത്രം ഉറച്ചതും, സുദൃഢവും, കരുത്തുറ്റതുമായിരുന്നെന്നാൽ, അവ രുടെ പ്രവർത്തനവൈകല്യങ്ങൾ ഈ തീരുമാനത്തിന്റെ മുമ്പിൽ ഒരു നൊടിപോലും നിലനിന്നില്ല. അവരുടെ അവസ്ഥകൾ എത്ര ത്തോളം മാറിയെന്നാൽ, അവർ അപകടം നിറഞ്ഞ ദുരിതങ്ങൾ തങ്ങൾക്കുമേൽ വരിക്കാൻ തയ്യാറായെന്ന് മാത്രമല്ല. തങ്ങളിൽ ഉണ്ടാക്കിയെടുത്ത ഇച്ഛാശക്തി മുഖേന ഒരു വലിയ വെള്ളപ്പൊ ക്കത്തിന്റെ അലകൾ ഒരു കച്ചിത്തുരുമ്പിനെ ഒഴുക്കിക്കളയുന്നതു പോലെ അവർ തങ്ങളുടെ കർമ്മപരമായ വൈകല്യങ്ങളെ അക റ്റുകയും, വലിച്ചെറിയുകയും ചെയ്തു.

ഈ നിലയിലുള്ള ഇച്ഛാശക്തി ഉണ്ടാകുകയാണെങ്കിൽ പിന്നീ ട് ആളുകളുടെ കർമപരമായ പരിഷ്കരണത്തിന് മറ്റു മാർഗങ്ങൾ അവലംബിക്കേണ്ട ആവശ്യംതന്നെ ഉദിക്കുന്നില്ല. 1400 വർഷങ്ങൾ ക്കുമുമ്പേ ഇച്ഛാശക്തിമൂലം കർമപരമായ പരിഷ്ക്കരണം എത്രയ ധികം നടന്നിട്ടുണ്ടെന്നാൽ, ലോകത്തിൽ മറ്റെവിടെയും ഇതിനു സമാനമായ ഒരു ഉദാഹരണം കാണാൻ സാധിക്കുന്നതല്ല. ഒരു ആശ്ചര്യജനകമായ വിപ്ലവമാണ് അവിടെ സംഭവിച്ചത്. എന്നാൽ, അതിനോട് സാദൃശ്യം പുലർത്തുന്ന മറ്റ് ഉദാഹരണങ്ങൾ റസൂൽ കരീം(സ) യുടെ സത്യസന്ധനായ ദാസന്റെ ജമാഅത്തിൽ നമുക്ക് കാണാൻ സാധിക്കുന്നതാണ്. പുകയില ഉപയോഗിക്കുന്നത് ഹറാം അല്ലെങ്കി ൽ ത്തന്നെയും ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിനെ ചീത്തയായി പറഞ്ഞിരിക്കുന്നു. ഇത് റസൂൽ കരീം(സ) യുടെ

കാലഘട്ടത്തിൽ ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം നിരോധിക്കുമാ യിരുന്നുവെന്നും പറഞ്ഞു. എന്തായാലും ഇത് ഒരു ചീത്തക്കാര്യ മാണ്. ഇതിൽ ലഹരിയുമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു യാത്രാമധ്യേ ഹുക്കയോടുള്ള അനിഷ്ടം പ്രകടിപ്പിച്ചപ്പോൾ, ഹുക്ക വലിക്കുന്ന ശീലക്കാരായ അദ്ദേഹത്തിന്റെ സ്വഹാബാക്കൾ ഹുക്ക പൊട്ടിച്ചു കളഞ്ഞു. പിന്നീട് ഒരിക്കലും പുകവലിക്കുന്ന തിന്റെ അടുത്തുപോലും പോയിട്ടില്ല. ഈ മാതൃകകൾ നമ്മൾ നിലനിറുത്തേണ്ടത് അനിവാര്യമാണ്. ഏതെങ്കിലും നിയമത്തെ ഭയന്നു കൊണ്ടോ, സമൂഹത്തെ ഭയന്നുകൊണ്ടോ അല്ല തിന്മയെ ഉപേക്ഷിക്കേണ്ടത്. അല്ലെങ്കിൽ മാതാപിതാക്കളോടുള്ള ഭയം കൊ ണ്ടോ, സമൂഹത്തിന്റെ ഭയം കൊണ്ടോ, അതിൽനിന്ന് രക്ഷ പ്പെടണമെന്ന ചിന്താഗതി ഒരിക്കലും ഉണ്ടാകാൻ പാടില്ല. മറിച്ച് നമ്മുടെ ചിന്ത, അല്ലാഹുവും അവന്റെ റസൂലും ഇതിൽനിന്ന് നമ്മെ തടഞ്ഞിരിക്കുന്നു എന്നതായിരിക്കണം. അല്ലെങ്കിൽ ഈ കാലഘട്ട ത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനെ നിരോധിച്ചിരി ക്കുന്ന കാരണത്താൽ ഇതിൽ നിന്ന് രക്ഷപ്പെടണം. മുസ്ലിം രാജ്യ ങ്ങളിൽ മദ്യം പരസ്യമായിട്ട് ലഭിക്കുന്നില്ല. നമുക്കറിയാം പാക്കി സ്ഥാൻ മുതലായ നാടുകളിൽ നിയമം അതിന് അനുവദിക്കുന്നില്ല. ഇക്കാരണത്താൽ രഹസ്യമായ രീതിയിൽ ഇവർ നാടൻ മദ്യങ്ങൾ ഉണ്ടാക്കുകയും കുടിക്കുകയും ചെയ്യുന്നു. ഇത് താരതമ്യേന വീര്യം കൂടിയ ലഹരിയുമാകുന്നു. ധനവാന്മാരായ ആളുകൾ മറ്റു മാർഗ ങ്ങളിലൂടെ ഉന്നതമായ മദ്യങ്ങൾ സംഘടിപ്പിച്ചെടുക്കുന്നു. അതു പോലെ ഞാൻ കണ്ടിട്ടുണ്ട്, ചില യൂണിവേഴ്സിറ്റിയിലെ വിദ്യാർ ഥികൾ ആൽക്കഹോൾ അടങ്ങിയിട്ടുള്ള സിറപ്പുകളും, മരുന്നുകളും പ്രത്യേകിച്ച് ചുമയുടെ സിറപ്പുകൾ ലഹരിക്ക് പകരം ഉപയോഗി ക്കുന്നു. അതിൽ മറ്റു മരുന്നുകളും അടങ്ങിയിട്ടുള്ള കാരണത്താൽ അതിന്റെ ദൂഷ്യഫലങ്ങളും ഉണ്ടാകുന്നതാണ്. ഇങ്ങനെയുള്ള സമൂഹത്തിൽ അഹ്മദികൾ രക്ഷപ്പെട്ടിരിക്കേണ്ടത് വളരെ അനിവാര്യമാണ്. തങ്ങളുടെ ഇച്ഛാശക്തികൊണ്ട് ഈ തിന്മ കളിൽനിന്ന് രക്ഷപ്പെടേണ്ടത് ആവശ്യമാണ്. ഇപ്പോൾ ഇവിടെ യൂറോപ്യൻ രാജ്യങ്ങളിലും അപകടകാരികളായ മറ്റു ലഹരികളെ ക്കൂടാതെ 'ശീഷ' എന്ന പേരിൽ റസ്റ്റോറന്റുകളിൽ പ്രത്യേകിച്ചും മുസ്ലിം റസ്റ്റോറന്റുകളിൽ ലഹരി പദാർഥം ലഭിക്കുന്നു. അതു

പോലെ അമേരിക്കയിൽ ഹുക്കയുടെ പേരിൽ ലഹരി ഉപയോഗിച്ചു വരുന്നു. അത് പ്രത്യേക രീതിയിലുള്ള ഹുക്കയാണ്. അതിന് എന്തോ പേര് പറയുന്നുണ്ട്. എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്, ഇവിടെ പല യുവാക്കളും യുവതികളും ഇതിൽ ലഹരിയില്ല എന്നു പറഞ്ഞു കൊണ്ട് 'ശിഷ' ഉപയോഗിക്കുന്നു എന്നാണ്. വല്ലപ്പോഴും അത് ഉപയോഗിക്കുന്നതു കൊണ്ട് കുഴപ്പമില്ലെന്ന് അവർ ധരിക്കുന്നു. ഓർത്തുകൊള്ളുക! ഈ വല്ലപ്പോഴുമുള്ള ഉപയോഗം നിങ്ങളെ ഒരു സമയത്ത് വലിയ ലഹരിക്ക് അടിമയാക്കിത്തീർക്കുന്നതാണ്. പിന്നീട് അതിൽനിന്ന് പിന്മാറുന്നത് പ്രയാസകരമായിത്തീരുന്നതാണ്. അതിനാൽ ഇപ്പോൾത്തന്നെ നിങ്ങളുടെ ഇച്ഛാശക്തി വിനിയോഗിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. അങ്ങനെ ഈ തിന്മകളിൽനിന്ന് രക്ഷപ്പെടേണ്ടതുണ്ട്. അതിനുവേണ്ടി നിങ്ങളുടെ ഈമാനെ നോക്കുക, ഈമാന്റെ ആവേശത്തിലൂടെ മാത്രമേ ഇച്ഛാശക്തി ഉണ്ടാക്കിയെടുക്കാൻ സാധിക്കുകയുള്ളൂ. സ്വഹാബാക്കളുടെ മാതൃകകളിൽ നമ്മൾ കണ്ടതുപോലെ ഉടനടി വലിയ തീരുമാനങ്ങൾ എടുക്കാൻ ഇത് പ്രേരകമാകുന്നു.

ഇതിനോടൊപ്പംതന്നെ മുമ്പേ സൂചിപ്പിച്ചതുപോലെ അറിവിന്റെ ശക്തിയുണ്ട്. അറിവ് ആരിലെങ്കിലും ഉണ്ടെങ്കിൽ അറിവില്ലായ്മ മൂലം ഉണ്ടാകുന്ന പ്രവർത്തന വൈകല്യങ്ങൾ ദുരീകരിക്കാൻ സാധിക്കുന്നതാണ്. അതിന് ഭൗതിക ജീവിതത്തിലെ ഉദാഹരണം നോക്കുകയാണെങ്കിൽ കുട്ടികൾക്ക് ചെറുപ്പത്തിൽ ചില ശീലങ്ങൾ ഉണ്ടായിരിക്കും, ചില കുട്ടികൾക്ക് മണ്ണ് തിന്നുന്ന ശീലം ഉണ്ടായിരിക്കും, ഇതിന്റെ ദൂഷ്യഫലത്തെ കുറിച്ച് കുട്ടി ബോധവാനാകുമ്പോൾ തന്റെ പരിശ്രമങ്ങളിലൂടെ ആ ശീലം മാറ്റുന്നതാണ്. അതുപോലെ ഒരുപാട് ശീലങ്ങളുണ്ട്. എനിക്കറിയാവുന്ന ഒരു പെൺകുട്ടിക്ക് ഉറക്കത്തിൽ മുടി പിഴുതെടുക്കുന്ന ശീലമുണ്ട്. അങ്ങനെ മുറി വുണ്ടാകുന്നു. എന്നാൽ, ആ കുട്ടി മെല്ലെമെല്ലെ വളരുമ്പോൾ ഇതിനെക്കുറിച്ച് ബോധമുണ്ടാകുന്നു. അങ്ങനെ ആ ശീലം ഉപേക്ഷിക്കാൻ പരിശ്രമിക്കുന്നു. അപ്പോൾ അറിവ് ഉണ്ടാകുമ്പോൾ ഈ ശീലം  അവസാനിക്കുന്നതാണ്.

മൂന്നാമത്തെ കാര്യം പ്രവർത്തനവൈകല്യം ഉണ്ടാകുന്നത് കർമശക്തിയുടെ ന്യൂനത മൂലമാണ്. എന്തായാലും ഈ മൂന്ന് രീതിയിലുള്ള ആളുകളും ലോകത്തുണ്ട്, ഈ രോഗങ്ങളുമുണ്ട്. ചില

ആളുകളുടെ പ്രവർത്തനവൈകല്യത്തിന് കാരണം വിശ്വാസത്തിന്റെ അപൂർണതയാണ്, ചിലയാളുകളുടെ പ്രവർത്തന വൈകല്യത്തിന് കാരണം അവരിലെ അറിവിന്റെ അപര്യാപ്തതയാണ്, ചിലയാളുകൾ, അറിവും ഈമാനും ഉണ്ടെങ്കിലും അവരിൽ മറ്റു മാർഗങ്ങളിലൂടെ ഉണ്ടാകുന്ന തുരുമ്പ് മാറ്റാൻ അവർക്ക് ഈ രണ്ട് ചികിത്സാമാർഗങ്ങളും പര്യാപ്തമല്ല. അവർക്ക് ബാഹ്യമായ ചികിത്സ അനിവാര്യമായിവരുന്നു. ഏതെങ്കിലും പിൻബലത്തിന്റെ ആവശ്യമുണ്ടാകുന്നു. ഉദാഹരണത്തിന് ആരുടെയെങ്കിലും എല്ലിന് ഒടിവ് സംഭവിച്ചാൽ എല്ലുകൾ കൂടിച്ചേരുന്നതിന് പ്ലാസ്റ്റർ ചെയ്ത് പിൻബലം നൽകാറുണ്ട്. ചിലപ്പോൾ എല്ലുകൾക്ക് ബലം ഉണ്ടാകുന്നതിന് ഓപറേഷൻ മുഖേന കമ്പി ഇടാറുണ്ട്. മെല്ലെ മെല്ലെ എല്ലുകൾ ശരിയാവുകയും ഈ പിൻബലം എടുത്തു കളയുകയും ചെയ്യുന്നു. അതുപോലെ ചില മനുഷ്യർക്ക് കുറച്ച് കാലത്തേക്ക് പിൻബലം ആവശ്യമായി വരുന്നു. മെല്ലെ മെല്ലെ ഈ പിൻബലത്തിലൂടെ അവൻ സ്വയം പ്രവർത്തിക്കുന്നതിനാവശ്യമായ ഊർജം കരസ്ഥമാക്കുന്നു. അങ്ങനെ പ്രവർത്തനവൈകല്യങ്ങൾ അകലുകയും ചെയ്യുന്നതാണ്. ഞാൻ കഴിഞ്ഞ ഖുത്ബയിലും പറഞ്ഞിരുന്നു, നമ്മുടെ ജമാഅത്ത് സംവിധാനവും, നമ്മുടെ ഭാരവാഹികളും, നമ്മുടെ കീഴ്ഘടകങ്ങളുമെല്ലാം ഈ പ്രവർത്തന വൈകല്യത്തെ ദൂരീകരിക്കുന്നതിനുള്ള പിൻബ ലമായിത്തീരേണ്ടതാണ്. എന്നാൽ, സ്വയം ഈ ഭാരവാഹികളിൽ ഇച്ഛാശക്തിയില്ലെങ്കിൽ, അറിവില്ലെങ്കിൽ, പ്രവർത്തനവൈകല്യങ്ങളുണ്ടെങ്കിൽ മറ്റുള്ളവർക്ക് പിൻബലമാകുന്നത് എങ്ങനെയാണ്?. അതിനാൽ ജമാഅത്തിന്റെ അഭിവൃദ്ധിക്കായി, ജമാ അത്ത് സംവിധാനത്തിന്റെ ഓരോ ഘടകവും എന്നല്ല ഓരോ അഹ്മദിയും ആത്മപരിശോധന നടത്തിക്കൊണ്ട് തങ്ങളെ പരിഷ്ക്കരിക്കേണ്ടത് അനിവാര്യമാണ്. തങ്ങളുടെ സുഹൃത്തുക്കളുടേയും, മറ്റു ഉറ്റവരുടേയും, ന്യൂനതകളിൽ അകപ്പെട്ടിരിക്കുന്നവരുടേയും പിൻബലമായിത്തീരേണ്ടതാണ്. അങ്ങനെ ജമാഅത്തിലെ ഓരോ വ്യക്തിയും കർമപരമായ പരിഷ്ക്കരണത്തിന്റെ ഉന്നതനിലവാരം കരസ്ഥമാക്കുന്നവരായിത്തീരേണ്ടതാണ്. ഇപ്രകാരം അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവരായിത്തീരുകയും ചെയ്യട്ടെ. അല്ലാഹു തആലാ നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

# ജമാഅത്തിലെ മുറബ്ബിമാരുടേയും ഉപദേശികളുടേയും കടമകൾ

*ഖുത്ബസംഗ്രഹം 2014 ജനുവരി 24*

ഹുദൂർ പറയുന്നു: നമ്മുടെ മുറബ്ബിമാരും, നമ്മുടെ പണ്ഡിതന്മാരും ഉപദേശിക്കാൻ അവസരങ്ങൾ ലഭിക്കുന്ന ഭാരവാഹികളും അമീറുമാരും വിശേഷിച്ച് ഇക്കാര്യത്തെ തങ്ങളുടെ മുന്നിൽ വെക്കേണ്ടതാണെന്ന് ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ഇതവരുടെ ഉത്തരവാദിത്വങ്ങളിൽ ഉൾപ്പെട്ടതാണ്. ശാഖാ സംഘടനകളുടെ ഭാരവാഹികളും ഇതിൽ ഉൾപ്പെടുന്നു. ഇതിലൂടെ ജമാഅത്തംഗങ്ങളുടെ കർമസംസ്കരണത്തിൽ തങ്ങളുടെ പങ്ക് പൂർണമായും നിർവഹിക്കാൻ സാധിക്കുന്നതാണ്. തൽസംബന്ധമായി ധാരാളം കാര്യങ്ങൾ യഥാസമയങ്ങളിൽ ഞാൻ ജമാഅത്തിന് മുന്നിൽ സമർപ്പിക്കുന്നുണ്ട്. ഇപ്പോൾ എം.ടി.എയുടെ അനുഗ്രഹഫലമായി ജമാഅത്തംഗങ്ങൾ അവരെവിടെയുള്ളവരായാലും എം.ടി.എയുമായി ബന്ധം സ്ഥാപിക്കുമ്പോൾ എന്റെ വാക്കുകൾ കേൾക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതവരിൽ പ്രഭാവം ചെലുത്തുകയും ചെയ്യുന്നു. ചുരുങ്ങിയപക്ഷം വലിയൊരു വിഭാഗം ജനങ്ങളെ അത് സ്വാധീനിക്കുന്നു. എന്നാൽ, മുറബ്ബിമാരും അമീറുമാരും ഭാരവാഹികളും തങ്ങളുടെ പ്രോഗ്രാമുകളെ ചിട്ടപ്പെടുത്തി ഓരോ അഹ്മദിയുടേയും ചിന്തയിൽ അവരുടെ പ്രവർത്തനവൃത്തം സ്പഷ്ടമാകുന്നതിന് ഈ സന്ദേശം വീണ്ടും വീണ്ടും ജമാഅത്തിനുമുമ്പിൽ സമർപ്പിക്കേണ്ടതാകുന്നു.

ചുരുക്കത്തിൽ ഉത്തരവാദിത്വമേൽപിക്കപ്പെട്ടവർ എപ്പോഴും തങ്ങളുടെ മുന്നിൽ വെക്കേണ്ട അത്യന്തം പ്രാധാന്യമർഹിക്കുന്ന കാര്യമാണിത്. സംസ്കരണത്തിനായുള്ള ഉപാധികളിൽ ഏറ്റവും പ്രഥമമായത് നേരത്തേ പരാമർശിച്ചതുപോലെ ഇച്ഛാശക്തിയുടെ ദൃഢതയാണ്. അല്ലെങ്കിൽ മറ്റുവാക്കുകളിൽ വിശ്വാസമാകുന്നു. ലോകത്ത് പ്രവാചകന്മാർ ആഗതരാകുന്നതും അവരിലൂടെ നവംനവങ്ങളായ അടയാളങ്ങളും സജീവദൃഷ്ടാന്തങ്ങളും വെളിപ്പെടുന്ന

തും ഈ വിശ്വാസം ഉണ്ടാക്കിയെടുക്കുന്നതിനായിട്ടാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'നമ്മുടെ ജമാഅത്തിൽ അല്ലാഹുവിന്റെ നവം നവങ്ങളായ ദൃഷ്ടാന്തങ്ങളുടെ ഒരു വലിയ ശേഖരം തന്നെയുണ്ട്. മറ്റുള്ളവരുടെ പക്കൽ ഇത്രയുമില്ലെന്ന് മാത്രമല്ല ഇതിന്റെ ചെറിയൊരംശം പോലുമില്ല. മനുഷ്യമനസുകളെ സർവ മാലിന്യങ്ങളിൽ നിന്നും ശുദ്ധമാക്കി ദൈവികജ്ഞാനത്താൽ പൂരിതമാക്കുന്ന നവം നവങ്ങളായ ദൈവിക ഭാഷണങ്ങളും, അവന്റെ സജീവ ദൃഷ്ടാന്തങ്ങളും, അവന്റെ അസ്ഥിത്വത്തെ പ്രകടമാക്കുന്ന അടയാളങ്ങളും ഇസ്‌ലാമിലല്ലാതെ ലോകത്തുള്ള മറ്റൊരു മതത്തിലും ഇല്ലതന്നെ. എന്നാൽ, ഈ വിശ്വാസവും നവംനവങ്ങളായ സജീവ ദൃഷ്ടാന്തങ്ങളും കൈമുതലായി ഉണ്ടായിരുന്നിട്ടും, എന്തുകൊണ്ടാണ് നമ്മുടെ ജമാഅത്തംഗങ്ങളുടെ കർമങ്ങളിൽ ന്യൂനതയുണ്ടാകുന്നത്? തൽസംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറയുന്നു: 'ജമാഅത്തിലെ പണ്ഡിതന്മാരും, മുറബ്ബിമാരും, ഉപദേശികളും ഇത് പ്രചരിപ്പിക്കുന്നതിനായി പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടില്ല എന്നതാണിതിന് കാരണം. ഇന്നേക്ക് 75,76 വർഷങ്ങൾക്ക് മുമ്പേ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പ്രകടിപ്പിച്ച ഈ ചിന്ത എത്രത്തോളം വാസ്തവമായിരുന്നുവോ, ഇന്നും അപ്രകാരം തന്നെയാകുന്നു. ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടത് അനിവാര്യമാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ കാലഘട്ടത്തിൽ നിന്നും അകലുന്നതനുസരിച്ച് ഇക്കാര്യത്തിൽ നമ്മൾ പൂർണമായ പരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ട് ശ്രദ്ധ ചെലുത്തേണ്ടതാണ്. അദ്ദേഹം പറഞ്ഞ ഒരു കാര്യം ഇന്നും ശ്രദ്ധേയമാണ്. അതായത് ഈസാനബിയുടെ മരണത്തെ സംബന്ധിച്ച് ഘോരപ്രസംഗങ്ങൾ നടത്തുകയും ആക്ഷേപങ്ങൾക്ക് മറുപടിയായി അവരുടെ പൂർവികരുടെ ഉദ്ധരണികൾതന്നെ എടുത്തുകാട്ടി ആക്ഷേപകരുടെ വായടപ്പിക്കുകയും ചെയ്യുന്നു. എന്നാൽ, ജമാഅത്തംഗങ്ങളുടെ മുന്നിൽ ജമാഅത്തിന്റെ യഥാർഥ അധ്യാപനങ്ങളെ സമർപിക്കുന്നതിന് അത്രകണ്ട് ശ്രമം ഉണ്ടായിട്ടില്ല. ചുരുങ്ങിയ പക്ഷം പണ്ഡിതന്മാരുടെ ഭാഗത്തു നിന്നുമുണ്ടാകുന്നില്ല. തല്ഫലമായി ഈസാ നബിയുടെ മരണത്തിനുള്ള തെളിവുകൾ അറിയുന്ന, അല്ലെങ്കിൽ മൗലവിമാരുടെ ആരോപണങ്ങൾക്ക് വായടപ്പൻ മറുപടി നല്കാൻ സാധിക്കുന്നവർ നമ്മുടെ

ജമാഅത്തിൽ കാണാൻ സാധിക്കുന്നതാണ്. ചില ചാനലുകളിലും അല്ലെങ്കിൽ ഇന്റർനെറ്റിലും മൗലവിമാരുടെ ആക്ഷേപങ്ങൾക്ക് പലപ്പോഴും വളരെ ഉത്തമമായ മറുപടി പറയുന്ന സാധാരണ അഹ്മദികളെ നിങ്ങൾക്കിവിടെ കാണാൻ സാധിക്കുന്നതാണ്. ടി.വിയിൽ നടന്ന തങ്ങളുടെ ചർച്ചകളുമായി ബന്ധപ്പെട്ട് തങ്ങളുടെ റിപ്പോർട്ടുകൾ എനിക്ക് ചിലർ നല്കാറുണ്ട്. തങ്ങളുടെ മറുപടികളും അതിൽ എഴുതാറുണ്ട്. അവരുടെ മറുപടികൾ അധികവും ഉത്തമവും വിജ്ഞാനപ്രദവുമായിരിക്കും.

ഈ അടിസ്ഥാനത്തിൽ നമ്മൾ ആയുധ സജ്ജരാണ്. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മുടെ മുന്നിൽ അല്ലാഹുവിനെ എപ്രകാരമാണ് സമർപിച്ചത്, ദൈവികജ്ഞാനവും സ്നേഹവും കരസ്ഥമാക്കുന്നതിനുള്ള ഏതെല്ലാം മാർഗങ്ങളാണ് ആ മഹാത്മാവ് സമർപിച്ചത്. ദൈവസാമീപ്യം കരസ്ഥമാക്കുന്നതിനായി അദ്ദേഹം ഏതെല്ലാം വാക്കുകളിലൂടെയാണ് നിഷ്കർഷിച്ചിട്ടുള്ളത്, അല്ലാഹുവിന്റെ നവങ്ങളായ ഭാഷണങ്ങളും ദൃഷ്ടാന്തങ്ങളും അടയാളങ്ങളും അദ്ദേഹത്തിനുമേൽ എപ്രകാരമാണ് പ്രകടമായത് എന്നെല്ലാം അറിയുന്നവരെ വളരെ കുറച്ചു മാത്രമെ കാണാൻ സാധിക്കു. ചില സന്ദർഭങ്ങളിൽ ഒരു വ്യക്തി ഈസാ നബിയുടെ മരണത്തെ അംഗീകരിക്കുന്നു, അതിനുള്ള തെളിവുകളും അറിയാം മാതാപിതാക്കളിൽ നിന്ന് പാരമ്പര്യമായി അഹ്മദിയ്യത്തും ലഭിച്ചു. എന്നാൽ, ഇതിനെക്കുറിച്ചുള്ള അറിവെല്ലാം ഉണ്ടായിരുന്നിട്ടും മുൻ വിവരിച്ച കാര്യങ്ങളെ സംബന്ധിച്ചുള്ള ജ്ഞാനമില്ലാത്ത കാരണത്താൽ വിശ്വാസത്തിൽ ബലഹീനത ഉടലെടുക്കുന്നു. വിശ്വാസം ചാഞ്ചാടാനും കർമപരമായ ദൗർബല്യങ്ങൾ പ്രകടമാകാനും തുടങ്ങുന്നു.

ചുരുക്കത്തിൽ ഒരു വ്യക്തി ഈസാനബിയുടെ മരണത്തിൽ നിസംശയം ഉറച്ചു വിശ്വസിക്കുന്നുണ്ടാകും എന്നാൽ, ഇക്കാര്യം അറിഞ്ഞതുകൊണ്ട് അയാളുടെ കർമസംസ്കരണം ഉണ്ടാകില്ല. അക്കാരണത്താൽ ഈ നിലയിൽ ജമാഅത്തിൽ ചിലയിടങ്ങളിൽ ന്യൂനത കാണപ്പെടുന്നു. ജമാഅത്തിനു മുന്നിൽ തങ്ങളുടെ മാതൃക കാണിക്കുവാനും സംസ്കരണം നടത്തുന്നതിനുമുള്ള ഉത്തരവാദിത്വമേൽപിക്കപ്പെട്ട നമ്മുടെ ജമാഅത്തിലെ പണ്ഡിതന്മാരും മുറബ്ബിമാരും അമീർമാരും ഭാരവാഹികളുമെല്ലാം ഇക്കാര്യത്തിലേക്ക്

വേണ്ട വിധം ശ്രദ്ധ ചെലുത്തുന്നതുവരെ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ആഗമനോദ്ദേശ്യവുമായി ഓരോ ജമാഅത്തംഗത്തേയും ബന്ധിപ്പിക്കാൻ ശ്രമിക്കേണ്ടവിധം പരിശ്രമിക്കാത്തതുവരെ ഇച്ഛാ ശക്തിയുടെ ദൗർബല്യത്താൽ സംസ്കരണം നടത്താൻ സാധ്യമാ കാത്ത ഒരു വലിയ വിഭാഗം ജമാഅത്തിൽ അധികമായി കാണപ്പെ ടുന്നതാണ്. അതിനാൽ അല്ലാഹുവിനെ ആരാധിക്കുന്നതിൽ താല് പര്യമുള്ള എത്രപേർ നമ്മിലുണ്ടെന്നത് വിലയിരുത്തേണ്ടതുണ്ട്. റമദാനിൽ ഒരു മാസം വ്രതമെടുത്ത് അല്ലെങ്കിൽ ഒരിക്കൽ ഇഅ്തി കാഫിനിരുന്ന് പിന്നീട് വർഷം മുഴുവനും അല്ലെങ്കിൽ വർഷങ്ങ ളോളം അതും പറഞ്ഞു നടന്നുകൊണ്ടിരിക്കാതെ ദൈവസാമീപ്യം സ്ഥായിയായി കരസ്ഥമാക്കാൻ സ്ഥിരചിത്തതയോടു കൂടി ആവേ ശവും താല്പര്യവും തങ്ങളിൽ സംജാതമാക്കാൻ ശ്രമിക്കുന്നവർ എത്ര പേരുണ്ടെന്നത് വിലയിരുത്തേണ്ടതുണ്ട്. അല്ലാഹു സ്നേഹ ത്തോടുകൂടി വർത്തിച്ചുകൊണ്ട് ഭാഷണം നടത്തുകയും ദുആ സ്വീ കാര്യതയുടെ അടയാളം കാണിക്കുകയും ചെയ്യുന്ന വിധത്തിലുള്ള എത്ര പേർ നമ്മളിലുണ്ട് എന്നതും വിലയിരുത്തേണ്ടതാണ്. ഹദ് റത്ത് മസീഹ് മൗഊദ് (അ) നെ അംഗീകരിച്ചുകൊണ്ട് ഈ നില വാരം കരസ്ഥമാക്കേണ്ടത് അല്ലെങ്കിൽ അതിനായി ശ്രമിക്കേണ്ടത് ഓരോ അഹ്മദിയുടെയും കടമയാകുന്നു.

ജമാത്തംഗങ്ങളുടെ മുന്നിൽ ദൈവപ്രീതി കരസ്ഥമാക്കാനുള്ള ശ്രമത്തെകുറിച്ച് നമ്മുടെ പണ്ഡിതന്മാരും മുറബ്ബിമാരും ഭാരവാ ഹികളും അവരവരുടെ പരിധിയിൽ നിന്നുകൊണ്ട് നിരന്തരം പരാ മർശം നടത്തുന്നില്ല. അല്ലെങ്കിൽ വേണ്ട വിധം പരാമർശിക്കുന്നില്ല. അല്ലെങ്കിൽ അവരുടെ ശ്രദ്ധയാകർഷിക്കും വിധം മാതൃകയാകു ന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) നേയും ആ മഹാത്മാവിന്റെ സ്വഹാബാക്കളേയും നിരന്തരം പരാമർശിച്ചുകൊണ്ട് ആ മഹാത്മാ ക്കൾക്കുണ്ടായ ദൈവിക ദൃഷ്ടാന്തങ്ങളുടേയും സഹായത്തിന്റേ യും സംഭവങ്ങൾ ശക്തമായി ആവർത്തിച്ച് പറയപ്പെടുന്നില്ല. അല്ലാ ഹു തന്റെ സവിശേഷഗുണങ്ങൾ പ്രത്യേക കാലഘട്ടത്തിനോ, പ്രത്യേക വ്യക്തികൾക്കോ പരിമിതപ്പെടുത്തിയിട്ടില്ല എന്നും മറിച്ച് ഇന്നും അല്ലാഹു തന്റെ സവിശേഷഗുണങ്ങൾ പ്രകടമാക്കിക്കൊ ണ്ടിരിക്കുന്നു എന്ന കാര്യവും ബോധ്യപ്പെടുത്തുന്നില്ല. ഇക്കാര്യ ങ്ങൾ നിരന്തരമായി പരാമർശിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവു

മായി ബന്ധം സ്ഥാപിക്കുന്നതിനുള്ള മാർഗങ്ങൾ പറഞ്ഞു കൊടുക്കുകയും, ഹദ്റത്ത് മസീഹ് മൗഊദ്(അ) നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനങ്ങളെ വിവരിച്ചുകൊടുക്കുകയും ചെയ്യുകയാണെങ്കിൽ ദുഃആ സ്വീകാര്യതയുടെ തത്ത്വങ്ങളും മനസിലാകും. അതോടൊപ്പം അടയാളങ്ങളും വെളിപ്പെടുന്നതാണ്.

ചുരുക്കത്തിൽ റസൂൽ തിരുമേനി (സ) യുടെ സത്യപ്രേമിയുമായി ബന്ധപ്പെട്ടുകൊണ്ട് മാത്രമേ ഇക്കാലത്ത് ദൈവ സാമീപ്യം കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ എന്നത് പൊതുവിൽ പറഞ്ഞു കൊടുക്കേണ്ടതുണ്ട്. ദൃഷ്ടാന്തങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വ്യക്തിത്വവുമായി മാത്രമോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ കാലഘട്ടത്തിലേക്ക് മാത്രമോ പരിമിതപ്പെടുത്തിയിട്ടില്ല. മറിച്ച് ഇപ്പോഴും അല്ലാഹു തന്റെ സർവ്വപ്രതാപത്തോടുംകൂടി പ്രകടമാകുന്നുണ്ട്. അതിനാൽ, നന്മയെ കരസ്ഥമാക്കുന്നതിനുള്ള ആവേശവും ദൈവ സാമീപ്യം പ്രാപിക്കുന്നതിനുള്ള ആവേശവും നമ്മുടെ ജമാഅത്തിൽ സർവസാധാരണമായാൽ വലിയ തോതിൽ തിന്മയെ ഉപേക്ഷിക്കുന്ന വലിയൊരു വിഭാഗം രൂപം കൊള്ളുന്നതായിരിക്കും.

തിന്മയെ പൂർണമായും വിപാടനം ചെയ്യുക എന്നത് ദുഷ്കരമാണ്. അങ്ങനെയൊരു അവകാശവാദം ഉന്നയിക്കാനും കഴിയില്ല. എന്നാൽ, ഒരു വലിയ പരിധിവരെ തിന്മയെ അതിജയിക്കാൻ സാധിക്കുന്നതാണ്. അല്ലെങ്കിൽ തിന്മയെ അതിജയിക്കുന്ന വലിയൊരു വിഭാഗം ജമാഅത്തിൽ ഉണ്ടാകുന്നതാണ്, ഉണ്ടായിത്തീരുന്നതാണ്. അതിനാൽ നമ്മുടെ മുറബ്ബിമാരും അമീറുമാരും ഭാരവാഹികളും അവരവരുടെ പരിധിയിൽ സംസ്കരണത്തിനായി പരിശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ പൂർണമായും അനുധാവനം ചെയ്യുന്നവർ ദൈവസാമീപ്യം കരസ്ഥമാക്കുന്നവരാകുമെന്നും അത്തരക്കാരുടെ അധികം ദുആകളും അല്ലാഹു സ്വീകരിക്കുന്നതാണെന്നും അല്ലാഹു ആ മഹാത്മാവിനോട് പറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞുകൊണ്ട് സംസ്കരണത്തിനായി ശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിൽ അത്തരക്കാരുണ്ട്. അവരെനിക്ക് എഴുതാറുമുണ്ട്. ചില സംഭവങ്ങൾ വിവിധ സന്ദർഭങ്ങളിൽ പരാമർശിച്ചു കൊണ്ടിരിക്കുന്നുണ്ട്. ഞാനും പരാമർശിക്കാറുണ്ട്. അനുകരണത്തിനായി പ്രേരിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് അവ പരാമർശിക്കപ്പെടുന്നത്. അല്ലാഹുമായി സാമീപ്യം

കരസ്ഥമാക്കുന്നതിനായി അവ ശ്രവിച്ചതിനുശേഷം അനുകരിക്കാൻ ശ്രമിക്കേണ്ടതാണ്.

ലോകത്തുള്ള ഒരു സമുദായവും ഉത്തരം നല്കുന്നവനും ദുആ സ്വീകരിക്കുന്നവനുമായ ദൈവത്തെ വിശ്വസിക്കുന്നില്ല. ഞാൻ യേശുവിനെ ദൈവമായി അംഗീകരിക്കുന്നു, യേശു എന്റെ ദുആ കേൾക്കുകയും മറുപടി നല്കുകയും ചെയ്യുന്നു എന്ന് ഏതെങ്കിലും ക്രിസ്ത്യാനിക്ക് പറയാൻ കഴിയുമോ? ഒരിക്കലുമില്ല. സംസാരിക്കുന്ന ദൈവം ഒന്നേയുള്ളൂ. അത് വിശുദ്ധ ഖുർആൻ സമർപിച്ച ഇസ്ലാമിന്റെ ദൈവമാകുന്നു. വിശുദ്ധഖുർആൻ പറയുന്നു,

ادْعُونِيٓ أَسْتَجِبْ لَكُمْ (40:61)

നിങ്ങൾ എന്നെ വിളിച്ചാൽ ഞാൻ മറുപടി നല്കുന്നതാണ്.

ഇക്കാര്യങ്ങൾ ജമാഅത്തിനു മുമ്പിൽ ആവർത്തിച്ചാവർത്തിച്ച് സമർപിക്കുകയാണെങ്കിൽ നിശ്ചയമായും അതിൽ ദൃഢത ഉണ്ടാകുന്നതാണ്. ആയിരക്കണക്കിന് തിന്മകളെ അതിജയിക്കുകയും അവയിൽനിന്ന് എന്നെന്നേക്കുമായി സുരക്ഷിതരാക്കുകയും ഒരിക്കലും ഇളക്കം തട്ടാത്ത ബന്ധം അല്ലാഹുവുമായി സ്ഥാപിതമാക്കുകയും ചെയ്യുന്ന തരത്തിൽ അവരുടെ ഇച്ഛാശക്തി സുദൃഢമാകുന്നതാണ്.

മനുഷ്യനെ തിന്മകളിൽനിന്ന് രക്ഷപ്പെടുത്തുകയും എല്ലാ കാര്യങ്ങളിലും ദൈവേച്ഛയ്ക്ക് മുൻഗണന നല്കുന്ന തരത്തിൽ അല്ലാഹുവുമായി ബന്ധം സ്ഥാപിതമാക്കുകയും ചെയ്യുക എന്നതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദേശ്യം. ആരാധനകളിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള വഴികൾ തേടുന്നതിനുപകരം, അല്ലെങ്കിൽ കടമയാണെന്ന് കരുതി വേഗത്തിൽ നിർവഹിക്കുന്നതിനു പകരം, തലയിൽനിന്ന്, കഴുത്തിൽ നിന്ന് ഒരു ഭാരം ഇറക്കിവെക്കുന്നു എന്നതിനു പകരം അതിന് ഒരാവേശം ഉടലെടുക്കേണ്ടതാണ്.

ചുരുക്കത്തിൽ ഓരോരുത്തരും താന്താങ്ങളുടെ പരിധിയിൽ പ്രവർത്തനം ആരംഭിക്കുകയാണെങ്കിൽ സ്പഷ്ടമായ ഒരു പരിവർത്തനം പ്രകടമാകുന്നതാണ്. അറിവിന്റെ പേരിൽ സ്കൂളുകളിൽ വിവിധങ്ങളായ തിന്മകളെക്കുറിച്ച് കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്ന ഇക്കാലത്ത് കുട്ടികളേയും യുവാക്കളേയും യാഥാർഥ്യത്തെകുറിച്ച് ബോധ്യപ്പെടുത്തേണ്ടത് നമ്മുടെ വ്യവസ്ഥിതിക്ക് അനിവാര്യമാ

കുന്നു. മാതാപിതാക്കൾ തങ്ങളുടെ അവസ്ഥ നോക്കിക്കൊണ്ട് കുട്ടികൾക്ക് ചെറുപ്രായത്തിൽ അറിവിന്റെ പേരിൽ സ്കൂളുകളിൽ നിന്ന് നല്കപ്പെടുന്ന അറിവിന്റെ അപകടത്തെ കുറിച്ച് സ്വയം ബോധവാന്മാരാകേണ്ടതുണ്ട്. തങ്ങളേയും തങ്ങളുടെ മക്കളേയും രക്ഷിക്കുന്നതിന് മാതാപിതാക്കൾക്ക് അതിനെക്കുറിച്ചുള്ള അറിവ് ഉണ്ടായിരിക്കേണ്ടതാണ്. ഇവിടെ ചെറുപ്രായത്തിൽതന്നെ കുട്ടികൾക്ക് ചില അനാവശ്യകാര്യങ്ങൾ പഠിപ്പിച്ച് കൊടുക്കുന്നുണ്ട്. നന്മയേയും തിന്മയേയും വേർതിരിച്ചറിയുന്നതിനുവേണ്ടിയാണെന്ന തെളിവും സമർപിക്കുന്നു. എന്നാൽ, യഥാർഥത്തിൽ നന്മയേയും തിന്മയേയും തിരിച്ചറിയുന്നതിനുപകരം അധികം കുട്ടികളും കുട്ടിക്കാലം മുതൽതന്നെ മനസിൽ മോശമായ ചിന്തകൾ വച്ചു പുലർത്തുന്നവരായിത്തീരുന്നു. കാരണം അവരുടെ മുന്നിൽ മാതാപിതാക്കളുടെ മാതൃകയോ അല്ലെങ്കിൽ അവന്റെ ചുറ്റുപാടുമുള്ള മാതൃകയോ അധികവും മോശമായതായിരിക്കും. നല്ലത് കുറവായിരിക്കും.

അതിനാൽ തെറ്റായ അറിവിനു പകരം ശരിയായ അറിവ് ലഭിക്കുന്നതിന് മുറബ്ബിമാരും ശാഖാ സംഘടനകളുടെ ഭാരവാഹികളും മാതാപിതാക്കളും ചേർന്ന് കൂട്ടായി പരിശ്രമിക്കേണ്ടതുണ്ട്. സ്കൂളുകളുടെ രീതിയെ തടയാൻ നമുക്ക് സാധിക്കില്ല. നമുക്കതിൽ കൈകടത്താൻ കഴിയില്ല. എന്നാൽ, ദുഷിച്ചതും, നിർലജ്ജവുമായതിന്റെ വ്യതിരിക്തത പറഞ്ഞുകൊടുത്തും കുട്ടികളെ വിശ്വാസത്തിലെടുത്തും തങ്ങളുടെ കർമമാതൃക കാണിച്ചുകൊടുത്തും ചുറ്റുപാടിന്റെ ദുഷ്പ്രഭാവത്തിൽനിന്ന് രക്ഷിക്കാൻ സാധിക്കുന്നതാണ്. അല്ലാഹു നമുക്കേവർക്കും നമ്മുടെ ഉത്തരവാദിത്വങ്ങൾ ഉത്തമമായ നിലയിൽ നിറവേറ്റുന്നതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

# കർമസംസ്കരണത്തിന്നാവശ്യമായ നാല് ആശ്രയങ്ങൾ

*ഖുത്ബ സംഗ്രഹം 2014 ജനുവരി 31*

കഴിഞ്ഞ ഖുത്ബയിൽ ഇച്ഛാശക്തി സംജാതമാക്കുവാനും അറിവില്ലായ്മ അകറ്റാനും വേണ്ട കാര്യങ്ങളാണ് വിവരിച്ചിരുന്നത്. പ്രവർത്തനപരമായ ബലഹീനത അകറ്റുവാനുള്ള മാർഗത്തെ കുറിച്ചും കർമശക്തിയെ എങ്ങനെ വർധിപ്പിക്കാൻ സാധിക്കും എന്ന മൂന്നാമത്തെ കാര്യത്തെ കുറിച്ചും പറഞ്ഞിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഇന്ന് പറയുക.

കഴിഞ്ഞ ഖുത്ബകളിൽ ഇതു സംബന്ധമായി പറഞ്ഞിരുന്നത് പുറമേ നിന്നുള്ള ചികിത്സയും സഹായവും ഇതിനാവശ്യമാണെന്നാണ്. മറ്റുള്ളവരുടെ പിന്തുണ ഇതിന് ആവശ്യമാണെന്ന് പറയാം. കർമസംസ്കരണത്തിന് ഈ പിന്തുണ രണ്ട് തരത്തിലാണ് വേണ്ടത്. അല്ലെങ്കിൽ രണ്ടു രീതിയിലുള്ള പിന്തുണ നമുക്ക് വേണമെന്ന് പറയാം. ഒന്ന് മേൽനോട്ടം അഥവാ നിരീക്ഷണം. മറ്റൊന്ന് ബലപ്രയോഗം.

മേൽനോട്ടംകൊണ്ടുദ്ദേശിക്കുന്നത് സ്ഥിരമായി നാം നമ്മുടെ നിരീക്ഷണത്തിൽ വെക്കുക എന്നതാണ്. തെറ്റായ പ്രവർത്തി ചെയ്യുന്നുണ്ടോ എന്ന് നോക്കണം. ഇങ്ങനെയുള്ള മേൽനോട്ടം ഭൗതികകാര്യങ്ങളിലും നടക്കാറുണ്ട്. വീടുകളിൽ കുട്ടികളെ മാതാപിതാക്കൾ നിരീക്ഷിക്കുന്നു. സ്കൂളുകളിൽ അധ്യാപകർ പഠിപ്പിക്കുന്നതോടൊപ്പം കുട്ടികളെ നിരീക്ഷിക്കാറുണ്ട്. ചിലപ്പോൾ ഗവൺമെന്റ് ഉദ്യോഗസ്ഥൻ നിരീക്ഷണം നടത്താറുണ്ട്. റോഡുകളിൽ ട്രാഫിക്ക് നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്നറിയാൻ സ്ഥിരമായി ക്യാമറകൾ സ്ഥാപിക്കുകയും അതിനോടൊപ്പം ക്യാമറ വെച്ചിട്ടുണ്ടെന്ന് അറിയിക്കാൻ ബോർഡ് പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ടാകും. ഇത് നിരീക്ഷണത്തിന്റെ ഒരു മാർഗമാണ്.

ഈ നിരീക്ഷണങ്ങളുടെ എല്ലാം ഉദ്ദേശ്യം കുഴപ്പമുണ്ടാകുമെന്ന് തോന്നുന്ന എല്ലാ കാര്യങ്ങളിൽ നിന്ന് അവരെ തടയുക എന്ന

താണ്. ഈ മേൽനോട്ടങ്ങൾക്കൊണ്ട് ഉദ്ദേശിക്കുന്നത് ഇസ്‌ലാഹ് നടക്കണം എന്നതാണ് .

ഏതായിരുന്നാലും മേൽനോട്ടം, നിരീക്ഷണം എന്നത് സംസ്കരണത്തിന്റെ ഒരു ഭാഗമായാണ് എല്ലാ സമൂഹത്തിലും അംഗീകരിക്കപ്പെടുന്നത്. കർമസംസ്കരണത്തിന് ഇങ്ങനെ മേൽനോട്ടം വഹിക്കണമെന്ന് മതവും നമ്മോട് പറയുന്നു. പല തെറ്റായ പ്രവർത്തികളിൽനിന്ന് ഇതുകാരണം മനുഷ്യന് രക്ഷപ്പെടാൻ സാധിക്കുന്നതാണ്. സമൂഹവും മാതാപിതാക്കളും അവരുടെ പരിധിയിൽ നമ്മളെ നിരീക്ഷിക്കുന്നുണ്ടെന്ന ചിന്ത അവർക്കുണ്ടാകും. മുറബ്ബിമാർ അവരുടെ പരിധിയിൽ മേൽനോട്ടം വഹിക്കുക എന്നത് അവരുടെ ജോലിയാണ്. നിള്വാമും അവരുടെ പരിധിയിൽ മേൽനോട്ടം വഹിക്കേണ്ടതാണ്. ഓരോ മേൽനോട്ടക്കാരനും അവരുടെ കീഴിലുള്ളവരെക്കുറിച്ച് ചോദിക്കപ്പെടുന്നതാണെന്ന ഇസ്‌ലാമിന്റെ അദ്ധ്യാപനം കൂടി മുമ്പിലുണ്ടെങ്കിൽ മേൽനോട്ടം വഹിക്കപ്പെടുന്നവരുടെ ഇസ്‌ലാഹ് അഥവാ പരിഷ്കരണം മാത്രമല്ല നടക്കുക, മേൽനോട്ടം വഹിക്കുന്നവരുടെ സംസ്കരണവും നടക്കുന്നതാണ്.

ഏതായിരുന്നാലും കർമസംസ്കരണത്തിന് മേൽനോട്ടം എന്നത് വളരെയധികം സ്വാധീനം ചെലുത്തുന്ന ഒന്നുതന്നെയാണ്.

ഇസ്‌ലാഹിനുവേണ്ടി അനിവാര്യമായിട്ടുള്ള രണ്ടാമത്തെ സംഗതി ബലപ്രയോഗമാണ്. മതകാര്യങ്ങളിൽ ബലാൽക്കാരമില്ലെന്ന് നാം പറയാറില്ലേ, പിന്നെ എന്തുകൊണ്ട് കർമസംസ്ക്കരണത്തിനുവേണ്ടി ബലപ്രയോഗം നടത്തണം എന്ന് ചിലർ ചിന്തിക്കുന്നുണ്ടാകും. ഇവിടെ മതം സ്വീകരിക്കാനും മതം ഉപേക്ഷിക്കാനും ബലപ്രയോഗമില്ല എന്നാണ് നമ്മൾ മനസ്സിലാക്കേണ്ടത്. ഏതു മതം സ്വീകരിക്കാനും ഏതു മതം ഉപേക്ഷിക്കാനും ഓരോരുത്തർക്കും സ്വാതന്ത്ര്യമുണ്ട്. ഇസ്‌ലാം ഈ സ്വാതന്ത്ര്യം വളരെ വ്യക്തമായി നൽകുന്നുണ്ട്. ഇവിടെ ബലാൽക്കാരംകൊണ്ട് ഉദ്ദേശിക്കുന്നത് ഇന്ന മതവിശ്വാസിയാണെന്ന് പറഞ്ഞു കൊണ്ട് അതിന്റെ നിയമങ്ങളെ ലംഘിക്കുകയും അത് പ്രാവർത്തികമാക്കാതിരിക്കുകയും ചെയ്യുക എന്നതാണ്. ഒരു ഭാഗത്ത് ഞങ്ങൾ ജമാഅത്തിന്റെ, നിള്വാമിന്റെ ഭാഗമാണെന്ന് പറയുക. മറുഭാഗത്ത് നിള്വാമിന്റെ(വ്യവസ്ഥിതിയുടെ) നിയമങ്ങളെ ലംഘിക്കുകയും ചെയ്യുക. ഇങ്ങനെ

യാണെങ്കിൽ തീർച്ചയായും അവിടെ ബലം പ്രയോഗിക്കേണ്ടി വരും. ഇവിടെ ബലപ്രയോഗം എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഇതാണ്. നിളാമിന്റെ ഭാഗമായി ജീവിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിന്റെ അധ്യാപനമനുസരിച്ചും ജീവിക്കേണ്ടി വരും. അതല്ലെങ്കിൽ ശിക്ഷ ലഭിച്ചേക്കാം. പിഴ ചുമത്തിയേക്കാം. ചില വിലക്കുകൾ ഏർപ്പെടുത്തിയേക്കാം. ഇതിന്റെയെല്ലാം ഉദ്ദേശ്യം ഇസ്‌ലാഹ് വരുത്തുക എന്നതാണ്. അങ്ങനെ പ്രവർത്തന വൈകല്യത്തെ ദുരീകരിക്കാൻ സാധിക്കുന്നതാണ്.

ജമാഅത്തിലും നിളാമെ ജമാഅത്ത് ശിക്ഷ നൽകുമ്പോൾ അതിന്റെ ലക്ഷ്യംതന്നെ പരിഷ്കരണം വരുത്തുക എന്നതാണ്. ആരെയെങ്കിലും വേദനിപ്പിക്കുകയോ വെറുതേ പ്രയാസപ്പെടുത്തുകയോ അല്ല. ഇങ്ങനെയുള്ള ബലപ്രയോഗം ഗവൺമെന്റ് നിയമങ്ങളിലും നമുക്ക് കാണാവുന്നതാണ്. അവിടേയും ശിക്ഷ ലഭിക്കാറുണ്ട്. ജയിലിൽ ഇടുന്നു. പിഴ അടക്കേണ്ടതായും വരുന്നു. ചിലപ്പോൾ വധിക്കപ്പെടുകയും ചെയ്യുന്നു. ഇതിന്റെയെല്ലാം ഉദ്ദേശ്യം സമൂഹത്തിൽ സമാധാനം നിലനിൽക്കണം എന്നതാണ്. മറ്റുള്ളവർക്ക് നഷ്ടം വരുത്തുവാൻ ഉദ്ദേശിക്കുന്നവർക്ക് അത് ചെയ്യാൻ സാധിക്കരുത്. ചില സന്ദർഭങ്ങളിൽ തനിക്കുതന്നെ നഷ്ടം വരുത്തുന്ന കാര്യങ്ങൾ ചെയ്യുമ്പോൾ അതിനും ശിക്ഷ ലഭിക്കാറുണ്ട്. എന്നാൽ, ഈ ശിക്ഷാ നടപടികൾ നൽകുമ്പോഴും അവരെ നന്നാക്കുവാനുള്ള മാർഗങ്ങൾ അവലംബിക്കുന്നു. ആരെയെങ്കിലും തൂക്കിലേറ്റുകയാണെങ്കിൽ ആ ബലപ്രയോഗം നടത്തുന്നത് ഈ കൊലയാളി ഒരു ജീവനെ നശിപ്പിച്ചു എന്ന കാരണത്താലാണ്. കൊലയാളികൾക്ക് തുറന്ന അനുവാദം നൽകുകയാണെങ്കിൽ സമൂഹത്തിലെ സമാധാനം നശിക്കുന്നതാണ്. പല കൊലയാ ളികളും പിന്നീട് ഉണ്ടായി വരുന്നതാണ്. അതിനാൽ വധത്തിനുശിക്ഷ വധംതന്നെ നൽകുമ്പോൾ മറ്റുള്ളവരെ കൊല്ലണം എന്ന ചിന്തവെച്ച് നടക്കുന്നവർക്കും അതുപോലെ കൊലയാളികൾക്കും ഇതൊരു താക്കീതായിത്തീരുന്നു. ചുരുക്കത്തിൽ ഈ ബലപ്രയോഗം എന്നത് പരിഷ്കരണം നടത്തുന്നതിന്റെ ഒരു ഭാഗമാണ്. ഇതു ലോകത്ത് നടന്നു വരുന്ന ഒന്നാണ്. ഭൗതികമായ ശിക്ഷകൾക്ക്, അവരുടെ ബലപ്രയോഗത്തിന് വിശ്വാസവുമായി ബന്ധമില്ല. എന്നാൽ, മതവുമായി ബന്ധപ്പെട്ടവർ ബലപ്രയോഗം നടത്തുമ്പോൾ, ദീനിസംവിധാന

ത്തിന്റെ കീഴിൽ അവർക്കു ശിക്ഷ നൽകുമ്പോൾ, അത് പിഴപോലുള്ള ഏതു രീതിയിലുള്ള ശിക്ഷയാണെങ്കിലും, ഏതെങ്കിലും രീതിയിലുള്ള വിലക്ക് ഏർപ്പെടുത്തുകയാണെങ്കിലും, ജമാഅത്ത് ചിലപ്പോൾ ചന്ദ വാങ്ങരുതെന്ന് പറയാറുണ്ട്, ഇതെല്ലാം തന്നെ ബലപ്രയോഗത്തിലൂടെ അവരെ തടയുന്നുണ്ടെങ്കിലും അതോടൊപ്പം അവർ സൽപ്രവർത്തികൾ ചെയ്യുന്നതിലേക്ക് അവരുടെ ശ്രദ്ധ തിരിച്ചുപിടിക്കുകയും ചെയ്യുമ്പോൾ, ശിക്ഷയിൽ നിന്ന് രക്ഷപ്പെടണമെന്നും കാലത്തിന്റെ ഖലീഫയുടെ ദ്വേഷത്തിൽനിന്ന് അല്ലാഹുവിന്റെ കോപത്തിൽ നിന്ന് രക്ഷപ്പെടണമെന്ന ചിന്തയോടുകൂടി സൽകർമങ്ങൾ ചെയ്യുമ്പോൾ, പതുക്കെപ്പതുക്കെ ഹൃദയത്തിൽ ഈമാൻ ഉണ്ടായിത്തീരുകയും അത് വർധിക്കുകയും ചെയ്യുന്നു. അവർ തിന്മകൾ ഉപേക്ഷിച്ച് സസന്തോഷം നന്മകൾ ചെയ്യുന്നവരായി മാറുന്നു.

അതിനാൽ എപ്പോഴും ഓർക്കേണ്ടത് സൽകർമങ്ങൾ ചെയ്യുന്ന ശീലം ഉണ്ടാക്കുന്നതിനായി വിവിധ മാർഗങ്ങൾ അവലംബിക്കേണ്ടിയിരിക്കുന്നു. ഈ മാർഗങ്ങൾ സ്വീകരിക്കാതെ കർമ സംസ്കരണത്തിൽ വിജയം വരിക്കാൻ കഴിയില്ല. അതിനാൽ ഈ മാർഗങ്ങൾ ഉപയോഗിക്കുക എന്നത് വളരെ അനിവാര്യമാണ്. ഈമാൻ ഉണ്ടാക്കുക, യഥാർഥ അറിവ് ഉണ്ടാക്കുക-ഇവ രണ്ടും കഴിഞ്ഞ ഖുത്വ്ബയിൽ പ്രതിപാദിച്ചിട്ടുള്ളതാണ്- മേൽന്നോട്ടം വഹിക്കുക ബലപ്രയോഗം നടത്തുക- അതിനെ കുറിച്ച് ഇപ്പോൾ വിവരിക്കുകയുണ്ടായി- ഈ നാലു കാര്യങ്ങളില്ലാതെ പരിഷ്കരണം നടത്താൻ കഴിയില്ല.

നമ്മൾ കൂലങ്കശമായി ചിന്തിക്കുമ്പോൾ ലോകത്ത് വിവിധ തരം ആളുകളുണ്ടെന്ന് മനസ്സിലാകുന്നതാണ്. ഒരു വിഭാഗം ഈമാനിക ശക്തി ഇല്ലാത്തവരായിരിക്കും. കർമസംസ്കരണത്തിന് വേണ്ടത്ര വിശ്വാസ ദാർഢ്യം അവരിൽ ഉണ്ടാകില്ല. അങ്ങനെയുള്ളവരുടെ ഹൃദയത്തിൽ വിശ്വാസശക്തി നിറച്ചു കൊടുത്താൽ അവരുടെ പ്രവർത്തനം ശരിയായിത്തീരുന്നതാണ്. മറ്റൊരു വിഭാഗം അറിവില്ലാത്തതുകാരണം തിന്മയിൽ അകപ്പെടുന്നവരാണ്. അതിന് അവർക്ക് ശരിയായ അറിവ് നൽകേണ്ടതാണ്. അവർക്ക് ശരിയായ അറിവ് നൽകേണ്ടിയിരിക്കുന്നു. ഒരു വിഭാഗം സൽകർമങ്ങൾ ചെയ്യാൻ മറ്റുള്ളവരുടെ സഹായം ആവശ്യമായിട്ടുള്ളവരാണ്. ഈ

രീതിയിലുള്ള ആളുകളേയും നമുക്ക് കാണാൻ സാധിക്കുന്നതാണ്. ഇവരെ രണ്ടുരീതിയിൽ നമുക്ക് പുറമേനിന്ന് സഹായിക്കാൻ സാധിക്കുന്നതാണ്. ഒന്ന് അവരുടെ മേൽനോട്ടം വഹിച്ചുകൊണ്ട്. അതിന്റെ വിശദീകരണം ഞാൻ നൽകിക്കഴിഞ്ഞതാണ്. നമ്മൾ അവരെ നിരീക്ഷണത്തിൽ വെക്കുകയാണെങ്കിൽ അവർ തിന്മകൾ ഉപേക്ഷിക്കുന്നതാണ്. നന്മ ചെയ്യാൻ അവർക്ക് പ്രേരണ ഉണ്ടാകുകയും ചെയ്യുന്നതാണ്. എന്നാൽ, തികച്ചും അധഃപതിച്ച സമൂഹമാണെങ്കിൽ, നിരീക്ഷണംകൊണ്ടു കാര്യമില്ലെങ്കിൽ അവർക്ക് ശിക്ഷ നൽകുന്നില്ലെങ്കിൽ അവരുടെ ഇസ്‌ലാഹ് സാധ്യമല്ല. അതിനാൽ ഈ നാലു മാർഗങ്ങളും ജമാഅത്തിന്റെ പരിഷ്കരണത്തിനുവേണ്ടി ഉപയോഗിക്കേണ്ടത് അനിവാര്യമാണ്. ഓരോരുത്തർക്കും അവരുടെ രോഗമനുസരിച്ച് ചികിത്സ നൽകേണ്ടതാണ്.

മതത്തിന്റെ പക്കൽ അധികാരമോ വാളോ ഇല്ലാത്ത കാലത്ത് ഈ നാലു രീതിയിലുള്ള പ്രവർത്തനവും അനിവാര്യമായി വരുന്നു. ആദ്യത്തെ ചികിത്സ എന്ന നിലയിൽ തർബിയ്യത്ത് ചെയ്ത് ഈമാനിനെ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടയാളങ്ങൾ, വഹ്‌യുകൾ, അല്ലാഹുമായുള്ള അദ്ദേ നഹത്തിന്റെ ബന്ധം, അദ്ദേഹം മുഖേന അദ്ദേഹത്തിൽ വിശ്വസിച്ചവരിലുണ്ടായ ആത്മീയവിപ്ലവം എന്നിവയെ കുറിച്ച് പരാമർശിക്കുക. അല്ലാഹുവിന്റെ സാമീപ്യംകൊണ്ട് എന്തെല്ലാം നേട്ടമാണുള്ളതെന്ന് അവരോട് പറയുക. ഈ കാര്യങ്ങൾ തുടർച്ചയായി, നിരന്തരം പറഞ്ഞുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹുവിനോടുള്ള സ്നേഹം മനുഷ്യന് എങ്ങനെ നേടിയെടുക്കാൻ സാധിക്കുമെന്ന് പറഞ്ഞുകൊടുക്കണം. അല്ലാഹുവിന്റെ സ്നേഹം ആർക്കെങ്കിലും ലഭിച്ചു കഴിഞ്ഞാൽ അല്ലാഹു അവരോട് എന്തുമാത്രം അത്ഭുതകരമായ രീതിയിലാണ് പെരുമാറുന്നത്. ഇതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് എന്താണ് പറഞ്ഞു തന്നത്. ആഫ്രിക്കക്കാരിൽ നിന്നും അറബികളിൽ നിന്നും കൂടുതലായും വരുന്ന നവഅഹ്മദികൾ തങ്ങളുടെ സംഭവങ്ങൾ എഴുതി അറിയിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ പുസ്തകങ്ങൾ വായിച്ച് അവരിൽ മാറ്റങ്ങളുണ്ടായ കാര്യങ്ങൾ അവർ പറയുന്നു. അവരുടെ വിശ്വാസത്തിൽ വർധനയുണ്ടായി എന്ന് പറയുന്നു. പുസ്തകങ്ങൾ വായിച്ച് അവരിലുണ്ടായ തെറ്റായ വിശ്വാസാദർശങ്ങൾ ശരിയാകുക

യുണ്ടായി. അവരുടെ വിശ്വാസാദർശത്തിൽ വർധന വരുത്തിക്കൊണ്ട് വിശ്വാസത്തിന്റെ പുതിയ മാർഗങ്ങൾ അവർക്ക് കാണാൻ സാധിച്ചു. എന്നാൽ, ഈമാനിലുള്ള ദൃഢത കൈവരുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ അടയാളങ്ങൾ കണ്ടുകൊണ്ടും ആ മഹാത്മാവിന്റെ വഹ്‌യിന്റെ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുന്നതുകൊണ്ടും അദ്ദേഹത്തിനുണ്ടായ അല്ലാഹുവുമായുള്ള ബന്ധം കാരണവുമായാണ്. അല്ലാഹു അവർക്ക് ചില അടയാളങ്ങൾ കാണിച്ചുകൊടുത്ത് തന്റെ സാമീപ്യത്തിന്റെ ദൃശ്യം അവർക്ക് അനുഭവവേദ്യമാക്കി.

നമ്മുടെ ഹൃദയത്തിലും വിശ്വാസത്തിന്റെ കിരണങ്ങൾ പ്രശോഭിതമാക്കുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ അടയാളങ്ങൾ, വഹ്‌യുകൾ, ഇൽഹാമുകൾ, അല്ലാഹുമായുള്ള ബന്ധത്തിന്റെ പ്രാധാന്യം ഇവ വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്റെ ശൈലിയിൽ ഇപ്രകാരം പറയുന്നു: "ഹദ്റത്ത് ഈസാ ആകാശത്ത് ജീവനോടെ ഇരുന്നുകൊള്ളട്ടെ. അദ്ദേഹം ആകാശത്ത് ജീവനോടെ ഇരിക്കുക എന്നത് നമ്മുടെ ഹൃദയത്തിൽ അല്ലാഹു മരിക്കുന്നതിനേക്കാളും വലിയ നഷ്ടമൊന്നും വരുത്തിവെക്കുകയില്ല. അതുകൊണ്ട് നിങ്ങൾ ഈസാ നബിയുടെ മരണത്തിൽ കൂടുതൽ ഊന്നൽ നൽകുകയും അതോടൊപ്പം ജനമനസ്സുകളിൽ അല്ലാഹുവിനെ മരിപ്പിക്കുകയും ചെയ്തതുകൊണ്ട് എന്ത് നേട്ടമാണുള്ളത്. അവനെ ജീവിപ്പിക്കാൻ നിങ്ങൾ ശ്രമിക്കുന്നില്ല. അല്ലാഹു എന്നെന്നും ജീവിച്ചിരിക്കുന്നവനും എന്നെന്നും നിലനിൽക്കുന്നവനുമാണ്. എന്നാൽ, ചില മനുഷ്യർക്ക് അവൻ മരിച്ചവനായിത്തീരുന്നു."

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: "ആശ്ചര്യപ്പെടുത്തുന്ന കാര്യമാണ്. അതായത് 'നമ്മുടെ ഉലമാക്കൾ ഹദ്റത്ത് ഈസായെ മരിപ്പിക്കാൻ ശ്രമിക്കുന്നു. എന്നാൽ, അല്ലാഹുവിനെ ജീവിപ്പിക്കാൻ ശ്രമിക്കുന്നില്ല. അല്ലാഹുവിനെ തിരിച്ചറിയാനുള്ള ജ്ഞാനം അവർ ഉണ്ടാക്കുന്നില്ല. അല്ലാഹുവിനെ ജീവിപ്പിക്കുന്നതിലും അവനുമായി ബന്ധം സ്ഥാപിക്കുന്നതിലുമാണ് കൂടുതലായും നമ്മുടെ പരിശ്രമം വിനിയോഗിക്കേണ്ടത്. അല്ലാഹുമായി നമുക്ക് സജീവ ബന്ധമുണ്ടെങ്കിൽ ഈസാനബി ജീവിപ്പിച്ചിരിപ്പുണ്ടെന്ന് കരുതുന്നവർ എത്ര ബഹളംവെച്ചാലും നമ്മുടെ ഈമാനിന് ഒരിക്കലും ക്ഷതം സംഭവിക്കുകയില്ല. കാരണം അല്ലാഹു ഓരോ നിമിഷവും നമ്മളെ സംരക്ഷിക്കുന്നതാണ്.

ഈസാ നബിയുടെ മരണം, ഖത്തമുന്നുബുവ്വത്ത് ഇതേപോലു ള്ള നമ്മുടെ വിശ്വാസാദർശവുമായി ബന്ധപ്പെട്ട വിഷയങ്ങളെ ക്കുറിച്ച് അറിവുണ്ടാകുക എന്നത് നിർബന്ധം തന്നെയാണ്. തെളി വുകളുടെ അടിസ്ഥാനത്തിൽ അതിൽ നിലയുറപ്പിക്കേണ്ടതും നിർ ബന്ധം തന്നെ. എന്നാൽ, കർമസംസ്കരണത്തിന് നമുക്ക് അല്ലാ ഹുവുമായി ബന്ധം സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇക്കാലത്ത് ഹദ് റത്ത് മസീഹ് മൗഊദ് (അ) നമുക്ക് കാണിച്ചുതന്ന മാർഗങ്ങൾ നമുക്ക് അവലംബിക്കേണ്ടിയിരിക്കുന്നു. നമ്മുടെ വാക്കിലും പ്രവർ ത്തിയിലുമുള്ള അന്തരത്തെ ഇല്ലാതാക്കേണ്ടിയിരിക്കുന്നു. മറ്റുള്ള വരെ ഉപദേശിക്കുമ്പോൾ അതനുസരിച്ച് നമ്മൾ പ്രവർത്തിക്കു ന്നുണ്ടോ എന്ന് നാം നോക്കണം.

ഖാദിയാനിൽ നിന്ന് ഒരു പണ്ഡിതൻ എനിക്കെഴുതുകയുണ്ടായി: “മുമ്പേ എതിരാളികൾക്ക് മറുപടി പറയുന്ന പൊതുയോഗങ്ങൾ നടക്കാറുള്ളതുപോലെ ഇന്ത്യയിൽ ഇപ്പോൾ നടക്കുന്നില്ല. ആ യോഗങ്ങളിൽ ഞങ്ങൾ എതിരാളികൾക്ക് വായടപ്പൻ മറുപടി നൽ കാറുണ്ടായിരുന്നു. അത് അവരെ ഒതുക്കിക്കളഞ്ഞിരുന്നു”. ഈ പ്രവർത്തനം ശരിയാണ്. അങ്ങനെ ചെയ്യാറുണ്ടായിരുന്നു. എതിരാ ളികൾക്ക് മറുപടി നൽകേണ്ടതാണ്. അവർ പറയുന്ന കാര്യങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ അവർക്കെതിരിൽ തിരിച്ചു വി ടേണ്ടതാണ്. എന്നാൽ, ഇതിനേക്കാളും പ്രാധാന്യമുള്ള മറ്റൊരു കാര്യം നമ്മുടെ മുഅല്ലിമീംകളും മുബല്ലിഗുമാരും മുറബ്ബിമാരും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗമനലക്ഷ്യവും മനസ്സിലാ ക്കി, തങ്ങളുടെ ആത്മീയ അവസ്ഥയിൽ ഉന്നതി പ്രാപിച്ച് ഓരോ രുത്തരുടേയും വ്യക്തിത്വം ഒരു അടയാളമായിത്തീരാൻ പരിശ്രമി ക്കുക എന്നതാണ്. ഒരു അടയാളമായിത്തീരാൻ പരിശ്രമിക്കുകയും അതായിത്തീരുകയും ചെയ്യുക. ഈ മാതൃക കണ്ട് ജനങ്ങൾ ജമാ അത്തിൽ പ്രവേശിക്കുമാറാകട്ടെ.

ചിലർ മാതൃക കണ്ട് പ്രവേശിക്കുന്നു. എന്നാൽ, ഇവിടെ എനിക്ക് ദുഃഖത്തോടെ പറയേണ്ടിവരുന്നത് ഈ നിലവാരം സംജാതമായി ട്ടില്ല എന്നാണ്. അതുകൊണ്ട് ഇന്ത്യയിൽ കുറേ മുഅല്ലീമീംകളെ പിരിച്ചുവിടേണ്ടതായി വന്നു. ചിലരെ ഭൗതികത കീഴ്പ്പെടുത്തി യതായി തോന്നിപ്പോകും.

അതിനാൽ, ഈ കത്തെഴുതിയ വ്യക്തിയും നമ്മളോരോരുത്തരും

ഒരാത്മപരിശോധന നടത്തുക. അവരുടെ ഉത്തരവാദിത്വമെന്താണെന്ന് മനസ്സിലാക്കുക. മുഅല്ലിമുമാരും മുബല്ലിഗുമാരും ഹൃദയങ്ങളിൽ വിശ്വാസം വർധിപ്പിക്കുന്നതിന് എന്തുമാത്രം പരിശ്രമം നടത്തിയിട്ടുണ്ടെന്ന് നോക്കുക. വരണ്ട തെളിവുകൾ മുഖേന ജനഹൃദയങ്ങളെ കീഴ്പ്പെടുത്തുന്നതിലും, അനഹ്മദി മൗലവിമാരെ പായിപ്പിക്കുന്നതിലും മാത്രം നമുക്ക് സന്തോഷം കണ്ടെത്തിയാൽ പോരാ. നമ്മുടെ പക്കലുള്ള അല്ലാഹുവിന്റെ സജീവമായ മുഅ്ജിസത്തുകളും അടയാളങ്ങളും മുഖേന ലോകത്തിന് ജീവനുള്ള അല്ലാഹുവിന്റെ അസ്തിത്വത്തെ കാണിച്ചുകൊടുക്കുക. ഹദ്റത്ത് മസീഹ് മൗഊദിനോടൊത്തുള്ള അല്ലാഹുവിന്റെ പ്രവർത്തനം ജനഹൃദയങ്ങളെ അംഗീകരിപ്പിക്കുക.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു ഉദാഹരണം ഇപ്രകാരം നൽകുന്നു. സൂര്യൻ ഉദിച്ചതിനുശേഷം ഒരാൾ സൂര്യൻ ഉദിച്ചിട്ടുണ്ടെന്നതിന് തെളിവു ചോദിക്കുകയും അതിന് മറുപടിയായി ഇത്ര മണിക്കാണ് സൂര്യൻ ഉദിക്കേണ്ടതെന്നും സയൻസ് ഇതാണ് പറയുന്നതെന്നും ഇന്നയാൾ ഇതാണ് പറഞ്ഞതെന്നുമുള്ള തെളിവുകളെല്ലാം നിരത്തുകയാണെങ്കിൽ ആ തെളിവ് നൽകുന്നവൻ വിഡ്ഢിയായിരിക്കും. കാരണം അവന് ഇങ്ങനെ തെളിവുകൾ നിരത്തേണ്ട ആവശ്യമില്ല. മറിച്ച് സൂര്യൻ ഉദിച്ചതിന് തെളിവ് ചോദിക്കുന്ന വ്യക്തിയുടെ താടിക്ക് താഴെ കൈ വെച്ചുകൊണ്ട് താടി പൊക്കി പിടിച്ച് പറയുക 'മുകളിലേക്ക് നോക്ക് അതാ അവിടെ സൂര്യൻ. മറ്റു തെളിവുകൾ നിരത്തേണ്ട ആവശ്യം ഇവിടെ ഇല്ല. നിങ്ങളുടെ വിഡ്ഢിത്വപരമായ ചോദ്യത്തിന് ഇപ്പോഴുള്ള മറുപടി സൂര്യന്റെ അസ്തിത്വം തന്നെയാണെന്ന് പറയുക.

അതിനാൽ, ഉപദേശികൾ ചെയ്യേണ്ടത് സൂര്യൻ ഉദിച്ചു എന്നതിന് തെളിവുകൾ നിരത്തി വിഡ്ഢികളാകുന്നതിനു പകരം ഹദ്റത്ത് മസീഹ് മൗഊദ്(അ) ലൂടെ പ്രകടമായിക്കൊണ്ടിരിക്കുന്ന പുതിയ അടയാളങ്ങൾ മുഖേന അല്ലാഹു നമ്മോടൊപ്പമുണ്ടെന്ന അവന്റെ പ്രവർത്തനസാക്ഷ്യംകൊണ്ട് ഈ സത്യം തെളിച്ചു കാട്ടുക. ഇതിനെല്ലാം വേണ്ടത് നമ്മുടെ അവസ്ഥ അല്ലാഹുവിന്റെ പ്രീതിക്കനുഗുണമാക്കി മാറ്റുക എന്നതാണ്. ജമാഅത്തിന്റെ പ്രവർത്തനശക്തി വർധിപ്പിക്കേണ്ടിയിരിക്കുന്നു. ജമാഅത്തിലെ കുട്ടികളുടേയും സ്ത്രീകളുടേയും പുരുഷന്മാരുടേയും മുമ്പിൽ ഈ കാര്യ

ങ്ങൾ അടിക്കടി സമർപ്പിച്ചു കൊണ്ടിരിക്കുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) മുഖേന ഏതുരീതിയിൽ അല്ലാഹുവിന്റെ പ്രഭാവം പ്രകടമായി എന്നവരോട് പറയുക. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനുള്ള മാർഗങ്ങൾ ഏതെല്ലാമാണെന്ന് അവർക്ക് മന സ്സിലാക്കിക്കൊടുക്കുക. അല്ലാഹുവിന്റെ സ്നേഹം ഏതു രീതിയി ലാണ് ലഭിക്കുകയെന്നും അവരോട് പറയുക. അതു ലഭിച്ചു കഴിഞ്ഞാൽ ഭൗതിക കാര്യങ്ങളിൽ അനുകരണ ശീലമുള്ള യുവാ ക്കൾ അല്ലാഹുവിലേക്ക് കുമ്പിടുന്നവരായി മാറുന്നതാണ്. അതിനു ശേഷം കുറച്ച് മുറബ്ബിമാരും പണ്ഡിതന്മാരും മാത്രമായിരിക്കില്ല അനഹ്മദികളെ സത്യത്തിൽ കൊണ്ടുവരുന്നവർ. മറിച്ച് നമ്മുടെ യുവാക്കളും സ്ത്രീ പുരുഷന്മാരും കുട്ടികളും സ്ഥാപിച്ചുകാണി ക്കുന്ന മാതൃകകൾ ലോകത്തെ നമ്മളിലേക്ക് ആകർഷിക്കുന്ന താക്കി തീർക്കുന്നതാണ്.

അതിനാൽ നമ്മുടെ കർമസംസ്കരണത്തിലേക്ക് ശ്രദ്ധിക്കുകയാ ണ് ഏറ്റവുമാദ്യം നമ്മൾ ചെയ്യേണ്ടത്. തങ്ങളെ ഹദ്റത്ത് മസീഹ് മൗഊദ് (അ) മുമായി ബന്ധിപ്പിക്കുക. ഖിലാഫത്തുമായി നമ്മളെ ബന്ധിപ്പിക്കുക. ഇതാണ് ജമാഅത്തിന്റെ ശക്തിക്കും ആത്മീയ വളർച്ചക്കും കാരണമായിത്തീരുന്നത്. ഖിലാഫത്തിനെ തിരിച്ചറി യലും അതിനെക്കുറിച്ചുള്ള ശരിയായ അറിവും ജമാഅത്തിലും ഉണ്ടായിത്തീരേണ്ടതാണ്. അങ്ങനെ കാലത്തിന്റെ ഖലീഫയുടെ എല്ലാ തീരുമാനങ്ങളും സസന്തോഷം സ്വീകരിക്കുന്നവരായി അവർ മാറണം. ഹൃദയത്തിൽ അത് സ്വീകരിക്കാൻ ഒരു തടസ്സവുമുണ്ടാ കരുത്. ഏതുകാര്യം കേട്ടാലും ഒരുവിധ സങ്കോചവും പാടില്ല.

ഖിലാഫത്തിനെ കുറിച്ചുള്ള ശരിയായ അറിവും ആത്മജ്ഞാന വും ഉണ്ടാക്കുക എന്നതും മുറബ്ബിമാരുടെ സുപ്രധാന പ്രവർത്തന ങ്ങളിൽ ഒന്നാണ്. അതേ പോലെ ഭാരവാഹികളുടേയും പ്രവർത്തി യാണ്. അവരും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. ചില വിമർശ നങ്ങൾ ശ്രദ്ധയിൽ പെടാറുണ്ട്. ചിലർ പറയുന്നു, ഖലീഫ ഇന്ന തെറ്റുചെയ്തു. തെറ്റായ തീരുമാനമെടുത്തു. തീരുമാനം ഇങ്ങനെ യാണ് ആകേണ്ടിയിരുന്നത്. ഖളായുടെ തീരുമാനത്തേയും ചിലർ വിമർശിക്കുന്നു. ഇന്ന വ്യക്തിയെ ഇന്ന കാര്യ ത്തിന് എന്തിനാണ് നിയമിച്ചത്? ഇന്ന വ്യക്തിയല്ലെ ആകേണ്ടത്? ഇന്ന ഇന്ന വ്യക്തി യെ കുറിച്ച് ഖലീഫക്ക് നല്ല അറിവാണ്. ഇന്ന വ്യക്തിയെ കുറിച്ച്

അറിവുണ്ടായിട്ടും പരിഗണിക്കുന്നില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ പറയുന്നവർ കുറച്ചേ ഉണ്ടാകുകയുള്ളു. എന്നാലും അവർ സമൂഹാന്തരീക്ഷം ദുഷിപ്പിക്കുന്നു. മുറബ്ബിമാരും ഭാരവാഹികളും എല്ലാ തരത്തിലുള്ള ഭാരവാഹികളും (ഇക്കാര്യം ഞാൻ നേരത്തെ പറഞ്ഞിട്ടുള്ളതാണ്. ജമാഅത്തിലേയും കീഴ്ഘടകങ്ങളുടേയും ഭാരവാഹികൾ) തങ്ങളുടെ ഉത്തരവാദിത്വത്തെ കുറിച്ച് മനസ്സിലാക്കിയാൽ ചില ഹൃദയങ്ങളിൽ സംശയം വരുന്നതിനെ ദുരീകരിക്കാൻ സാധിക്കുന്നതാണ്. മുറബ്ബിമാരുടെ പ്രത്യേക ജോലിതന്നെ ഇതാണ്. അവരോടു പറയുക. എല്ലാ അനുഗ്രഹങ്ങളും നിളാമുമായി ബന്ധപ്പെട്ടു നിന്നാലാണ് ലഭിക്കുക. അല്ലാഹു ഏതെങ്കിലും സമൂഹത്തിൽ ശാപം ചൊരിയാൻ ആഗ്രഹിച്ചാൽ നിളാമിനെ (വ്യവസ്ഥിതിയെ) എടുത്തു കളയുന്നു. ഈ കാര്യങ്ങൾ എല്ലാവർക്കും മനസ്സിലായാൽ അബദ്ധം പിണയുന്നവർ അതിൽ നിന്ന് മോചിതരാകുന്നതാണ്. ഇങ്ങനെ വിമർശിക്കുന്നവർ അല്പമാണെങ്കിലും എപ്പോഴുമുണ്ടാകും. അവർ തങ്ങളെ ബുദ്ധികേന്ദ്രമായി മനസ്സിലാക്കുന്നു. അങ്ങുമിങ്ങും ഇരുന്ന് അവർ പിറുപിറുക്കാൻ തുടങ്ങുന്നു. ഖലീഫ ദൈവമൊന്നുമല്ലല്ലോ? സാധാരണക്കാരന് തെറ്റു പറ്റുന്നതുപോലെ അദ്ദേഹത്തിന് തെറ്റുപറ്റിക്കൂടെ?

ശരിയാണെങ്കിലും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) ഇതിന് ഉചിതമായ ഒരു മറുപടി നൽകിയിട്ടുണ്ട്. ഖിലാഫത്ത് സത്യമാണെങ്കിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) നൽകിയ ഈ മറുപടി എല്ലാ കാലത്തേക്കുമുള്ളതാണ്. ഖിലാഫത്ത് എന്നത് അല്ലാഹു നൽകിയിരിക്കുന്ന ഒരു വരദാനമാണെന്ന വിശ്വാസമുണ്ടെങ്കിൽ ഈ മറുപടി സത്യമായിപ്പുലരും.

പറയുന്നു: 'അല്ലാഹു പറയുന്നു, ഖലീഫമാർ ഏതൊരു കാര്യത്തെ കുറിച്ചാണോ തീരുമാനമെടുക്കുന്നത് നാം അവ നടപ്പിൽ വരുത്തുക തന്നെ ചെയ്യുന്നതാണ്.

അവൻ പറയുന്നു; وَلَيُمَكِّنَنَّ لَهُمْ دِينَهُمُ الَّذِي ارْتَضَى لَهُمْ (24:56) "ഖലീഫമാർ ലോകത്ത് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന ദീനും തത്ത്വങ്ങളും നാം ലോകത്ത് സ്ഥാപിക്കുകതന്നെ ചെയ്യുമെന്ന് എന്റെ സത്തയിൽ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു.

അതിനാൽ ഈ കാര്യങ്ങൾ ജമാഅത്തിലെ എല്ലാവർക്കും ബോധ്യപ്പെടുത്തിക്കൊടുക്കേണ്ടതാണ്. പണ്ഡിതർ ഇക്കാര്യം എല്ലാ

വരുടെ ഹൃദയത്തിലും ഊട്ടി ഉറപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. ഈ ഉത്തരവാദിത്വം മനസ്സിലാക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ബർക്കത്തുകളും അദ്ദേഹത്തിന്റെ അനുഗ്രഹങ്ങളും ലോകരു ടെ മുമ്പിൽ പ്രകടമാക്കേണ്ടതാണെന്ന് മനസ്സിലാക്കുക. അല്ലാഹുവിന്റെ ജീവനുള്ള അടയാളങ്ങളെ കുറിച്ച് ആവർത്തിച്ച് പറയേണ്ടതാണ്. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനുള്ള മാർഗങ്ങൾ ജനങ്ങ ൾക്ക് പറഞ്ഞു കൊടുക്കേണ്ടതാണ്. നിളാമിനെ അംഗീകരിക്കുകയും വേണ്ടതാണ്. ഇതു നടന്നാൽ ഹൃദയത്തിലെ സംശയങ്ങൾ ദുരീകരി ക്കപ്പെടുന്നതാണ്. ഇങ്ങനെ നമ്മൾ ചെയ്യുമ്പോൾ സംശയങ്ങൾ ദുരീകരിക്കപ്പെട്ടവരുടെ എണ്ണം വർധിക്കുന്നതും ഓരോ ഫിത്നയും സ്വയം നശിക്കുന്നതുമായിരിക്കും. ജമാഅത്തിൽ എല്ലാ തലത്തിലും കർമസംസ്കരണം കാണാൻ സാധിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവിന്റെ വലിയ ഉദ്ദേശ്യവും ഇതാണ്. ഓർക്കുക! നമുക്ക് ഖത്തമുന്നുബുവ്വത്ത്, ഈസാ നബിയുടെ മരണം എന്നീ കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. ഇത് എതിരാളിക ൾക്ക് മറുപടി പറയാൻ വേണ്ടിയാണ്. കർമവും ദൈവിക ജ്ഞാന വും ജമാഅത്തിനകത്ത് ഉണ്ടാക്കിയെടുക്കാൻ കഠിനപ്രയത്നം അനിവാര്യമാണ്. അതിനാൽ പുറമെയുള്ള പ്രവർത്തനത്തിന് എന്തുമാത്രം ശക്തിയാണോ നാം ചെലുത്തുന്നത്, അതു പോലു ള്ള ശക്തി, മറിച്ച് അതിനേക്കാളും കൂടുതൽ ശക്തി അകത്തുള്ള പ്രവർത്തനങ്ങൾ ക്ക് വിനിയോഗിക്കേണ്ടതാണ്. മുമ്പേ പറഞ്ഞ തബ്ലീഗിനേക്കാളും കൂടുതൽ നമ്മുടെ ആത്മീയവിശുദ്ധിയും കർ മസംസ്കരണവും ഇൻശാ അല്ലാഹ് കൂടുതൽ വിപ്ലവം കൊണ്ടു വരാൻ കാരണമായിത്തീരുന്നതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊ ദ്(റ) ന്റെ ഈ നിർദേശം വളരെ സുപ്രധാനമർഹിക്കുന്നതാണ്. ഉലമാക്കളും മുറബ്ബിമാരും ഹൃദയത്തെ സംസ്കരിക്കുകയാണെ ങ്കിൽ ജനഹൃദയങ്ങളിൽ ഇർഫാനും(തിരിച്ചറിവ്) അല്ലാഹുവിനോ ടുള്ള സ്നേഹവും ഉണ്ടാക്കുകയാണെങ്കിൽ കോടിക്കണക്കിനാളു കൾ അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നതാണ്. അല്ലാഹു പറയുന്നു.

اِذَا جَآءَ نَصۡرُ اللّٰهِ وَالۡفَتۡحُ ۙ﴿۲﴾ وَرَاَيۡتَ النَّاسَ يَدۡخُلُوۡنَ فِىۡ دِيۡنِ اللّٰهِ اَفۡوَاجًا ۙ﴿۳﴾
فَسَبِّحۡ بِحَمۡدِ رَبِّكَ وَاسۡتَغۡفِرۡهُ ؕ اِنَّهٗ كَانَ تَوَّابًا ﴿۴﴾

തബ്ലീഗ് മുഖേന നിന്റെ മതത്തിന്റെ പ്രചാരണം നീ ചെയ്യു കയാണെങ്കിൽ ഒന്നോ രണ്ടോ പേരാണ് നിങ്ങളിലേക്ക് വരിക.

എന്നാൽ, നിങ്ങൾ ഇസ്തിഗ്ഫാറും തസ്ബീഹും ചെയ്യുകയും നിങ്ങളുടെ ജമാഅത്തിൽ നിന്ന് തിന്മകൾ അകറ്റുകയും ചെയ്യുക യാണെങ്കിൽ കൂട്ടം കൂട്ടമായി ജനങ്ങൾ ഇതിൽ പ്രവേശിക്കുന്ന താണ്. നിങ്ങളിൽ ചേരുന്നതാണ്.

അതിനാൽ ഞങ്ങൾ അന്യരെ പരാജയപ്പെടുത്താറുണ്ടെന്ന് പറ യുന്ന നമ്മുടെ പണ്ഡിതന്മാർ മനസ്സിലാക്കേണ്ടത് ഇങ്ങനെ ചെയ് തതുകൊണ്ട് വിജയം കൈവരില്ല. കർമസംസ്കരണത്തിലൂടെ യാണ് വിജയം ഉണ്ടാകുക. ഖിലാഫത്തിന്റെ നാഇബുമാരാകാൻ പരിശ്രമിക്കുക.അതുകൊണ്ട് കർമസംസ്കരണത്തിൽ ശ്രദ്ധ പതി പ്പിക്കുക. ഖിലാഫത്തിന്റെ സഹായികളായിത്തീരുക. വർഷങ്ങളോ ളം വൈജ്ഞാനികസംവാദങ്ങളിൽ കഴിച്ചുകൂട്ടാൻ കഴിയില്ല. നമുക്ക് ജമാഅത്തിനെ വിജയത്തിലേക്ക് കൊണ്ടുപോകണമെന്നുണ്ടെ ങ്കിൽ -തീർച്ചയായും നമുക്ക് കൊണ്ടു പോകുക തന്നെവേണം- നമുക്ക് മറ്റു മാർഗങ്ങൾ അവലംബിക്കേണ്ടതായിവരും. അത് നമ്മുടെ കർമപരമായ സംസ്കരണമാണ്.

അതിനാൽ നമുക്ക് നമ്മുടെ കർമരംഗം ശരിയാക്കേണ്ടിയിരിക്കു ന്നു. വിശ്വസ്തതയുടേയും സത്യതയുടേയും നിലവാരം ഉയർത്തേ ണ്ടിയിരിക്കുന്നു. അനുവദനീയമായ വരുമാനമാർഗങ്ങൾ സ്വീകരി ക്കേണ്ടിയിരിക്കുന്നു.

അതുകൊണ്ട് മുറബ്ബിമാർ ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നതോ ടൊപ്പം ഓരോ ജമാഅത്തംഗവും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ട താണ്. അവരിൽ ഒരു ആത്മസംസ്കരണം വരുത്താൻ ശ്രമിക്കേണ്ട താണ്. ഇതിനുള്ള ഏറ്റവും വലിയ ആയുധം ദുആയാണ്. അതെ പ്പോഴും നമ്മൾ മുമ്പിൽ വയ്ക്കുക. അത് ശരിയായ രീതിയിൽ ഉപയോഗിക്കാനും അതിൽ നിന്ന് ശരിയാംവണ്ണം പ്രയോജനമെടു ക്കാനും അല്ലാഹു പറഞ്ഞ ഇക്കാര്യംകൂടി മുമ്പിൽ വയ്ക്കുക. ഈമാ നിൽ അഭിവൃദ്ധിപ്പെടുക. ഏതെല്ലാം സൽകർമങ്ങൾ ചെയ്യാനാ ണോ ഞാൻ നിങ്ങൾക്ക് 'ലായെ അമൽ'(പ്രവർത്തന രൂപരേഖ) നൽകിയിരിക്കുന്നത് അതനുസരിച്ച് പ്രവർത്തിക്കുക. ഈ പ്രവർ ത്തനവും പ്രാർഥനയും, പ്രാർഥനയും പ്രവർത്തനവും ഒപ്പത്തി നൊപ്പം മുന്നേറുകയാണെങ്കിൽ യഥാർഥ ഇസ്‌ലാഹ് അഥവാ പരി ഷ്കരണം നടപ്പിൽ വരുന്നതാണ്. ഇത് കരസ്ഥമാക്കാനുള്ള തൗഫീഖ് അല്ലാഹു നമുക്കേവർക്കും നൽകുമാറാകട്ടെ.

# കർമസംസ്കരണത്തെ പറ്റി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

*ഖുത്ബ സംഗ്രഹം 2014 ഫെബ്രുവരി 07*

ഹുദൂർ അയ്യദഹുല്ലാഹ് കർമസംസ്കരണത്തെ സംബന്ധിച്ചുള്ള ആത്മോദ്ധാരകമായ തന്റെ ഖുത്ബ പ്രഭാഷണത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) ന്റെ ഒരു നിവേദനവും ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ചില ഉദ്ധരണികളും സമർപിക്കുകയു ണ്ടായി. അതിപ്രകാരമാണ്: ഹുദൂർ പറയുന്നു: 'കാലത്തിന്റെ ഖലീഫ ഏതെങ്കിലും പ്രത്യേക കാര്യത്തിലേക്ക് ശ്രദ്ധ ചെലുത്തുമ്പോൾ സമുദ്ധാരണ കാര്യമാണെങ്കിൽ ജമാഅത്തിന്റെ വലിയൊരുഭാഗം അതിൽ ശ്രദ്ധയൂന്നുന്നു എന്നത് അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവുമാണ്. കത്തുകളിലൂടേയും അതെനിക്ക് അനുഭവപ്പെടുന്നുണ്ട്.

ഇനി ഞാൻ ഏതാനും ഉദ്ധരണികൾ കേൾപിക്കുകയാണ്. മുമ്പേ വായിച്ചതാണെങ്കിലും അത് ദൃഷ്ടിയിൽ നിന്ന് മറഞ്ഞു പോകുന്നു. ഞാൻ വായിക്കാൻ പോകുന്ന ഉദ്ധരണിയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ വേവലാതി പ്രകടിപ്പിക്കുകയാണ്. നമ്മുടെ ഒരു മുറബ്ബി സാഹിബാണ് ഇത് അയച്ച തന്നിട്ടുള്ളത്. താങ്കൾ കർമസംസ്കരണത്തെ കുറിച്ചാണ് പറഞ്ഞുവരുന്നത്. തൽസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചിന്തയെ വെളിപ്പെടുത്തുന്ന ഒരു ഉദ്ധരണി അയച്ചുതരുന്നുവെന്ന് അദ്ദേഹം എഴുതുകയുണ്ടായി. അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നൽകുമാറാകട്ടെ. ആ ഉദ്ധരണി ഇപ്രകാരമാണ്: ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് പറയുന്നു, സയ്യിദ് മുഹമ്മദ് സർവർ ശാഹ് സാഹിബ് എന്നോട് പറഞ്ഞു. ഒരിക്കൽ ഏതോ കാര്യത്തിൽ മീർ നാസിർ സാഹിബും മൗലവി മുഹമ്മദലി സാഹിബും തമ്മിൽ അഭിപ്രായ ഭിന്നതയുണ്ടായി. മീർ സാഹിബ് ദ്വേഷപ്പെട്ടുകൊണ്ട് അകത്തു പോയി. ഹദ്റത്ത് മസീഹ് മൗഊദ് (അ)നോട് കാര്യങ്ങൾ പറഞ്ഞു, 'ഞങ്ങൾ ഇവിടെ ഹുദൂറിന് വേണ്ടിയാണ് വന്നിട്ടുള്ളത്. ഹുദൂറി

ന്റെ സവിധത്തിൽ നിന്നുകൊണ്ട് എന്തെങ്കിലും ദീനിസേവനത്തിനുള്ള അവസരം ലഭിക്കണം. എന്നാൽ, ഹുദൂറിന്റെ അടുക്കലേക്ക് ഞങ്ങളെ സംബന്ധിച്ചുള്ള പരാതികൾ ഇങ്ങനെ എത്തിക്കൊണ്ടിരുന്നാൽ, ഹുദൂറും മനുഷ്യനാണല്ലോ, സ്വാഭാവികമായും ഹുദൂറിന്റെ മനസിൽ ഞങ്ങളെക്കുറിച്ച് എപ്പോഴെങ്കിലും എന്തെങ്കിലും കടന്നുകൂടാം. അങ്ങനെയെങ്കിൽ ഖാദിയാനിൽ വന്നിട്ട് ഞങ്ങൾക്ക് ഗുണം ഉണ്ടാകുന്നതിന് പകരം നഷ്ടമായിരിക്കും ഉണ്ടാകുക.' ഹദ്റത്ത് സാഹിബ് പറഞ്ഞു: 'മീർ നാസിർ നവാബ് സാഹിബ് എന്നോട് എന്തോ പറഞ്ഞിരുന്നു. എന്നാൽ അന്നേരം ഞാൻ ചിന്തയിൽ വളരെയധികം നിമഗ്നനായിരുന്നു. അതിനാൽ അല്ലാഹുവിനെ സത്യം ചെയ്തു പറയുന്നു, മീർ സാഹിബ് എന്താണ് പറഞ്ഞതെന്ന് എനിക്കറിയില്ല.'

പിന്നീട് ആ മഹാത്മാവ് പറഞ്ഞു, 'കുറച്ചു ദിവസമായി എന്റെ മനസിൽ ഒരു ചിന്ത ശക്തമായി ഉടലെടുത്തിരിക്കുകയാണ്. അത് എന്നെ മറ്റെല്ലാ കാര്യത്തിൽ നിന്ന് അകറ്റിയിരിക്കുന്നു. വളരെ ശ്രദ്ധിച്ച് കേൾക്കേണ്ട കാര്യമാണിത്. നിൽക്കുമ്പോഴും ഇരിക്കുമ്പോഴും എല്ലായ്പ്പോഴുംതന്നെ ആ ഒരു ചിന്ത മാത്രമായിരിക്കും ഉണ്ടാകുക. ഞാൻ പുറത്ത് ആളുകൾക്കിടയിൽ ഇരിക്കുകയായിരിക്കും. ആരെങ്കിലും എന്നോട് സംസാരിക്കുമ്പോഴും എന്റെ മനസ്സിൽ അതേ ചിന്ത അലയടിച്ചു കൊണ്ടിരിക്കുന്നു. ആ വ്യക്തി തന്റെ വാക്കുകൾ കേൾക്കുകയാണെന്ന് കരുതുന്നുണ്ടാവും. എന്നാൽ, ഞാൻ ആ മുമ്പേയുള്ള ചിന്തയിൽ തന്നെയായിരിക്കും. ഞാൻ വീട്ടിലേക്ക് പോകുമ്പോഴും അവിടേയും ആ ചിന്ത തന്നെ. ചുരുക്കത്തിൽ ഈ ദിവസങ്ങളിൽ ഈ ചിന്ത വളരെ ശക്തമായ നിലയിൽ എന്റെ മനസിനെ കീഴടക്കിയിരിക്കുകയാണ്. അതിനാൽ മറ്റു ചിന്തകൾക്ക് അവസരംതന്നെ ലഭിക്കുന്നില്ല.

'ആ ചിന്ത ഇതാകുന്നു: (ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ പറയുകയുണ്ടായി.) എന്റെ ആഗമനത്തിന്റെ യഥാർഥ ഉദ്ദേശ്യം സത്യവിശ്വാസികളായ, അല്ലാഹുവിൽ യഥാർഥ വിശ്വാസമുള്ള, അവനുമായി യഥാർഥ ബന്ധം സ്ഥാപിക്കുന്ന, ഇസ്‌ലാമിനെ തങ്ങളുടെ അടയാളമാക്കുന്ന, നബിതിരുമേനി(സ)യുടെ ഉത്തമമാതൃകകളെ സ്വായത്തമാക്കുന്ന, സമുദ്ധാരണത്തിന്റെയും ഭയഭക്തിയുടേയും മാർഗത്തിൽ ചലിക്കുന്ന, ഉന്നത ധാർമികഗുണം സ്ഥാപി

ക്കുന്ന ഒരു ജമാഅത്ത് തയ്യാറാക്കുക എന്നതാണ്. പിന്നീട് ആ ജമാഅത്ത് മുഖേന ലോകം സന്മാർഗം കരസ്ഥമാക്കണം. അല്ലാഹുവിന്റെ ഇച്ഛ പൂർത്തിയാകണം. അഥവാ ഈ ഉദ്ദേശ്യം പൂർത്തിയാവുന്നില്ലെങ്കിൽ, തെളിവുകൾ മുഖേന നാം എതിരാളികൾക്കുമേൽ വിജയം വരിക്കുകയും, അവരെ പൂർണമായും പരാജയപ്പെടുത്തുകയും ചെയ്താൽ തന്നെയും നമ്മുടെ വിജയം ഒരു വിജയമാകുകയില്ല. കാരണം അഥവാ നമ്മുടെ യഥാർഥ നിയോഗോദ്ദേശ്യം പൂർത്തിയാകുന്നില്ലെങ്കിൽ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും പാഴായി പോകുന്നതാണ്. തെളിവുകൾ കൊണ്ടുള്ള വിജയം സ്പഷ്ടമായ നിലയിൽ എനിക്ക് കാണാൻ കഴിയുന്നുണ്ട്. എതിരാളികളും സ്വന്തം ദൗർബല്യത്തെ അനുഭവിച്ചറിയാൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ, നമ്മുടെ യഥാർഥ നിയോഗോദ്ദേശ്യത്തെ സംബന്ധിച്ച് ഇപ്പോഴും വലിയ ന്യൂനതയാണിത്. വളരെ ശ്രദ്ധയുടെ ആവശ്യമുണ്ട്. ഈയൊരു ചിന്തയാണ് ഇന്നാളുകളിൽ എന്നെ കാർന്നു തിന്നുന്നത്. ഒരു ഒഴിയാബാധ എന്ന നിലയിൽ അതെന്നെ കീഴ്പ്പെടുത്തിയിരിക്കുകയാണ്.'

ഈയൊരു വേദനയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അസ്വസ്ഥനാക്കിയിരുന്നത്. വിവിധ സന്ദർഭങ്ങളിൽ അദ്ദേഹം ജമാഅത്തിനെ ഉപദേശിക്കുകയുണ്ടായി. അഹ്മദികൾ എങ്ങനെ ആയിരിക്കണം എന്നത് സംബന്ധിച്ച് മൽഫൂദാത്തിന്റെ 10 വാല്യങ്ങളുണ്ട്. മറ്റു ഗ്രന്ഥങ്ങൾ കൂടാതെ തന്നെ ഇത് സംക്ഷിപ്തമായിട്ടുള്ള റിപ്പോർട്ടുകളാണ്. വിശദമായിട്ടുള്ളതല്ല. ഈ 10 വാല്യങ്ങൾ.

ഇതിൽ ഏതുവാല്യം നിങ്ങൾ എടുക്കുകയാണെങ്കിലും ജമാഅത്തിനെ സംബന്ധിച്ചുള്ള പ്രതീക്ഷകളും, ജമാഅത്തിനോടുള്ള ഉപദേശങ്ങളും, കർമപരമായ പരിവർത്തനമുണ്ടാക്കേണ്ട വിഷയങ്ങളും വിവിധ രീതിയിൽ വിവിധ വീക്ഷണകോണുകളിലൂടെ അദ്ദേഹം എല്ലായിടത്തും എല്ലാ സദസ്സുകളിലും പരാമർശിക്കുന്നുണ്ട്. അതിൽനിന്നുള്ള ചിലത് ഞാനിപ്പോൾ സമർപ്പിക്കുകയാണ്.

ഒരിടത്ത് ആ മഹാത്മാവ് പറയുന്നു: 'ജമാഅത്തിന്റെ പരസ്പര ഐക്യത്തേയും സ്നേഹത്തേയും കുറിച്ച് പലതവണ പറഞ്ഞിട്ടുണ്ട്. നിങ്ങൾ പരസ്പരം ഐക്യപ്പെടുക. ഒരുമിച്ചുകൂടുക. നിങ്ങൾ ഒന്നിച്ചു നിൽക്കുക, അല്ലെങ്കിൽ നശിച്ചു പോകുമെന്നാണ് അല്ലാഹു മുസ്ലീംകൾക്ക് നൽകിയ പാഠം. നമസ്കാരത്തിൽ പരസ്പരം

ഇഴകിച്ചേർന്ന് നിൽക്കുന്നതിനുള്ള കല്പനയും പരസ്പരം ഐക്യ മുണ്ടാകുന്നതിനു വേണ്ടിയാണ്. മിന്നലിന്റെ ശക്തി പോലെ ഒരാളി ലെ നന്മ മറ്റൊരാളിലേക്ക് സംക്രമിപ്പിക്കുക. ഭിന്നതയുണ്ടെങ്കിൽ, ഐക്യമില്ലെങ്കിൽ നിർഭാഗ്യരായിരിക്കും. നബിതിരുമേനി(സ) പറ യുന്നു, മറ്റുള്ളവരുടെ അസാന്നിദ്ധ്യത്തിൽ പരസ്പരം ദുആ ചെ യ്യുക. എത്ര പേർ ഈ രീതിയിൽ ദുആ ചെയ്യുന്നുണ്ടെന്ന് അവലോ കനം നടത്തിനോക്കേണ്ടതാണ്. ഒരു വ്യക്തി മറ്റൊരാളുടെ അസാ ന്നിദ്ധ്യത്തിൽ അയാൾക്കുവേണ്ടി ദുആ ചെയ്താൽ മലക്കുകൾ പറയും, 'നിങ്ങൾക്കും അത് ലഭിക്കട്ടെ.' ഇത് എത്ര മഹത്തായ കാര്യമാണ്. മനുഷ്യന്റെ ദുആ സ്വീകരിക്കപ്പെടുന്നില്ലെങ്കിൽ മല ക്കുകളുടേത് സ്വീകരിക്കപ്പെടുന്നതാണ്. പരസ്പരം ഭിന്നിക്കരു തെന്ന് ഞാൻ ഉപദേശിക്കാൻ ആഗ്രഹിക്കുന്നു, പറയാനാഗ്രഹി ക്കുന്നു. പറയുന്നു, ഞാൻ രണ്ട് കാര്യങ്ങളുമായിട്ടാണ് വന്നിരിക്കു ന്നത്. ഒന്ന് അല്ലാഹുവിന്റെ ഏകത്വം സ്വീകരിക്കുക, രണ്ട് പരസ് പരം സ്നേഹവും സഹാനുഭൂതിയും പ്രകടിപ്പിക്കുക. അന്യർക്ക് ദൃഷ്ടാന്തമാകുന്ന വിധം മാതൃകയോടെ ജീവിക്കുക. സ്വഹാബാ ക്കളിൽ ഉണ്ടായ തെളിവ് ഇതായിരുന്നു.

كُنْتُمْ اَعْدَآءً فَاَلَّفَ بَيْنَ قُلُوْبِكُمْ ഓർത്തുകൊള്ളുക. നിങ്ങളിൽ ഓരോ രുത്തരും തങ്ങൾക്ക് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരന് വേ ണ്ടി ഇഷ്ടപ്പെടുന്നില്ലെങ്കിൽ അവർ എന്റെ ജമാഅത്തിൽപ്പെട്ടത ല്ലെന്ന് ഓർത്തുകൊള്ളുക. അവർ വിപത്തിലും അപകടത്തിലു മാണ്. അവരുടെ പര്യവസാനം നല്ലതായിരിക്കില്ല. പറയുന്നു, ഓർ ത്തുകൊള്ളുക, വിദ്വേഷം ഇല്ലാതാവുക എന്നത് മഹ്ദിയുടെ അട യാളമാകുന്നു. അടയാളം പൂർത്തിയാകില്ലേ? തീർച്ചയായും പൂർ ത്തിയാകും നിങ്ങളെന്തുകൊണ്ട് ക്ഷമ കൈക്കൊള്ളുന്നില്ല. ചില രോഗങ്ങളെ പൂർണമായും തുടച്ചുമാറ്റിയില്ലെങ്കിൽ ആ രോഗം മാറു ന്നതല്ല എന്നതാണ് വൈദ്യ ശാസ്ത്രം പറയുന്നത്. എന്റെ അസ്തി ത്വത്തിൽനിന്ന് ഇൻശാ അല്ലാഹ് സദ്വൃത്തരുടെ ഒരു ജമാഅത്ത് ഉണ്ടായിത്തീരുന്നതാണ്. പരസ്പര ശത്രുതയ്ക്ക് കാരണമെന്താ ണ്? ലുബ്ധ്, അഹംഭാവം, സ്വാർഥത, വികാരങ്ങൾ എന്നിവയാണ്. തങ്ങളുടെ വികാരങ്ങൾ നിയന്ത്രിക്കാൻ കഴിയാത്തവരേയും പര സ്പരം സ്നേഹത്തോടും സാഹോദര്യത്തോടും കഴിയാൻ സാധി ക്കാത്തവരേയും ജമാഅത്തിൽനിന്ന് വേർപ്പെടുത്തുന്നതാണ്.

ഉത്തമമാതൃക പ്രകടിപ്പിക്കാത്തതുവരെ അത്തരക്കാർ ഏതാനും ദിവസത്തേക്കുള്ള അതിഥികൾ മാത്രമാണെന്ന് ഓർത്തുകൊള്ളുക. ആരെങ്കിലും കാരണമായി ഞാൻ ആക്ഷേപിക്കപ്പെടാൻ ആഗ്രഹിക്കുന്നില്ല. എന്റെ ജമാഅത്തിലായിക്കൊണ്ട് എന്റെ താല്പര്യങ്ങൾക്കനുഗുണമല്ലാത്തവർ ഉണങ്ങിയ ശാഖകളാണ്. അതിനെ തോട്ടക്കാരൻ മുറിച്ചുമാറ്റാതെ മറ്റെന്ത് ചെയ്യാനാണ്? ഉണങ്ങിയ ശാഖ മറ്റ് ഹരിതാഭ ശാഖയോടൊപ്പം നിന്ന് വെള്ളം വലിച്ചെടുക്കാം, പക്ഷേ അത് ഹരിതാഭമാകുകയില്ല. മറിച്ച് ആ ശാഖ മറ്റുള്ളതിനേയും നശിപ്പിക്കുന്നു. അതിനാൽ എന്നൊടൊപ്പം ഓടുക. സ്വയം ചികിത്സിക്കാത്തവർ എന്നോടൊപ്പം ഉണ്ടായിരിക്കില്ല.'

മുമ്പേ പലപ്പോഴും കേൾക്കുകയും വായിക്കുകയും ചെയ്തിട്ടുള്ള ഈ ഉദ്ധരണി ഏതാനും നാളുകളായി ജമാഅത്തിന്റെ പ്രവർത്തന നിലവാരത്തിന്റെ സമുദ്ധാരണത്തെ കുറിച്ചല്ലാതെ, മറ്റൊരു ചിന്തയും എന്നിൽ വന്നിട്ടില്ല എന്നത് മേൽ ഉദ്ധരണിയുമായി കൂട്ടി വായിക്കുക. അപ്പോൾ പ്രത്യേകമായ ഒരു ഒരസ്വസ്ഥത സംജാതമാകുന്നതാണ്.

എപ്പോഴാണ് ഒരാൾ സത്യവിശ്വാസി എന്ന് പറയപ്പെടുക എന്നതിനെ സംബന്ധിച്ച് പറയുന്നു: 'ഞാൻ തുറന്ന് പറയുകയാണ്. എല്ലാ കാര്യങ്ങളിലും അല്ലാഹുവിന് മുൻഗണന നൽകാത്തതുവരെ, ഞാൻ എന്റേത് തന്നെയാണെന്ന് ഹൃദയത്തിൽ കടന്ന് നോക്കാൻ കഴിയാത്തതുവരെ ഒരാൾ സത്യവിശ്വാസി എന്ന് പറയപ്പെടുന്നതല്ല. അങ്ങനെയുള്ള വ്യക്തി പൊതുജനങ്ങളുടെ മുന്നിൽ മുസ്ലിമോ വിശ്വാസിയോ ആയിരിക്കാം. തോട്ടിപ്പണിക്കാരനെ പോലും നമസ്കാരക്കാരനെന്നോ വിശ്വാസിയെന്നോ പറയുന്നതുപോലെ, എന്നാൽ اَسْلَمَ وَجْهَهُയെ സാക്ഷാത്കരിക്കുന്നവനാണ് മുസ്ലിം. وَجْهُ മുഖത്തിനാണ് പറയുന്നത്. എന്നാൽ, ഇത് അസ്തിത്വത്തേയും വ്യക്തിത്വത്തേയും സൂചിപ്പിക്കുന്നു. എല്ലാ കഴിവുകളും അല്ലാ ഹുവിന്റെ സവിധത്തിൽ സമർപ്പിക്കുമ്പോഴാണ് മുസ്ലിം എന്ന് പറയാൻ അർഹനായിത്തീരുന്നത്. എനിക്കോർമവരുന്നു, ഒരു മുസ്ലിം ഒരു യഹൂദിയെ ഇസ്ലാമിലേക്ക് ക്ഷണിച്ചു. ഇസ്ലാമിലേക്ക് ക്ഷണിക്കുന്ന മുസ്ലിം സ്വയം ദുഷ്ക്കർമങ്ങളിലും അപരാധങ്ങളിലും മുഴുകിയവനായിരുന്നു. യഹൂദി ആ ദുഷ്ക്കർമിയായ മുസ്ലിമിനോട് പറഞ്ഞു, 'നീ ആദ്യം സ്വയം നിന്നെ നോക്കുക.

മുസ്‌ലിം എന്ന് വിളിക്കപ്പെടുന്നു എന്നതിൽ അഹങ്കരിക്കരുത്. അല്ലാഹു ഇസ്‌ലാമിന്റെ അന്തസത്തയാണ് ആഗ്രഹിക്കുന്നത്. പേരോ വാക്കോ അല്ല.'

വീണ്ടും അദ്ദേഹം പറയുന്നു: 'കർമം ഇല്ലാത്തതുവരെ കേവലം വാക്കുകളോ സംസാരമോ പ്രയോജനപ്പെടുന്നതല്ല. വെറും വാക്കുകൾക്ക് അല്ലാഹുവിന്റെ പക്കൽ ഒരു സ്ഥാനവുമില്ല അല്ലാഹു പറയുന്നു, كَبُرَ مَقْتًا عِنْدَ اللّٰهِ اَنْ تَقُوْلُوْا مَا لَا تَفْعَلُوْنَ ۝

പറയുന്നു, ഇസ്‌ലാമിനെ സേവിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആദ്യം സ്വയം ഭയഭക്തിയും പരിശുദ്ധിയും കൈവരിക്കുക.

പറയുന്നു, صَابِرُوْا وَرَابِطُوْا ആലു ഇംറാനിലെ ആയത്താണിത്. ശത്രുക്കൾക്കെതിരിലുള്ള പോരാട്ടത്തിൽ അവർ അതിർത്തി ലംഘിക്കാതിരിക്കാൻ അതിർത്തിയിൽ കുതിരയെ കെട്ടേണ്ടത് അനിവാര്യമായതുപോലെ നിങ്ങളും സന്നദ്ധരായിരിക്കുക. ശത്രുക്കൾ അതിർത്തി ലംഘിച്ചുകൊണ്ട് ഇസ്‌ലാമിന് നഷ്ടം വരുത്താതിരിക്കുന്നതിന്. അഥവാ നിങ്ങൾ ഇസ്‌ലാമിനെ സഹായിക്കാനും സേവിക്കാനും ആഗ്രഹിക്കുന്നെങ്കിൽ ആദ്യം നിങ്ങൾ സ്വയം ഭയഭക്തിയും പരിശുദ്ധിയും കരസ്ഥമാക്കുക എന്ന് ഞാൻ മുമ്പേയും പറഞ്ഞിരുന്നു. അതിലൂടെ നിങ്ങൾ സ്വയം അല്ലാഹുവിന്റെ അഭയത്തിന്റെ കോട്ടയിൽ പ്രവേശിക്കുന്നതാണ്. ശേഷം നിങ്ങൾക്ക് സേവനത്തിനുള്ള സൗഭാഗ്യവും അർഹതയും ലഭിക്കുന്നതാണ്. ബാഹ്യമായി മുസ്‌ലീംകളുടെ ശക്തി എത്രത്തോളം ദുർബലമായിരിക്കുന്നുവെന്ന് നിങ്ങൾ കാണുന്നുണ്ടല്ലോ? സമുദായങ്ങൾ അവരുടെ വിദ്വേഷത്തിന്റേയും നിന്ദ്യതയുടേയും ദൃഷ്ടികളാണ് വീക്ഷിക്കുന്നത്. ഇന്ന് മുമ്പത്തേക്കാൾ അവസ്ഥ പരിതാപകരമാണെന്ന് നാം കാണുന്നു.'

പറയുന്നു, 'അഥവാ നിങ്ങളുടെ ആന്തരികശക്തിയും മനക്കരുത്തും ദുർബലവും ബലഹീനവുമായിത്തീരുകയാണെങ്കിൽ പിന്നെ എല്ലാത്തിന്റേയും അവസാനമാണെന്ന് കരുതുക. പരിശുദ്ധശക്തി പ്രവേശിക്കുന്ന തരത്തിൽ തങ്ങളുടെ ആത്മാവിനെ ശുദ്ധീകരിച്ചുകൊണ്ട് അവയെ അതിർത്തി കാക്കുന്ന കുതിരകളെപ്പോലെ ശക്തവും സുരക്ഷിതവുമാക്കിമാറ്റുക. അല്ലാഹുവിന്റെ അനുഗ്രഹം എപ്പോഴും ഭക്തരുടേയും സദ്‌വൃത്തരുടേയും കൂടെയാണുണ്ടായി

രിക്കുക. തങ്ങളുടെ ജീവിത രീതിയും ഇസ്ലാമിന് കളങ്കമുണ്ടാക്കുന്ന തരത്തിലുള്ളതാകരുത്. ദുഷ്കർമികളും ഇസ്ലാമിക അധ്യാപനത്തെ പ്രാവർത്തികമാക്കാത്ത മുസ്ലിംകളും കാരണം ഇസ്ലാം കളങ്കപ്പെടുന്നു. ഒരു മുസ്ലിം മദ്യപിച്ച് അവിടേയും ഇവിടേയും ഛർദ്ദിച്ച് നടക്കുന്നു. തലപ്പാവ് കഴുത്തിലായിരിക്കും, തോടുകളിലും ഓടകളിലും വീണുകിടക്കുന്നു. പോലീസിന്റെ തല്ലുകൊള്ളുന്നു. ഹിന്ദുക്കളും ക്രിസ്തീയരും അവരെ നോക്കി പരിഹസിക്കുന്നു. അവന്റെ അത്തരം ശരീഅത്ത് വിരുദ്ധമായ പ്രവർത്തനങ്ങൾ അവനെ മാത്രമല്ല പരിഹാസ പാത്രമാക്കുന്നത്. മറിച്ച് പരോക്ഷമായി അതിന്റെ ശക്തി ഇസ്ലാമിലും പതിക്കുന്നു. എനിക്ക് അത്തരത്തിലുള്ള വാർത്തകളും തടവറകളിലെ റിപ്പോർട്ടുകളും വായിക്കുമ്പോൾ വളരെ വിഷമം ഉണ്ടാകുന്നു. ദുഷ്ക്കർമം കാരണത്താൽ ഇത്രത്തോളം മുസ്ലീംകൾ ശിക്ഷാർഹരായി മാറുന്നത് കാണുമ്പോൾ മനസ്സ് അസ്വസ്ഥമാകുന്നു. കാരണം നേർവഴി അറിയാവുന്ന ഇവരുടെ ദുഷ്ക്കർമങ്ങളുടെ ഫലമായി അവർക്ക് മാത്രമല്ല നഷ്ടം വരുത്തിവെക്കുന്നത് മറിച്ച്, ഇസ്ലാമിനേയും പരിഹാസ പാത്രമാക്കുന്നു. മുസ്ലീംകൾ മുസ്ലിം എന്ന് പറയപ്പെട്ടുകൊണ്ട് അവർക്കു മാത്രമല്ല മറിച്ച് ഇസ്ലാമിനേയും സംശയത്തിലകപ്പെടുത്തുന്നതിന് കാരണമായ നിഷിദ്ധകാര്യങ്ങളിലും വിരോധിക്കപ്പെട്ട കാര്യങ്ങളിലും മുഴുകുന്നു എന്നതാണ് ഞാൻ പറഞ്ഞതിന്റെ അർഥം. അതിനാൽ നിഷേധികൾക്ക് പോലും നിങ്ങളുടെമേൽ (അത് യഥാർഥത്തിൽ ഇസ്ലാമിന് മേലാണ്) ആക്ഷേപം ഉന്നയിക്കുന്നതിനുള്ള അവസരം ലഭിക്കാത്ത തരത്തിലുള്ള ജീവിതരീതിയും പെരുമാറ്റവും സ്വായത്തമാക്കുക.

ഇതാണ് നമ്മൾ കരസ്ഥമാക്കാൻ ശ്രമിക്കേണ്ട നിലവാരം. അതിന് പരിശ്രമിക്കേണ്ടതാണ്. ഭയഭക്തി സ്വീകരിക്കുകയും, സ്വന്തം കർമങ്ങളെ സംസ്കരിക്കുകയും സ്വന്തം വിശ്വാസത്തിന്റെ നിലവാരം ഉയർത്തുകയും ചെയ്യുക എന്നത് നിസാരകാര്യമല്ല. നമ്മൾ കാലഘട്ടത്തിന്റെ ഇമാമിനെ വിശ്വസിച്ചിരിക്കുന്നു. അതിനാൽ അദ്ദേഹത്തിന്റെ പ്രതീക്ഷകളെ പൂർണമായും പൂർത്തിയാക്കുന്നവരാകുന്നതിന് ശ്രമിക്കേണ്ടതാണ്. നിസാരമായ നന്മകൾപോലും ചെയ്യാൻ ശ്രമിക്കേണ്ടതാണ്. എല്ലാ തിന്മകളോടും പൂർണമായും വെറുപ്പ് പ്രകടിപ്പിക്കേണ്ടതാണ്. സ്നേഹവും സാഹോദര്യവും

വർധിപ്പിക്കേണ്ടത് അനിവാര്യമാണ്. പരസ്പരം സഹായികളായി മാറേണ്ടതാണ്. അപ്പോൾ മാത്രമെ നമ്മൾ ബയ്അത്തിന്റെ കടമകൾ പൂർത്തിയാക്കുന്നവരായിത്തീരുകയുള്ളൂ. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ.

## KARMASAMSKARANATHEYKKURICHULLA ULKRSHTA UPADHESHANGAL (MALAYALAM)

This booklet is Malayalam rendering of Urdu book Islahe A'mal ke muthalliq Zarreen Nasaih a series of Friday Sermons by Hadhrat Mirza Masroor Ahmad(atba) , Khalifatul Masih V from 2013 November to 2014 February.

It mainly stresses the importance of self reformation & practical reformation. Huzoor invites the attention of all Jama'at members especially Murabbis, Mua'lims and all the office bearers to their duties and responsibilities in this regard.

- Publishers